# സർക്കുലർ

***Circular Letter No. 01/2018***
***Prot. No. 20411/2017***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീ സഹോദരന്മാരേ,

2018 ജനുവരി മാസം മുതൽ നമ്മുടെ രൂപതയിൽ കുടുംബ കൂട്ടായ്മ രൂപം കൊള്ളുകയാണ്. കേരളത്തിലെ എല്ലാ രൂപതകളിലും ഇതിനോടകം ഇത് രൂപപ്പെട്ടുകഴിഞ്ഞു. ആദിമ ക്രൈസ്തവ സമൂഹ ത്തിന്റെ വിശ്വാസ ചൈതന്യത്തിലേക്കും ജീവിത ശൈലിയിലേക്കും ഇന്നത്തെ ക്രൈസ്തവ സമൂഹത്തെ തിരികെ കൊണ്ടുവരാനും, വിശ്വാസത്തിനും, സഹോദര്യത്തിനും, ബന്ധങ്ങൾക്കും സർവ്വോപരി ധാർമ്മിക മൂല്യങ്ങൾക്കും വിലകൽപ്പിക്കുന്ന സമൂഹത്തെ രൂപപ്പെടു ത്തുകയുമാണ് ഇതിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. സമൂഹത്തെ രൂപപ്പെ ടുത്തുന്നത് കുടുംബമാണ്. കാരണം അവിടെയാണ് ബന്ധങ്ങൾ ആരംഭിക്കുന്നതും നിലനിൽക്കുന്നതും, സാമൂഹീകരണം നേടുന്നതും വിശ്വാസമാർജ്ജിക്കുന്നതും. അതുകൊണ്ടാണ് 'ദൈവത്തിന്റെ സർഗ്ഗാ ത്മക പ്രവർത്തനങ്ങളുടെ ദൃശ്യമായ അടയാളം'എന്ന് ഫ്രാൻസിസ് മാർപാപ്പ കുടുംബത്തെ വിശേഷിപ്പിക്കുന്നത്(സ്നേഹത്തിന്റെ സന്തോഷം 10). കുടുംബത്തിൽ നിലനിൽക്കുന്ന ഈ കൂട്ടായ്മ വിശ്വാസ സമൂഹത്തിലും പ്രത്യേകിച്ച് ഇടവകാ തലത്തിലും അതിലൂടെ രൂപത യിലും സഭ മുഴുവനിലേക്കും വ്യാപിപ്പിക്കുക എന്നത് നാമോരോരു ത്തരും ഏറ്റെടുക്കേണ്ട ക്രൈസ്തവ ധർമ്മമാണ്.

മനുഷ്യൻ ഇന്ന് ഒരു തരം 'സ്വദേഹപ്രേമത്തലാണ്' (Narcissim) ജീവിക്കുന്നത്. തങ്ങൾക്കപ്പുറം നോക്കാനോ സ്വന്തം ആഗ്രഹങ്ങൾക്കും ആവശ്യങ്ങൾക്കുമപ്പുറം ചിന്തിക്കാനോ മനുഷ്യന് സാധിക്കുന്നില്ല. 'സഹോദരനെ സ്നേഹിക്കുന്ന നല്ല അയൽക്കാരനാകാൻ സാധി ക്കുന്നില്ല'(ലൂക്ക 10:37). ആൾക്കൂട്ടത്തിൽ എല്ലാവരും ഒറ്റയ്ക്കാവുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഇതാണ് ഏറ്റവും വലിയ ദാരിദ്ര്യമെന്നാണ് പരിശുദ്ധ ബനഡിക്ട് 16–ാമൻ പാപ്പ സത്യത്തിൽ സ്നേഹമെന്ന ചാക്രിക ലേഖനത്തിലൂടെ ഓർമ്മപ്പെടുത്തിയത്. അതിനാൽ പരസ്പരാ ശ്രയത്തിന്റെയും സഹായത്തിന്റെയും സ്വാന്ത്വനത്തിന്റെയും വേദികൾ

പുനഃസൃഷ്ടിക്കപ്പെടേണ്ടതുണ്ട്. അതാണ് കുടുംബകൂട്ടായ്മയിലൂടെ ലക്ഷ്യമിടുന്നത്.

പങ്കാളിത്ത മനോഭാവത്തോടെ സഭാ ദൗത്യങ്ങളിൽ പങ്കുചേരാൻ സഭാംഗങ്ങൾക്കെല്ലാം അവസരം ലഭിക്കുന്ന വേദികളാണ് കുടുംബ കൂട്ടായ്മകൾ. സഭയുടെ ഏറ്റവും ചെറിയ കോശമാണത്. ക്രിസ്തുവിന്റെ സഭയുടെ എല്ലാ മൗലിക ഘടകങ്ങളും അതിൽ ഉൾച്ചേർന്നിരിക്കുന്നു. അങ്ങേയറ്റം ലളിതവും വളരെയേറെ ഫലപ്രദവുമായ രീതിയിൽ ദൈവരാജ്യ സംസ്ഥാപനത്തിന് പങ്കാളിത്വത്തിലും സാഹോദര്യത്തിലും ഊന്നിയ വ്യക്തമായ സാക്ഷ്യം നൽകാൻ കഴിയുന്ന വേദിയാണത്. അതുകൊണ്ട് ദൈവരാജ്യ നിർമ്മിതി, ദൈവത്തിന്റെ രൂപവും ഛായയുമുള്ള സകലരുടെയും കടമയാണ്. മാമ്മോദീസായിലൂടെ ഇത് ഓരോ വിശ്വാസിയുടെയും കടമയും ദൗത്യവുമായി തീരുന്നു. കുടുംബങ്ങളിൽ ആരംഭിച്ച് കുടുംബ കൂട്ടായ്മയിൽ ഉൾചേർന്ന് ഇടവകയാകുന്ന വലിയ കുടുംബത്തിൽ പങ്കാളിത്വത്തിന്റെയും സാഹോദര്യത്തിന്റെയും വക്താക്കളായി ഫൊറോനാ രൂപതാതലം വരെയും വളർന്ന് സഭയിലൂടെ ദൈവരാജ്യ നിർമ്മിതിക്ക് അത്മായ നേതൃനിരയെ പ്രാപ്തരാക്കുവാൻ സാധിക്കുമാറുള്ള ഘടനയാണ് കുടുംബക്കൂട്ടായ്മയിലൂടെ നമ്മുടെ രൂപതയിൽ നിലവിൽ വരാൻ പോകുന്നത്.

ക്രിസ്തുസാക്ഷ്യം കുടുംബ കൂട്ടായ്മയിലൂടെ എന്ന ആദർശ വാക്യമാണ് നമ്മുടെ രൂപതയിൽ നാം തിരഞ്ഞെടുത്തിരിക്കുന്നത്. 15 മുതൽ 20 വരെ കുടുംബങ്ങൾ ഉൾക്കൊള്ളുന്ന ചെറുസമൂഹങ്ങളായി ഓരോ ഇടവകയിലേയും കുടുംബങ്ങളെ തിരിച്ച് കുടുംബ യൂണിറ്റ് നിലവിൽ വരുന്നതോടെ നിലവിലുള്ള 'വാർഡ്' സംവിധാനം ഇല്ലാതാകും. ഓരോ കുടുംബ യൂണിറ്റിനും പേരും, അതിർത്തികളും, ഭാരവാഹികളും വേണം. യൂണിറ്റിലെ അംഗങ്ങളെ നാല് ഗണങ്ങളായി തിരിച്ച് പിതാക്കൻമാരുടെ പ്രതിനിധിയായി പ്രസിഡന്റിനെയും അമ്മമാരുടെ പ്രതിനിധിയായി വൈസ് പ്രസിഡന്റിനെയും യുവജനങ്ങളുടെ പ്രതിനിധിയായി ട്രഷററെയും കുട്ടികളുടെ ആനിമേറ്ററായി ഒരു വേദപാഠ/ സ്കൂൾ അദ്ധ്യാപികയെ സെക്രട്ടറിയായും തിരഞ്ഞെടുക്കണം. ഇവരിൽ രണ്ടുപേർ വീതം പുരുഷൻമാരും വനിതകളുമായിരിക്കണം. ഇവർ നാല് പേരും ഇടവക പ്രതിനിധിയോഗത്തിൽ അംഗങ്ങളായിരിക്കും. യൂണിറ്റ് തലത്തിൽ പ്രവർത്തിക്കാൻ കുട്ടികളിൽ നിന്ന് ഒരാളെ 'കുട്ടിക്കൂട്ടം' പ്രസിഡന്റായും തിരഞ്ഞെടുക്കണം. ഇടവക കമ്മിറ്റിയിൽ വിവിധ ഉപസമിതികൾ രൂപികരിച്ച് അവയ്ക്ക് കൺവീനർമാർ ഉണ്ടാകുകയും, വികാരി, കൈക്കാരൻമാർ, ഉപസമിതി കൺവീനർമാർ, സൺഡേ

സ്കൂൾ ഹെഡ്മാസ്റ്റർ, സന്യസ്തരുടെ പ്രതിനിധി എന്നിവർ ഉൾക്കൊള്ളുന്ന സ്റ്റാൻഡിംഗ് കമ്മിറ്റി എന്ന സംവിധാനം നിലവിൽ വരികയും ചെയ്യും. ഇടവകാ പ്രതിനിധിയോഗം പ്രതിമാസം സമ്മേളിക്കുന്നതിന് മുമ്പായി സ്റ്റാൻഡിംഗ് കമ്മിറ്റി ചേർന്ന് അജണ്ട നിശ്ചയിക്കേണ്ടതാണ്. ഇടവക പ്രതിനിധിയോഗം ഇടവകയിൽ പ്രധാനപ്പെട്ട ആലോചന സമിതിയാണ്. ആയതിനാൽ കുടുംബ കൂട്ടായ്മ യൂണിറ്റുകളുടെ റിപ്പോർട്ട് അവതരണങ്ങളും ചർച്ചകളും തീരുമാനങ്ങളും കൈക്കൊള്ളാൻ ആവശ്യമായ സമയവും ലഭിക്കത്തക്കവിധം രണ്ടാം ശനിയാഴ്ച്ച പോലുള്ള ഒഴിവ് ദിവസങ്ങളിൽ ഇടവക പ്രതിനിധിയോഗം ക്രമീകരിക്കേണ്ടതാണ്. കൂടുതൽ വിശദാംശങ്ങൾ കുടുംബകൂട്ടായ്മ നിയമാവലിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇടവക കമ്മിറ്റിയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പിതാക്കൻമാരുടെ, മാതാക്കളുടെ, യുവാക്കളുടെ പ്രതിനിധികൾ, കുട്ടികളുടെ ആനിമേറ്റർമാർ എന്നിവരായിരിക്കും ഫൊറോന കൗൺസിൽ പ്രതിനിധികൾ. ഫൊറോനകളിൽ നിന്ന് ഇതേ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്നവർ രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായിരിക്കും.

ഇടവകയിൽ വികാരിയും, ഫൊറോനയിൽ ഫൊറോനാ വികാരിയും രൂപതയിൽ മെത്രാനുമായിരിക്കും ചെയർമാൻമാർ. രൂപതയിൽ മെത്രാൻ നിയമിക്കുന്ന വൈദികൻ ആ സംവിധാനത്തിന്റെ രൂപതാ ഡയറക്ടർ ആയിരിക്കും. ബഹു. പോൾ വാഴപ്പിള്ളി അച്ചനെയാണ് ഈ സ്ഥാനത്തേക്ക് ഇപ്പോൾ നിയമിച്ചിട്ടുള്ളത്. ബഹു. അനീഷ് കാട്ടാംകോട്ടിൽ അച്ചൻ അസ്സോസിയേറ്റ് ഡയറക്ടറും ആയിരിക്കും. രൂപതാ പാസ്റ്ററൽ കൗൺസിൽ ആയിരിക്കും കുടുംബ കൂട്ടായ്മകളുടെ രൂപതാതല സമിതി.

എല്ലാ മാസത്തിലും ഒരിക്കൽ മുടങ്ങാതെ കുടുംബ കൂട്ടായ്മകൾ ചേരണം. കുടുംബത്തിലെ മുഴുവൻ അംഗങ്ങളും ഇതിൽ സംബന്ധിക്കണം. പ്രാർത്ഥന, പൊതു ചർച്ച, പഠനങ്ങൾ, കലാപരിപാടികൾ സ്നേഹവിരുന്ന് എന്നിവ ഇതിന്റെ ഭാഗമായിരിക്കും. സാധ്യമായ ഇടവകകളിൽ ഓരോ കൂട്ടായ്മകൾക്കും സിസ്റ്റർ/ സന്യസ്തർ എന്നിവരെ ആനിമേറ്റർമാരായി നൽകാവുന്നതാണ്. കൂടാതെ യൂണിറ്റുകളെ സഹായിക്കാൻ ഇടവകയിൽ ഒരു റിസോഴ്സ് ഗ്രൂപ്പും രൂപികരിക്കേണ്ടതാണ്. കുടുംബ യൂണിറ്റ് മീറ്റിംഗിൽ ഇടവകാ സ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുന്ന വിഷയങ്ങളും പൊതുനന്മയ്ക്കുപകരിക്കുന്ന മറ്റു പ്രധാനപ്പെട്ട വിഷയങ്ങളും ചർച്ച ചെയ്യുകയും അവയുടെ റിപ്പോർട്ട് ഇടവക പ്രതിനിധി യോഗത്തിൽ അവതരിപ്പിക്കുകയും വേണം. ഇത്തരത്തിൽ ഇടവക മുതൽ രൂപതവരെയുള്ള പരസ്പര ബന്ധിതമായ സംവിധാനമാണ്

നമ്മൾ മുന്നിൽ കാണുന്നത്. രൂപതയിൽ നടപ്പാക്കപ്പെടുന്ന പൊതു പരിപാടികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുക, ഉപവി പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളെ കണ്ടെത്തുക, സർക്കാർ സഹായങ്ങൾ, സ്കോളർഷിപ്പുകൾ, വായ്പ്പാസൗകര്യങ്ങൾ, ന്യൂനപക്ഷ ആനുകൂല്യങ്ങൾ, കാർഷിക ഉൽപ്പന്നവിപണന സാധ്യതകൾ തുടങ്ങിയവ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുക എന്നിവ കുടുംബ കൂട്ടായ്മകളുടെ ലക്ഷ്യമാകണം. ശരിയായ നടത്തിപ്പിനായി ആവശ്യമായ പരിശീലനങ്ങൾ ഓരോതലത്തിലും നൽകുന്നതിനുള്ള റിസോഴ്സ് ടീമും മറ്റ് സംവിധാനങ്ങളും ഒരുക്കി വരുന്നുണ്ട്.


2018 ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ യൂണിറ്റ്, ഇടവകാ തലങ്ങളിലും മെയ് മാസം ഫൊറോനാ തലത്തിലും കുടുംബ കൂട്ടായ്മ സമിതികൾ രൂപികരിക്കേണ്ടതാണ്. മെയ് മാസത്തിൽ രൂപതാ തലത്തിൽ ഉദ്ഘാടനം നടത്താമെന്ന് പ്രതീക്ഷിക്കുന്നു. കൈക്കാരൻമാരെ നിശ്ചയിക്കാനായി ഓരോ കൂട്ടായ്മയും ഒരു വ്യക്തിയുടെ പേര് നിർദ്ദേശിക്കുകയും ഇങ്ങനെ ലഭിക്കുന്ന പേരുകൾ ഉൾപ്പെട്ട പാനലിൽ നിന്ന് നാല് പേരെ പൊതുയോഗം കൈക്കാരൻമാരായി തെരഞ്ഞെടുക്കുകയുമാണ് വേണ്ടത്. ഇവർക്ക് പ്രത്യേക പരിശീലനം നൽകുന്നതാണ്.

കുടുംബ കൂട്ടായ്മകളുടെ സുഗമമായ നടത്തിപ്പിനായി രൂപതാ തലത്തിൽ തയ്യാറാക്കിയിരിക്കുന്ന നിയമാവലി അനുസരിച്ചായിരിക്കണം ഓരോ ഘടകവും പ്രവർത്തിക്കേണ്ടത്. എന്തെങ്കിലും മാറ്റം അനിവാര്യമായി വന്നാൽ ഇടവക വികാരി ഇടവകാ പ്രതിനിധിയോഗത്തിൽ ആലോചിച്ചശേഷം രൂപതാ മെത്രാനിൽ നിന്നും അനുവാദം വാങ്ങി നടപ്പിലാക്കാവുന്നതാണ്.

ദൈവത്തിന്റെ സ്നേഹത്തിൽ നിന്നും ജ്ഞാനത്തിൽ നിന്നും സൃഷ്ടിക്കപ്പെട്ട് പ്രപഞ്ചത്തിന്റെ നന്മയും മനോഹാരിതയും (പ്രപഞ്ചത്തിന്റെ ആദിമവിശുദ്ധി) സംരക്ഷിക്കാൻ മനുഷ്യനെ ദൈവം ചുമതലപ്പെടുത്തിയെന്നും അത് ഏകനായിരുന്നുകൊണ്ട് സാധ്യമല്ലെന്നും വി. ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നുണ്ട് (ഉൽ 2:18). ആദിമ സഭയിൽ ആരും തങ്ങൾക്ക് മാത്രമായി സ്വത്തുക്കൾ സമ്പാദിച്ചിരുന്നില്ല. അവർ പങ്കുവെച്ചും പൊതുവായി കരുതിയുമാണ് ജീവിച്ചിരുന്നത് (അപ്പ 2:43 –47). അതിനാൽ വിശുദ്ധിയുടെ വീണ്ടെടുപ്പും, സാഹോദര്യപരമായ പങ്കുവെയ്പ്പും സഭാ വിശ്വാസ കൂട്ടായ്മയുടെ വളർച്ചയും ആർജിക്കാൻ ദൈവം നമ്മളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ. അതിനായി നാം

വിഭാവനം ചെയ്യുന്ന  കുടുംബ കൂട്ടായ്മകളുടെ രൂപീകരണത്തിനും, വിജയകരമായ പ്രവർത്തനത്തിനും വേണ്ടി മുഴുവൻ ദൈവജനവും തങ്ങളുടെ വികാരിമാരോട് സഹകരിക്കണമെന്ന് അറിയിക്കുന്നു. കൂടാതെ നമ്മുടെ രൂപതയിലെ മുഴുവൻ വൈദികരും, സന്യസ്തരും ആത്മാർത്ഥമായ സഹകരണം പ്രദാനം ചെയ്യുമെന്നും ഞാൻ വിശ്വസിക്കുന്നു. ഏവർക്കും അനുഗ്രഹപ്രദമായ പുതുവത്സരം നേരുന്നു. കർത്താവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2017 ഡിസംബർ മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2018 ജനുവരി മാസം 14–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# ഇടയലേഖനം

***Pastoral Letter No. 01/2018***
***Prot. No.20774/2018***

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും പ്രത്യേകമായി കൈക്കാരന്മാർ, ഇടവക പൊതുയോഗാംഗങ്ങൾ, പ്രതിനിധിയോഗാംഗങ്ങൾ, വിശ്വാസപരിശീല കാദ്ധ്യാപകർ, സംഘടനാഭാരവാഹികൾ, കുടുംബകൂട്ടായ്മാ ഭാരവാഹികൾ എന്നിവർക്ക് എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നിങ്ങൾക്കെല്ലാവർക്കും നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും. നമ്മുടെ കർത്താവിന്റെ പീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും ഉയിർപ്പിന്റെയും ഓർമ്മയാചരിച്ചിട്ട് അധികം ദിവസങ്ങൾ ആയില്ലല്ലോ. കർത്താവിന്റെ കൈ പിടിച്ച് ഈ ലോകത്തിലൂടെ നടന്നാലേ ഉയിർപ്പിന്റെ ജീവിതം ആസ്വദിക്കാൻ പറ്റുകയുള്ളു എന്നും അതിനായി അവിടുന്ന് കടന്നുപോയ വഴികളിലൂടെ തന്നെ നമ്മളും കടന്നുപോകണം എന്നും അതിലൂടെ നമ്മെ ഓർമ്മിപ്പിച്ചു. വി. യോഹന്നാൻ നമ്മെ അനുസ്മരിപ്പിക്കുന്നു: "അവനിൽ വസിക്കുന്നു എന്ന് അവകാശപ്പെടുന്ന എല്ലാവരും അവൻ നടന്ന വഴിയിലൂടെ നടക്കണം" (1 യോഹ. 2:6).

സഭാസമൂഹത്തിന്റെ ലക്ഷ്യം ഈ ലോകത്തിലൂടെ നടന്ന് സ്വർഗ്ഗത്തിൽ അഥവാ സ്വർഗ്ഗപിതാവിന്റെ സന്നിധിയിൽ നമ്മൾ എത്തുക എന്നതാണ്. സ്വർഗ്ഗപിതാവിന്റെ സന്നിധിയിൽ നാം ഓരോരുത്തരും തനിയെ എത്തിയാൽ മതിയോ? അല്ലെങ്കിൽ നമ്മുടെ ഓരോരുത്തരുടെയും വ്യക്തിപരമായ സ്വർഗ്ഗപ്രാപ്തി മാത്രം ലക്ഷ്യമാക്കിയാണോ കർത്താവ് ഈ ലോകത്തിലേയ്ക്ക് വന്നത്? കർത്താവ് വന്നത് ഈ ലോകത്തെ തന്നെ രക്ഷിച്ച് സ്വർഗ്ഗപിതാവിന്റെ സന്നിധിയിൽ എത്തിക്കാനാണ്. അതുകൊണ്ടാണല്ലോ ഈശോയെ ലോകരക്ഷകൻ എന്ന് വിളിക്കുന്നത്.

ഇന്ന് കർത്താവ് മനുഷ്യരൂപത്തിൽ നമ്മോടൊപ്പമില്ല. ഈശോയുടെ മൗതികശരീരം എന്ന് പൗലോസ് ശ്ലീഹാ വിളിക്കുന്ന സഭയാണ്,

ഇന്ന് ലോകത്തിലുള്ളത്. അതിന്റെ ശിരസ്സ് ഈശോയാണ്. ഹൃദയം കൂദാശാരൂപത്തിലുള്ള ഈശോയാണ് എന്ന് പറയാം. ശരീരവും അവയവങ്ങളും നമ്മളാണ്. അതായത് ഇന്ന് ലോകത്തെ രക്ഷിക്കാനുള്ള ഉത്തരവാദിത്വം ഈശോയുടെ ശിഷ്യരായ നമുക്കാണ്. അതിനുള്ള മാർഗ്ഗം കാണിച്ചു തന്നിട്ട് ഈശോ തന്റെ മനുഷ്യരൂപം ഉപേക്ഷിച്ച് സ്വർഗ്ഗപിതാവിന്റെ പക്കലേക്ക് തിരികെ പോയി. ഇനി ഇപ്പോഴുള്ള ക്രൈസ്തവരാണ്, ആ വഴിയിലൂടെ നടന്ന് ലോകത്തെ രക്ഷിക്കേണ്ടത്. അത് മാത്രമേ ഈ ലോകത്തെ രക്ഷിക്കാൻ മാർഗ്ഗമായുള്ളു എന്ന് ലോകത്തെ കാണിച്ചുകൊടുക്കേണ്ടത് നമ്മളാണ്. "നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ.5:48). എന്നാണ് ഈശോ നമ്മളെ ഉദ്ബോധിപ്പിക്കുന്നത്. പരിപൂർണ്ണരാകുക എന്നാൽ നമ്മൾ എന്തിനായി ക്രിസ്ത്യാനികളായോ ആ ഉദ്ദേശ്യം നടപ്പാക്കാനുള്ള യോഗ്യത നേടുക എന്നാണർത്ഥം. അതായത് സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെയും അവിടുത്തെ പുത്രനായ ഈശോയെപ്പോലെയും ഈ ലോകത്തിന്റെ രക്ഷയിൽ താല്പര്യവും പ്രതിബദ്ധതയും ഉള്ളവരാകുക എന്ന് പറയാം. നമ്മുടെ സാക്ഷ്യം മൂലം എല്ലാവരും കർത്താവിന്റെ വഴിയിലേക്ക് ആകർഷിക്കപ്പെട്ട് അവിടുത്തെ മൗതികശരീരത്തിലെ യോഗ്യരായ അംഗങ്ങളാകുമ്പോൾ ഈ ലോകം തന്നെ രക്ഷിക്കപ്പെടും, ഇവിടം സ്വർഗ്ഗസമാനമാകും. അപ്പോൾ ഈ ലോകം രക്ഷിക്കപ്പെട്ടു എന്ന് പറയാം. അങ്ങനെ രക്ഷിക്കപ്പെട്ട ജനങ്ങൾ മരിച്ച് കഴിയുമ്പോൾ ആ രക്ഷ നിത്യമാകുന്നു. പിന്നെ അതിന് അവസാനമില്ല.

എന്താണ് കർത്താവിന്റെ മാർഗ്ഗമെന്ന് പറയുന്നത്? അതറിയാൻ ഈശോയെ അറിയണം. കാരണം "ഏകസത്യദൈവമായ അവിടുത്തേയും അവിടുന്നയച്ച ഈശോമിശിഹായേയും അറിയുക എന്നതാണ് നിത്യജീവൻ" (യോ 17:3). അവൻ ദരിദ്രർക്കും അഗതികൾക്കും ന്യായം നടത്തിക്കൊടുത്തു. അന്ന് എല്ലാം നന്നായിരുന്നു. എന്നെ അറിയുക എന്നാൽ ഇത് തന്നെയല്ലെ എന്ന് കർത്താവ് അരുളിച്ചെയ്യുന്നു (ജറ.22:16). വിശുദ്ധ ഗ്രന്ഥം നന്നായി വായിച്ചാൽ ഈശോയുടെ വഴികളെപ്പറ്റി അറിയാം. അവിടുന്ന് പറഞ്ഞതും പഠിപ്പിച്ചതും ചെയ്തതുമായ കാര്യങ്ങളുടെ ഒരു സമാഹാരമാണ് വിശുദ്ധ ഗ്രന്ഥത്തിലെ പുതിയ നിയമം. അപ്പോൾ പഴയനിയമം എന്താണ്? ഈശോയെന്ന രക്ഷകന്റെ വരവിനായി ഒരു ജനതയെ എപ്രകാരം ഒരുക്കി എന്നതിന്റെ വിവരണമാണ് പഴയനിയമം. നമ്മിൽ കുടികൊള്ളുന്ന രക്ഷകന് യോജിക്കാത്ത എല്ലാ ഘടകങ്ങളെയും നിർമ്മാർജ്ജനം ചെയ്ത് അവിടുത്തേക്ക് ജനി

ക്കാനുള്ള സ്ഥലങ്ങളായി നമ്മളെ എപ്രകാരം മാറ്റണം എന്ന് പഴയനിയമം നമുക്ക് പറഞ്ഞുതരുന്നു. അതിലുള്ളതെല്ലാം നമ്മൾ ക്രൈസ്തവർ അതേപടി സ്വീകരിക്കാൻ വേണ്ടിയല്ല. പഴയനിയമം ഉദ്ധരിച്ചിട്ട് കർത്താവ് പലപ്പോഴും പറയുന്നുണ്ട്: നിങ്ങൾ കേട്ടിട്ടുണ്ട്......... എന്നാൽ ഞാൻ പറയുന്നു. അതായത് പുതിയ നിയമം പഴയനിയമത്തിന്റെ പൂർത്തീകരണമാണ്. കർത്താവ് എന്തെല്ലാം പഴയനിയമത്തിൽ നിന്ന് സ്വീകരിച്ചോ അതെല്ലാമാണ് നമ്മളും സ്വീകരിക്കേണ്ടത്.

എന്തെല്ലാം സ്വീകരിച്ചു എന്നറിയാൻ പുതിയ നിയമം മാത്രം വായിച്ചാൽ പോരാ. അതിന് സഭാപാരമ്പര്യവും തിരിച്ചറിയണം. കാരണം കർത്താവ് പറഞ്ഞതും പഠിപ്പിച്ചതുമായ എല്ലാ കാര്യങ്ങളും പുതിയ നിയമത്തിലില്ല വി. യോഹന്നാൻ തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട് (യോഹ. 20:30). ഇത് തന്നെ പൗലോസ് ശ്ലീഹായും ആവർത്തിക്കുന്നുണ്ട് (2 തെസ. 2:15; 2 തെസ. 2:2; 3:6; തീത്തോസ് 1:9). ആ പാരമ്പര്യമാകട്ടെ നമുക്ക് കൈമാറിക്കിട്ടിയിട്ടുള്ളത് ഇന്ന് വിവിധ റീത്തുകൾ എന്നറിയപ്പെടുന്ന പ്രക്രിയയിലൂടെയാണ്. അതുകൊണ്ടാണ് ഓരോ സഭയുടെയും പാരമ്പര്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് സഭാപ്രബോധനം അനുശാസിക്കുന്നത്. കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി നമ്മൾക്ക് കൈമാറിക്കിട്ടിയിട്ടുള്ളവയാണ് അവ.

അന്ത്യത്താഴസമയത്ത് അപ്പമെടുത്ത് മുറിച്ച് ശിഷ്യന്മാർക്ക് കൊടുത്തിട്ട് ഈശോ അരുളിച്ചെയ്തു ഇതെന്റെ ശരീരമാകുന്നു. നിങ്ങളെല്ലാവരും ഇതിൽ നിന്ന് വാങ്ങി ഭക്ഷിക്കുവിൻ. വീണ്ടും അവിടുന്ന് അരുളിച്ചെയ്തു: എന്റെ നാമത്തിൽ നിങ്ങൾ ഒരുമിച്ച് കൂടുമ്പോഴെല്ലാം ഇത് ചെയ്യുവിൻ. ഇതനുസരിച്ചാണ് സഭയിൽ അപ്പം മുറിക്കൽ ശുശ്രൂഷ ആരംഭിച്ചത്. അപ്പം മുറിക്കൽ ശുശ്രൂഷക്കായി കുടുംബങ്ങൾ ഒരുമിച്ച് കൂടുക എന്നത് ആദ്യനൂറ്റാണ്ടുകളിൽ തന്നെ തുടങ്ങിയ ഒരു പാരമ്പര്യമാണ്. (നടപടി 2:41–42). പെസഹാവ്യാഴാഴ്ച കുടുംബാംഗങ്ങൾ ഒരുമിച്ച് കൂടി അപ്പം മുറിക്കുന്ന നമ്മുടെ പതിവ് അതിന്റെ തുടർച്ചയാണ്. മാത്രമല്ല, സ്വന്തം വീട്ടിലെ അപ്പം മുറിക്കലിന് ശേഷം നമ്മൾ ബന്ധുവീടുകളിലും അയൽ വീടുകളിലും അപ്പം മുറിക്കൽ ചടങ്ങിൽ പങ്കെടുക്കുന്നതും പതിവാണ്. ഈ പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിലാണ് അത് പള്ളികളിൽ നടത്തുന്നത് ഉചിതമല്ല എന്ന് പറയുന്നത്. പള്ളിയിലെ അപ്പം മുറിക്കൽ കർത്താവ് നടത്തിയ അപ്പം മുറിക്കൽ ശുശ്രൂഷയുടെ സമൂഹപരവും കൂദാശപരവുമായ ആവർത്തനമാണ്. അതവിടുത്തെ ബലിയുടെ പുനരാവിഷ്ക്കാരമാണ്. അതിന് കർത്താവിന്റെ സ്ഥാനത്തുള്ള പുരോഹിതൻ തന്നെ നേതൃത്വം കൊടുക്കുന്നു. ആ ബലിയിൽ

പങ്കെടുത്തവരും ബലിവസ്തുവിൽ നിന്ന് ഭക്ഷിച്ചവരും ഒറ്റ ശരീരമായി ത്തീരുന്നു. ശരീരത്തിലെ അവയവങ്ങൾക്ക് പരസ്പരം കരുതൽ ഉള്ള തുപോലെ ഈശോയുടെ മൗതികശരീരത്തിലെ അവയവങ്ങളും പര സ്പരം കരുതലുള്ളവരാകണം. ഞാനെന്റെ സഹോദരന്റെ കാവൽക്കാ രനാകണം.

അപ്പംമുറിക്കലിൽ പങ്കെടുത്തവരുടെ മനോഭാവം എന്തെന്ന് നമ്മൾ കൃത്യമായി മനസ്സിലാക്കേണ്ടത് ആവശ്യമാണ്. അവർ അപ്പ സ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാതാല്പര്യപൂർവ്വം പങ്ക് ചേർന്നു. നമ്മുടെ കുടും ബക്കൂട്ടായ്മകളുടെ സ്വഭാവം മനസിലാക്കാൻ ഈ വാചകത്തെ നമ്മൾ ശ്രദ്ധാപൂർവ്വം ധ്യാനിച്ചാൽ മതി. അതിനായി നമ്മൾ അതിലൂടെ സംഭ വിച്ച കാര്യങ്ങളും വായിച്ച് നോക്കണം (നടപടി 2:43-47). ഒന്നാമതായി അവർ ഈശോയുടെ ശിഷ്യന്മാർ പഠിപ്പിച്ച കാര്യങ്ങളെ നന്നായി മനസ്സി ലാക്കാൻ ശ്രമിച്ചു. ഈശോയെ കണ്ടവരും കേട്ടവരും വിശ്വസിച്ചവരു മായ ശ്ലീഹന്മാരുടെ പ്രബോധനം ആധികാരികമായിരിക്കും എന്നവർക്ക് അറിയാമായിരുന്നു. അതുകൊണ്ട് സഭയിലൂടെ കൈമാറിക്കിട്ടിയത് ആയിരിക്കണം. രണ്ടാമതായി, അവർ കൂട്ടായ്മയിൽ പങ്കുചേർന്നു. ക്രൈസ്തവവിശ്വാസം ഒരു ദ്വീപിലെ വിശ്വാസമല്ല. അത് സമൂഹത്തിന്റെ കൂടെയാണ്. അതുകൊണ്ടാണ് നമ്മുടെ പള്ളികൾ വലുതായിരിക്കുന്നത്. അവിടെ ദൈവജനം മുഴുവൻ ഒന്നിച്ച് ചേർന്നാണ് ആരാധന നടത്തു ന്നത്. അവിടെ പുരുഷനെന്നോ സ്ത്രീയെന്നോ കുട്ടിയെന്നോ മുതിർന്ന വരെന്നോ വ്യത്യാസമില്ല. മൂന്നാമതായി അപ്പം മുറിക്കൽ ശുശ്രൂഷയിൽ അവർ പങ്കുചേർന്നു. അന്നത്തെ അക്രൈസ്തവ പാരമ്പര്യമനുസരിച്ച് ദൈവത്തിന് അർപ്പിച്ച ബലിവസ്തു ഭക്ഷിക്കുന്ന എല്ലാവരും ആ ദൈവ ത്തിൽ ഒന്നാകുന്നു എന്ന് വിശ്വസിച്ചിരുന്നു. മാത്രമല്ല അവർ ദൈവത്തെപോലെ ആകുകയായിരുന്നു. നമ്മൾ അവിടുത്തെ ശരീരവും രക്തവും ഉൾക്കൊണ്ട് കഴിയുമ്പോൾ നമ്മുടെ സ്വഭാവം ഈശോയുടെ സ്വഭാവം പോലെയാകണം. നാലാമതായി അവർ പ്രാർത്ഥനയിൽ പങ്കു ചേർന്നു. ക്രൈസ്തവ വിശ്വാസത്തിന്റെ ഈ മാനം വിട്ടുകളഞ്ഞാൽ അത് ക്രൈസ്തവ വിശ്വാസമായിരിക്കുകയില്ല. പ്രാർത്ഥന ത്രിത്വൈക ദൈവവുമായി നമ്മെ നിരന്തര കൂട്ടായ്മയിൽ നിലനിർത്തുന്നു. അഞ്ചാ മതായി, മേൽപ്പറഞ്ഞ കാര്യങ്ങളിലെല്ലാം അവർ സദാ താൽപര്യപൂർവ്വം പങ്കുചേർന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. എപ്പോഴുമെന്നതു പോലെ താൽപര്യപൂർവ്വം പങ്കുചേരുക എന്നതും മർമ്മപ്രധാനമാണ്. വിശ്വാസജീവിതം നയിക്കേണ്ടത് ആരുടെയും നിർബന്ധത്താലായിരി

ക്കരുത്. അത് ഒരു പാർട്ട് ടൈം ജീവിതവുമല്ല.

ഇപ്രകാരമൊക്കെ ചെയ്തതിന്റെ ഫലമെന്തായിരുന്നു? വിശ്വസിച്ച വരെല്ലാവരും ഒറ്റ സമൂഹമായിത്തീരുകയും തങ്ങൾക്കുണ്ടായിരുന്ന തെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തു ക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു. അവർ ഏകമനസ്സോടെ താൽപര്യപൂർവ്വം അനുദിനം ദേവാല യത്തിൽ ഒരുമിച്ച് കൂടുകയും ഭവനം തോറും അപ്പം മുറിക്കുകയും ഹൃദ യലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേ രുകയും ചെയ്തിരുന്നു. അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിയ്ക്ക് പാത്രമാവുകയും ചെയ്തു (നടപടി 2: 44–47). ചുരുക്കത്തിൽ ഒരു ക്രിസ്ത്യാനിക്ക് സ്വാർത്ഥനാകാൻ കഴി യില്ല. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ കണ്ണടക്കാനും പറ്റില്ല. നമ്മുടെ സ്വത്ത് ദൈവം നമുക്ക് ദാനമായി നൽകിയതാണ്. അത് നമ്മുടെ സമൂ ഹത്തിന്റെ പൊതുസ്വത്തായി കാണാൻ കഴിഞ്ഞാൽ ഈ ലോകം പല അർത്ഥത്തിലും രക്ഷിക്കപ്പെടുകയും സ്വർഗ്ഗസമാനമാകുകയും ചെയ്യും എന്നത് നിസ്സംശയമാണല്ലോ. ആദിമക്രൈസ്തവസമൂഹം എല്ലാ മനുഷ്യ രുടെയും സംപ്രീതിയ്ക്ക് പാത്രീപൂതരായത് പങ്കുവെക്കലിലൂടെയാണ്. പരസ്പര സ്നേഹത്തിലൂടെ അവർ ക്രിസ്തുവിന്റെ ശിഷ്യർ എന്ന് തിരി ച്ചറിയപ്പെടുകയും ചെയ്തു (യോഹ. 13:35).

മേൽപ്പറഞ്ഞ ക്രൈസ്തവചൈതന്യം നമ്മുടെ സമൂഹത്തിൽ നിന്ന് ചോർന്ന് പോയിട്ട് നാളുകൾ ഏറെയായി എന്ന് നമുക്കറിയാം. കർത്താവിന്റെ പീഢാനുഭവത്തിലും മരണത്തിലും ഉയിർപ്പിലും പങ്കു പറ്റുന്നതിന്റെ (റോമ 6) പ്രതീകമായ മാമ്മോദീസാ പോലും കേവലമൊരു ആഘോഷമായി അധഃപതിച്ചു എന്ന് പറയാം. വി.കുർബാ നയാകട്ടെ പലപരിപാടികളിൽ ഒന്നായി മാറിയിരിക്കുന്നു. ഈ സ്ഥിതി വിശേഷത്തെ നമ്മൾ മാറ്റേണ്ടതല്ലേ എന്ന് നമ്മൾ ചിന്തിക്കണം. അതി നുള്ള ഒരു എളിയ ശ്രമമാണ് നമ്മുടെ കുടുംബക്കൂട്ടായ്മകൾ. ഇതി ലൂടെ നമ്മൾ സഭയുടെ ആദ്യകാലചൈതന്യത്തിലേക്ക് തിരികെ പ്പോകാൻ ശ്രമിക്കുകയാണ്.

ഇവിടെ ഒരു പ്രത്യേകകാര്യം എടുത്തുപറയേണ്ടത് സ്വത്തു ക്കളും വസ്തുവകകളും പൊതുവായി കാണുന്നതിനെപ്പറ്റിയാണ്. വിശ്വാ സികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു. ആരും തങ്ങളുടെ സ്വത്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതു സ്വത്തായിരുന്നു (നട. 2:32). അവരുടെ ഇടയിൽ ദാരിദ്ര്യം അനുഭവി ക്കുന്നവർ ഉണ്ടായിരുന്നില്ല. കാരണം പറമ്പും വീടും സ്വന്തമായി ഉണ്ടാ

യരുന്നവരെല്ലാം അവയത്രയും വിറ്റ് കിട്ടിയ തുക അപ്പസ്തോലന്മാരുടെ കാൽക്കലർപ്പിച്ചു. അത് ഓരോരുത്തർക്കും ആവശ്യമനുസരിച്ച് വിത രണം ചെയ്യപ്പെട്ടു (നട. 2:34–35). ഇന്നത്തെ അവസ്ഥയിൽ ഇപ്രകാരം ചെയ്യുന്നത് വളരെ പ്രയാസമാണ് എന്ന് നമുക്കറിയാം. എങ്കിലും അവ രുടെ ഇടയിൽ ദരിദ്രർ ഇല്ലായിരുന്നു എന്ന പ്രസ്താവം നമ്മൾ പ്രത്യേകം ശ്രദ്ധിക്കണം. ഇക്കാര്യം നമ്മളും ഉറപ്പ് വരുത്തണം. അതിന് കുടുംബ കൂട്ടായ്മകൾ ഏറെ സഹായകമാകും. ഒരു കൂട്ടായ്മയിൽ ആരൊക്കെ യാണ് ദാരിദ്ര്യം അനുഭവിക്കുന്നത്, ആർക്കാണ് സ്ഥലവും വീടും ഇല്ലാ ത്തത്, ഏത് വീട്ടിലാണ് കുട്ടികൾ സാമ്പത്തിക പരാധീനതമൂലം സ്കൂളിൽ പോകാതെ നിൽക്കുന്നത്, ഏത് കുടുംബത്തിലാണ് പണമി ല്ലാതെ രോഗികൾ വലയുന്നത്, പെൺകുട്ടികൾ വിവാഹിതരാകാതെ നിൽക്കുന്നത് എന്നിവയെല്ലാം കുടുംബക്കൂട്ടായ്മയിൽ എളുപ്പം മനസ്സി ലാക്കാനും പരിഹാരം കണ്ടെത്താനും കഴിയും.

ഈ വഴിയിലുള്ള ഒരു എളിയ ശ്രമമാണ് നമ്മുടെ രൂപതയിൽ ആരംഭിക്കുന്ന ഭവന പദ്ധതിയിലൂടെയും ചികിത്സക്കുള്ള ഇൻഷ്വറൻസ് പദ്ധതിയിലൂടെയും വിഭാവനം ചെയ്യുന്നത്. ഓരോ ഇടവകയിലും വീടി ല്ലാത്തവരെ കണ്ടെത്തി അഞ്ചു വർഷത്തിനുള്ളിൽ നമ്മുടെ രൂപതയിൽ വീടില്ലാത്തവർ ആരും ഇല്ല എന്ന് നമ്മൾ ഉറപ്പ് വരുത്തണം. അതു പോലെ ചികിത്സാ ചെലവുകൾ വളരെ ഏറിയ ഈ കാലഘട്ടത്തിൽ ഇൻഷ്വറൻസ് എല്ലാ കുടുംബത്തിനും ഉണ്ടെന്ന് ഉറപ്പ് വരുത്തണം. പ്രീമിയം അടക്കാൻ നിവൃത്തിയില്ലാത്ത കുടുംബങ്ങളെ മറ്റുള്ളവർ സഹായിക്കണം. രണ്ടുള്ളവൻ ഇല്ലാത്തവന് ഒന്ന് കൊടുക്കട്ടെ (ലൂക്ക 3:11). അങ്ങനെ നമ്മുടെ ഇടയിൽ ദരിദ്രരുടെ എണ്ണം കുറഞ്ഞ് ക്രമേണ ഇല്ലാതാകും. ഭാവിയിൽ ഇത്തരത്തിലുള്ള കൂടുതൽ പരസ്നേഹ പ്രവർത്തികൾ ഏറ്റെടുക്കാൻ കുടുംബ ക്കൂട്ടായ്മയ്ക്ക് കഴിയും. മാത്ര മല്ല കുടുംബങ്ങൾ തമ്മിലുള്ള വഴക്കുകളും ധാരണപ്പിശകുകളും തർക്ക ങ്ങളും എല്ലാം ഇല്ലായ്മ ചെയ്യാൻ കുടുംബക്കൂട്ടായ്മകൾ വളരെ സഹാ യകമാകും. ഇടവകയിലെ പൊതുക്കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യാനുള്ള വേദിയുമാണ് അവ. ഓരോ കാലഘട്ടത്തിലും ഉണ്ടാകുന്ന മാറ്റങ്ങൾക്കനു സരിച്ച് ഒട്ടനവധി കാര്യങ്ങൾ സമയാസയമത്തുള്ള ചർച്ചകളിലൂടെ കണ്ടെത്താൻ കഴിയും. കുടുംബക്കൂട്ടായ്മകളുടെ നേതൃത്വനിരയിലു ള്ളവർ തന്നെ ഇടവകയുടെ ഭരണസമിതികളിലും അംഗങ്ങളാകുന്നത് ഇടവകയുടെ ഉന്നമനത്തിനും കൂട്ടായ്മയ്ക്കും വളരെ സഹായകമാണ്.

ഔദ്യോഗികമായി 2018 മെയ് 1 ന് നമ്മുടെ രൂപതയിൽ കുടുംബ ക്കൂട്ടായ്മകൾ നിലവിൽ വരുകയാണ്. അതോടെ ഇതുവരെ നിലവിലി

രുന്ന വാർഡ് സമ്പ്രദായം ഇല്ലാതാകുന്നതാണ്. കുടുംബക്കൂട്ടായ്മക ളുടെ രൂപതാ നിയമാവലി അനുസരിച്ച് എല്ലാ ഇടവകകളിലും അവ രൂപീകരിക്കേണ്ടതും അവയ്ക്ക് വേണ്ടി ഉണ്ടാക്കിയിട്ടുള്ള നിയമാവലി പ്രകാരം പ്രവർത്തിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും അസേന്തിയച്ചന്മാരും സമർപ്പിതരും ഇടവകഭരണ സമിതി അംഗങ്ങളും മറ്റ് അല്മായ നേതാക്കളും പ്രത്യേകം താല്പര്യം എടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു. കുടുംബക്കൂട്ടായ്മകൾക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള പ്രാർത്ഥനാപ്പുസ്തകം ഉപയോഗിച്ചാണ് കൂട്ടായ്മ കളുടെ സമ്മേളനങ്ങളിൽ പ്രാർത്ഥനാശുശ്രൂഷ നടത്തേണ്ടത്.

ബഹുമാനപ്പെട്ട വൈദികരുടെയും സമർപ്പിതരുടെയും നിസ്വാർത്ഥമായ സഹകരണവും കുടുംബക്കൂട്ടായ്മകളുടെ നേതൃത്വനിരയിലുള്ളവരുടെ തീക്ഷ്ണവും പ്രതിബദ്ധത നിറഞ്ഞതു മായ പ്രവർത്തനവുമാണ് കുടുംബക്കൂട്ടായ്മകളുടെ വിജയപരാജയങ്ങ ളുടെ പ്രഥമവും പ്രധാനവുമായ മാനദണ്ഡമാകാൻ പോകുന്നത്. അതോ ടൊപ്പം എല്ലാ കുടുംബങ്ങളുടെയും പങ്കാളിത്തവും നിർണ്ണായകമാണ്. നിങ്ങളുടെയെല്ലാം ആത്മാർത്ഥമായ സഹായസഹകരണങ്ങൾ പ്രതീ ക്ഷിക്കുന്നു.

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായും പരിശുദ്ധ അമ്മയും വി. യൗസേപ്പിതാവും നമ്മുടെ സഭയിലെ എല്ലാ വിശുദ്ധരും വാഴ്ത്തപ്പെട്ടവരും നമുക്ക് വേണ്ടി മാദ്ധ്യസ്ഥം അപേക്ഷി ക്കണമെന്ന് പ്രാർത്ഥിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2018 മാർച്ച് മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2018 ഏപ്രിൽ 8-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിച്ചുകാണുമല്ലോ.**

# സർക്കുലർ

***Circular Letter No. 04/2018***
***Prot. No. 20931/2018***

ഈശോയിൽ പ്രിയമുള്ള സഹോദരീ സഹോദരന്മാരേ,

വിവാഹവും അതിനോടനുബന്ധിച്ചുള്ള മറ്റ് ആഘോഷങ്ങളും ഓരോ കുടുംബത്തിനും വളരെ പ്രധാനപ്പെട്ട സന്തോഷവേളകളാണ്. കുടുംബത്തിലെ ഒരംഗം വിവാഹജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നതിന്റെ സന്തോഷം കുടുംബാംഗങ്ങളും സുഹൃത്തുക്കളും അയൽക്കാരും ചേർന്ന് പങ്കുവെയ്ക്കുന്നത് ശ്ലാഘനീയമായ കാര്യമാണ്. എന്നാൽ വിവാഹം ബാഹ്യമായ ആഘോഷങ്ങളുടെ മാത്രം അവസരമല്ല. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം വിവാഹം ഒരു കൂദാശയാണ്. ഒരു പുരുഷനും ഒരു സ്ത്രീയും ദൈവസന്നിധിയിൽ വച്ച് പ്രാർത്ഥനാപൂർവ്വം ഏർപ്പെടുന്ന ഉടമ്പടിയാണ് വിവാഹം. അതുകൊണ്ടുതന്നെ വിവാഹത്തിന്റെ ആത്മീയതലത്തിന് ബാഹ്യാഘോഷങ്ങളെക്കാൾ പ്രാധാന്യം കൊടുക്കേണ്ടതുണ്ട്.

സുദൃഢമായ വിവാഹങ്ങൾ ഉണ്ടാകണം എന്ന വ്യഗ്രതയുള്ളതുകൊണ്ടാണ് സഭയും രാഷ്ട്രവും വിവാഹത്തിന്റെ സാധ്യതയ്ക്കും പരിരക്ഷയ്ക്കുമായി വിവിധ നിയമങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. വിവാഹബന്ധങ്ങൾ വളരെ പെട്ടെന്ന് തകർന്നുപോകുന്ന ഇക്കാലത്ത്, ഈ നിയമങ്ങൾ ശ്രദ്ധയോടെ പാലിക്കുന്നത് ചില മുൻകരുതലുകൾ എടുക്കാൻ വധൂവരന്മാരെ സഹായിക്കും. തിരക്കുപിടിച്ചുനടത്തുന്ന വിവാഹങ്ങളുടെ എണ്ണം ഇന്ന് വർദ്ധിച്ചുവരുന്നുണ്ട്. വധൂവരന്മാരുടെ ജോലിയും അവധി കിട്ടാനുള്ള ബുദ്ധിമുട്ടുകളുംമൂലം എല്ലാ നിയമങ്ങളും പാലിച്ച് വിവാഹം നടത്തുന്നതിന് പലപ്പോഴും സാധിക്കാതെ വരാറുണ്ട്. അത് സൃഷ്ടിക്കുന്ന അപകടങ്ങളെക്കുറിച്ച് മുന്നറിയിപ്പു നൽകിക്കൊണ്ടുതന്നെ ഇത്തരം ആളുകളുടെ സാഹചര്യങ്ങൾ പരിഗണിച്ച് നിയമങ്ങളിൽ ഇളവുനൽകാനുള്ള സാധ്യത സഭ നൽകുന്നുണ്ട്. മനസമ്മതവും വിവാഹപരസ്യവുമായി ബന്ധപ്പെട്ട ചില നിയമങ്ങൾ ലഘൂകരിക്കണമെന്നും വ്യക്തത വരുത്തണമെന്നുമുള്ള ആവശ്യം നിരവധിയാളുകൾ ഉന്നയിച്ചതിന്റെ വെളിച്ചത്തിൽ തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാരും കൂരിയ അംഗങ്ങളും

കൂടിയാലോചിച്ച് വിവാഹനിയമങ്ങളെ സംബന്ധിച്ച് താഴെപ്പറയുന്ന ചില വിശദീകരണങ്ങൾ നൽകുകയാണ്.

1. മനസമ്മതം നടത്തിയശേഷം മൂന്ന് ഞായറാഴ്ചകളിലോ കടമുള്ള ദിവസങ്ങളിലോ വിവാഹപരസ്യം നടത്തിയതിനുശേഷമാണ് സാധാരണയായി വിവാഹം നടത്തേണ്ടത്. അതുകൊണ്ട് മനസ്സമ്മതത്തിന്റെയും വിവാഹത്തിന്റെയും തീയതികൾ നിശ്ചയിക്കുമ്പോൾ രണ്ട് ചടങ്ങുകൾക്കുമിടയിൽ മൂന്ന് ഞായറാഴ്ചകളെങ്കിലും ഉണ്ട് എന്ന് ഉറപ്പുവരുത്തണം.
2. എന്നാൽ ഈ നിയമം കൃത്യമായി പാലിക്കാൻ വധൂവരന്മാർക്ക് ഗൗരവതരമായ അസൗകര്യങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഇളവിനായി അപേക്ഷിക്കാവുന്നതാണ്. രണ്ടുതരത്തിലുള്ള ഇളവുകളാണ് ലഭിക്കാവുന്നത്. ഒന്നാമത്തേത് വിവാഹപരസ്യങ്ങളുടെ എണ്ണം കുറയ്ക്കലാണ്. തക്കതും ന്യായവുമായ കാരണമുള്ളപ്പോൾ വിവാഹപരസ്യം ഒരു പ്രാവശ്യം കുറയ്ക്കുന്നതിന് ഇടവക വികാരിയ്ക്കും രണ്ടുവിളിച്ചുചൊല്ലൽ കുറയ്ക്കുന്നതിന് ഫൊറോന വികാരിയ്ക്കും സാധിക്കും. ഫൊറോന വികാരിയിൽനിന്നും അനുവാദം വാങ്ങി ഒന്നുമാത്രം വിളിച്ചുചൊല്ലി വിവാഹം നടത്തുമ്പോൾ മനസ്സമ്മതത്തിനും വിവാഹത്തിനുമിടയിൽ 5 ദിവസത്തെ ഇടവേളയെങ്കിലും ഉണ്ടായിരിക്കണം. ഇത്തരത്തിലുള്ള അനുവാദത്തിനായി രേഖാമൂലം ബഹു. വികാരിക്കോ ഫൊറോന വികാരിക്കോ അപേക്ഷ നൽകണം. ഇവർ ഈ അധികാരത്തെ വിവേചനപൂർവ്വം ഉപയോഗിക്കണം. ലാഘവത്തോടെ എല്ലാ അപേക്ഷകളിലും അനുവാദം കൊടുക്കാതിരിക്കാൻ ശ്രദ്ധിക്കണം.

   രണ്ടാമതായി ലഭിക്കാവുന്ന ഇളവ് മനസ്സമ്മതത്തിനുമുമ്പ് വിവാഹപരസ്യം ആരംഭിക്കാനുള്ള അനുവാദമാണ്. വധൂവരന്മാർക്ക് വിവാഹത്തിന് മുന്നു ഞായറാഴ്ചകൾക്ക് മുമ്പ് മനസ്സമ്മതത്തിനായി ഹാജരാകാൻ സാധിക്കാത്ത സാഹചര്യമുണ്ടെങ്കിൽ ഇടവകയിൽ നിന്നും ലഭിക്കുന്ന പ്രത്യേക ഫോറത്തിൽ വധൂവരന്മാർ, അവരുടെ മാതാപിതാക്കന്മാർ, വികാരിയച്ചൻ എന്നിവർ ഒപ്പിട്ട അപേക്ഷ നൽകി ഫൊറോന വികാരിയിൽ നിന്നും മനസ്സമ്മതത്തിനു മുമ്പ് വിളിച്ചുചൊല്ലാനുള്ള അനുവാദം വാങ്ങാവുന്നതാണ്. മുൻകൂട്ടി മൂന്ന് വിളിച്ചുചൊല്ലുന്ന അവസരത്തിൽ മനസ്സമ്മതത്തിനും വിവാഹത്തിനും ഇടയിൽ അഞ്ച് ദിവസത്തെ ഇടവേള വേണം എന്ന് നമ്മുടെ അതിരൂപതയിൽ നിലനിന്നിരുന്ന നിബന്ധന ഒഴിവാക്കുന്നു. എന്നാൽ ഈ

അനുവാദം മൂന്നു പ്രാവശ്യം വിളിച്ചുചൊല്ലാനുള്ള സാഹചര്യം ഉള്ള പ്പോൾ മാത്രമേ നൽകുകയുള്ളൂ എന്ന് ഓർമ്മിക്കണം.

3. മനസ്സമ്മതത്തിന്റെയും വിവാഹത്തിന്റെയും തീയതികൾ നിശ്ചയി ക്കുന്നതിനുമുമ്പ് വികാരിയച്ചനുമായി കൂടി ആലോചന നടത്തേ ണ്ടതാണ്. പ്രത്യേകിച്ച് ഏതെങ്കിലും തരത്തിലുള്ള ഒഴിവുകൾ ആവശ്യമുള്ള പക്ഷം അനുവാദം ലഭിച്ചശേഷം മാത്രമേ തീയതി കൾ നിശ്ചയിക്കാൻ പാടുള്ളൂ.

4. മനസ്സമ്മതം രണ്ട് കുടുംബങ്ങളിലെയും ഏറ്റവുമടുത്ത ആളുകൾ മാത്രം സംബന്ധിക്കുന്ന സ്വകാര്യമായ ഒരു ചടങ്ങായി നടത്തുന്ന താണ് നല്ലത്. മനസ്സമ്മതത്തിന്റെ ദിവസം വിവാഹിതരാകാൻ പോകുന്ന വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പര സ്പരം കാണാനും സംസാരിക്കാനും മനസിലാക്കാനുമുള്ള അവ സരമുണ്ടാകണം. ഓഡിറ്റോറിയത്തിൽ വച്ച് വളരെയധികം ആളു കളെ വിളിച്ച് സദ്യകൊടുക്കുമ്പോൾ ഈ ലക്ഷ്യം നിറവേറാതെ വരും. അതുകൊണ്ട് വധുവിന്റെ ഗൃഹത്തിൽ വച്ച് അന്നത്തെ സദ്യ നടത്തുന്നതാണ് നല്ലത്. മനസ്സമതത്തിനും വിവാഹത്തിനുമിടയി ലുള്ള കാലയളവ് കൂടുതൽ അന്വേഷണത്തിനും മനസിലാക്കലിനു മുള്ള അവസരമാണ്. വധുവിന്റെ വീട്ടിലെ ആഘോഷം ഒത്തുക ല്യാണത്തിനുപകരം വിവാഹത്തലേന്നോ പിറ്റേന്നോ നടത്തുന്ന താണ് കൂടുതൽ അഭികാമ്യം. മനസ്സമ്മതത്തോടൊപ്പം വി. കുർബാന അർപ്പിക്കുന്ന പതിവ് സഭയിൽ ഇല്ല എന്നും ഓർമ്മപ്പെടുത്തട്ടെ.

5. ശനിയാഴ്ചകളിൽ വിവാഹം നടത്തുന്നവർ തലേദിവസത്തെ ആഘോഷങ്ങളിൽ വെള്ളിയാഴ്ചത്തെ മാംസവർജ്ജനം ലംഘി ക്കാൻ പാടില്ല.

6. ദൈവാലയത്തിൽ വിവാഹകർമ്മങ്ങളുടെ ആദ്യാവസാനം പങ്കെടുത്ത് വധൂവരന്മാർക്ക് വേണ്ടി പ്രാർത്ഥിക്കുകയും അവർക്ക് ആശംസകളർപ്പിക്കുകയും ചെയ്യുക എന്നത് ക്ഷണിക്കപ്പെടുന്ന അതിഥികളുടെ ഉത്തരവാദിത്വമാണ്. തിരക്കുപിടിച്ച് സദ്യകഴിച്ച് കടന്നുപോകുന്നരീതി ശരിയാണോ എന്ന് നാം പരിശോധിക്കണം.

7. ദൈവാലയത്തിന്റെ വിശുദ്ധി, അച്ചടക്കം, ഭക്തി എന്നിവയ്ക്കു ചേരാത്ത വസ്ത്രധാരണരീതി, ഫ്ളവർ ഗേൾസ് തുടങ്ങിയവ ഒഴി വാക്കണം. വീഡിയോ, ഫോട്ടോഗ്രാഫർമാരുടെയും വസ്ത്രധാര ണവും പെരുമാററവും ദൈവാലയത്തിലെ ഭക്താന്തരീക്ഷത്തിന് ചേർന്നതായിരിക്കണം. അവർ ഏതെങ്കിലും ഒരു ഭാഗത്ത് ഒതുങ്ങി


നിന്ന് തിരുക്കർമ്മങ്ങൾക്ക് തടസ്സമോ അലോരസമോ സൃഷ്ടിക്കാതെ ശാന്തമായി ദൃശ്യങ്ങൾ പകർത്തേണ്ടതാണ്.

8. വിവാഹവേളയിൽ ഗായകർ സമൂഹത്തിനും ചേർന്നുപാടാവുന്ന ഗാനങ്ങൾ ആലപിക്കുകയും സമൂഹത്തെ പ്രാർത്ഥിക്കാൻ സഹായിക്കുകയാണ് തങ്ങളുടെ ഉത്തരവാദിത്ത്വമെന്ന് ഓർമ്മിക്കുകയും ചെയ്യണം.

വിവാഹാഘോഷങ്ങൾ അതിനുശേഷമുള്ള ദമ്പതികളുടെ മുന്നോട്ടുള്ള ജീവിതത്തിന് സന്തോഷവും നല്ല ഓർമ്മകളും പ്രദാനം ചെയ്യുന്നതാകണം. ആഢംബരവും ധൂർത്തും പരമാവധി ഒഴിവാക്കാം. കടം വാങ്ങിയും വലിയസദ്യകൾ നടത്തേണ്ട ആവശ്യമുണ്ടോ എന്ന് ആത്മശോധന ചെയ്യാം. വിവാഹാഘോഷങ്ങളിൽ നിന്ന് മദ്യത്തെ പൂർണ്ണമായി മാറ്റിനിർത്താൻ ശ്രദ്ധിക്കണം. എല്ലാ ബാഹ്യമായ ആഘോഷങ്ങൾക്കും ഉപരിയായി ദൈവാലത്തിൽ നടക്കുന്ന കൗദാശിക ആഘോഷമാണ് പ്രധാനപ്പെട്ടതെന്നും അതിനായി ആത്മീയ ഒരുക്കത്തോടെ വിവാഹവേദിയിലണയണമെന്നും വധൂവരന്മാരെ ഞാൻ ഓർമ്മിപ്പിക്കുന്നു. നസ്രസ്സിലെ തിരുക്കുടുംബത്തിന്റെ മാതൃകയിൽ സന്തോഷവും സമാധാനവും നിറഞ്ഞ കുടുംബജീവിതം നയിക്കാൻ എല്ലാ ദമ്പതിമാർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഉത്തമദമ്പതിമാരായ വി. യൗസേപ്പിതാവും പരിശുദ്ധ കന്യകാമറിയവും നിങ്ങൾക്ക് തുണയും മദ്ധ്യസ്ഥരും ആയിരിക്കട്ടെ.

സ്നേഹാശംസകളോടെ

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2018 ഏപ്രിൽ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2018 മെയ് മാസം 6-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 03/2018***
***Prot. No. 20770/2018***

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, കൈക്കാരന്മാരേ, പൊതുയോഗാംഗങ്ങളേ, പ്രതിനിധിയോഗാംഗങ്ങളേ, ഇടവക സെക്രട്ട റിമാരേ, പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

പുതിയ സാമ്പത്തികവർഷം തുടങ്ങുന്ന ഏപ്രിൽ 1 മുതൽ നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും പണസംബന്ധമായ കണക്കുകൾ എഴുതുന്നതും രൂപതാ കേന്ദ്രത്തിലേക്ക് മാസാമാസം തിരട്ട് അയക്കുന്നതുമായ കാര്യങ്ങളെ സംബന്ധിച്ച് ഏതാനും കാര്യ ങ്ങൾ നിങ്ങളെ ഇതുവഴി അറിയിക്കട്ടെ. ഭാരതസർക്കാരിന്റെ പുതിയ സാമ്പത്തിക നയങ്ങളുടേയും നിയമങ്ങളുടേയും അടിസ്ഥാനത്തിൽ നമ്മളും സാമ്പത്തികം കൈകാര്യം ചെയ്യുന്ന രീതികളിൽ ചില കാര്യ ങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കുകയും പാലിക്കുകയും ചെയ്യേണ്ടതായി ട്ടുണ്ട്. അവയെപ്പറ്റിയാണ് ഇനി പ്രതിപാദിക്കുന്നത്.

സാമ്പത്തിക അച്ചടക്കം പാലിക്കുക എന്നത് വ്യക്തിജീവിതത്തി ന്റെയും ഏതൊരു സമൂഹ ജീവിതക്രമത്തിന്റെയും അവിഭാജ്യഘടക മാണ്. നമ്മുടെ ഇടവകകളേക്കുറിച്ചും മറ്റ് സ്ഥാപനങ്ങളെക്കുറിച്ചും പറയുമ്പോൾ ഇതിന് വളരെയേറെ പ്രസക്തിയും പ്രാധാന്യവുമുണ്ട്. നമ്മൾ ജീവിക്കുന്ന രാജ്യത്തിന് അതിന്റേതായ സാമ്പത്തിക നിയമങ്ങ ളുണ്ട്. നമ്മൾ അതെല്ലാം അനുസരിക്കാൻ ബാധ്യസ്ഥരാണ്. അനുസ രിക്കാത്തവർക്ക് തക്കതായ ശിക്ഷയും കിട്ടും എന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. നിയമങ്ങളെപ്പറ്റിയുള്ള നമ്മുടെ അജ്ഞത ഒരിടത്തും, പ്രത്യേകിച്ച് കോടതികളിൽ, നിയമമനുസരിക്കാത്തതിന് നീതീകരണമായി സ്വീകരിക്കുകയില്ല. അതുകൊണ്ട് നിയമങ്ങളെപ്പറ്റി നമ്മൾ അറിവും അവബോധവും ഉള്ളവരായിരിക്കണം.

സഭ ലോകത്തിൽ നിലനിൽക്കുന്നത് തന്നെ ഈ ലോകത്തെ സ്വർഗ്ഗസമാനമാക്കി മാറ്റാനാണ്. ആ പ്രക്രിയയുടെ ഭാഗമാണ് രാജ്യ ത്തിന്റെ നിയമങ്ങൾ പാലിച്ചുകൊണ്ട് ജീവിക്കുന്ന ഒരു സമൂഹമായി മറ്റുള്ളവർക്ക് മാതൃക കൊടുക്കുക എന്നത്. അത് നമ്മുടെ പ്രേഷിത പ്രവർത്തനത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. സഭയിലേക്ക്

പുതുതായി കടന്നു വരുമ്പോൾ ബാഹ്യമായി സഭയുടെ അംഗങ്ങൾ ആയതുകൊണ്ട് മാത്രം പ്രേഷിതദൗത്യം തീരുന്നില്ല. അവർ നല്ല പൗരന്മാരായി ജീവിക്കുന്നു എന്നുകൂടി ഉറപ്പ് വരുത്തണം. ഈശോ തന്റെ ശിഷ്യരെ ഭരമേൽപ്പിച്ചിട്ട് പോയ ദൗത്യം സുവിശേഷത്തിൽ നാം വായിക്കുന്നത് ഇപ്രകാരമാണ്: *ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ* (മത്താ. 28:20). സീസറിന് നികുതി കൊടുക്കാൻ പറയുന്നതിലൂടെ ഇക്കൂട്ടത്തിൽ സാമ്പത്തികകാര്യങ്ങളും ഉൾപ്പെടുന്നുണ്ടെന്ന് നമുക്കറിയാം. നമ്മൾ ധാരാളം ജീവകാരുണ്യ പ്രവർത്തികൾ ചെയ്യുന്നുണ്ടാകാം. എന്നാൽ അവ ദൈവത്തിന്റേയും സഭയുടേയും രാജ്യത്തിന്റേയും നിയമങ്ങൾക്ക് അനുസൃതമാണ് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ലക്ഷ്യത്തേപ്പോലെ തന്നെ മാർഗ്ഗവും ക്രൈസ്തവമായിരിക്കണം എന്നതാണ് സഭയുടെ നിലപാട്.

ഒരു രാജ്യം മുന്നോട്ട് പോകണമെങ്കിൽ പണം ആവശ്യമാണ്. ആ പണം സംഭരിക്കുന്നത് പൗരന്മാർ പല സ്രോതസ്സുകളിൽ നിന്നായി കൊടുക്കുന്ന നികുതികൾ വഴിയായിട്ടാണ്. കൃത്യമായി നികുതി കൊടുക്കുക എന്നത് ഓരോ പൗരന്റേയും കടമയാണ്. ഒരുപാട് പേർ നികുതി കൊടുക്കാതിരിക്കുന്നുണ്ട് എന്നത് വസ്തുതയാണ്; എന്നാൽ അതുകൊണ്ട് ഞാനും നികുതി കൊടുക്കുന്നില്ല എന്നത് ശരിയായ ന്യായീകരണമല്ല. നമ്മൾ നികുതി കൊടുത്ത് മാതൃക കാണിക്കുകയാണ് ചെയ്യേണ്ടത്. സീസറിന് നികുതി കൊടുക്കുന്നത് നിയമാനുസൃതമാണോ എന്ന ചോദ്യത്തിന് ഈശോ കൊടുക്കുന്ന ഉത്തരം ശ്രദ്ധേയമാണ്. മക്കൾ നികുതി കൊടുക്കേണ്ട കാര്യമില്ല; എങ്കിലും നമ്മൾ നികുതി കൊടുക്കണം. സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക (മർക്കോസ് 12:17) യഹൂദനിയമമനുസരിച്ച് പുറജാതിക്കാർക്ക് നികുതി കൊടുക്കുന്നത് നിയമാനുസൃതമായിരുന്നില്ല. എന്നിട്ടും നികുതി കൊടുക്കാനാണ് ഈശോ ശിഷ്യന്മാരോട് പറഞ്ഞത്. കാരണം നികുതിപ്പണംകൊണ്ടാണ് ഉദ്യോഗസ്ഥർക്ക് ശമ്പളം കൊടുക്കുന്നതും വികസനപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതും എല്ലാം. അതല്ലെങ്കിൽ സർക്കാർ എവിടെ നിന്നെങ്കിലും പണം കടമെടുക്കേണ്ടി വരും. അതിന്റെ ഭാരം പാവപ്പെട്ട ദരിദ്രരുടെ ചുമലിൽ തന്നെ വരുകയും ചെയ്യും. കണക്കിൽപ്പെടാത്ത പണം വാങ്ങുന്നതും കൊടുക്കുന്നതും ഇതുപോലെ തന്നെയുള്ള തെറ്റും തിന്മയുമാണ്. കള്ളപ്പണമാണ് വിലക്കയറ്റത്തിന്റെ പ്രധാന കാരണം. അതിലൂടെ നിർധനരുടെ ജീവിതം ദുർവ്വഹമാകുന്നു.

നമ്മുടെ രൂപതയിലെ ഇടവകകളുടേയും സ്ഥാപനങ്ങളുടെയും കണക്കുകൾ കൃത്യമായി എഴുതുകയും സർക്കാരിലേയ്ക്ക് റിട്ടേൺ ഫയൽ ചെയ്യുകയും പൂർണ്ണമായും സുതാര്യമായി സൂക്ഷിക്കുകയും ചെയ്യണം എന്നത് സർക്കാർ നിയമമാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ നമ്മൾ കനത്ത വില കൊടുക്കേണ്ടിവരും. 2018 ഏപ്രിൽ 1 മുതൽ പുതിയ സാമ്പത്തിക നിയമങ്ങൾ കർക്കശമായി തന്നെ സർക്കാർ നടപ്പാക്കുക യാണ്. മിക്കവാറും എല്ലാ കാര്യങ്ങളും ഓൺലൈൻ അഥവാ ഇന്റർനെറ്റ് വഴിയാണെന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. നമ്മൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ ഉപയോഗിക്കാൻ അറിയുന്ന കണക്കൻ അഥവാ സെക്രട്ടറി തുടങ്ങിയ സൗകര്യങ്ങൾ ഇല്ല എന്നത് ന്യായീകരണമായി സർക്കാർ സ്വീകരിക്കുകയില്ല എന്നും ഓർക്കുക.

സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിലും കണക്കുകൾ സുതാര്യമായി സൂക്ഷിക്കുന്നതിലും സമയാസമയങ്ങളിൽ അവതരിപ്പി ക്കേണ്ട സമിതികളിൽ അവതരിപ്പിച്ച് പാസാക്കി രൂപതാകേന്ദ്രത്തിലേക്ക് അയയ്ക്കുന്നതിലും ഒട്ടുമിക്ക ഇടവകകളും സ്ഥാപനങ്ങളും ശ്രദ്ധ ചെലു ത്തുന്നുണ്ട് എന്നത് എടുത്തുപറയേണ്ട കാര്യമാണ്. എന്നാൽ അപ്ര കാരം ചെയ്യാത്ത ഇടവകകളും സ്ഥാപനങ്ങളും ഉണ്ട് എന്നതും വസ്തുതയാണ്. അപ്രകാരം ഇനിയും സംഭവിക്കാൻ ബന്ധപ്പെട്ടവർ അനുവദിക്കരുത് എന്നത് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

മേൽപ്പറഞ്ഞ കാര്യങ്ങൾ എളുപ്പമാക്കുന്നതിന് വേണ്ടി 2018 ഏപ്രിൽ 1 മുതൽ ചില നിശ്ചിത സ്ഥാപനങ്ങൾ ഒഴികെ ബാക്കി ഇടവ കകളും സ്ഥാപനങ്ങളും കണക്കുകൾ എഴുതേണ്ടതും രൂപതാകേന്ദ്ര ത്തിലേയ്ക്ക് അയക്കേണ്ടതും ഓൺലൈൻ ആയിട്ടാണ് എന്ന് ഇതി നകം എല്ലാ ബഹുമാനപ്പെട്ട വൈദികരേയും മറ്റ് ബന്ധപ്പെട്ടവരേയും അറിയിച്ചിട്ടുണ്ട്. അതിനുള്ള Software ഇതിനകം തന്നെ അവരെല്ലാവരും പരിചയപ്പെടുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വൈദികരെല്ലാവരും തന്നെ പൂർണ്ണമായി സഹകരിക്കുകയും താത്പര്യം കാണിക്കുകയും ചെയ്യുന്നുണ്ട് എന്നത് നന്ദിയോടും സന്തോഷത്തോടും കൂടി ഇവിടെ അനുസ്മരിക്കട്ടെ. ഇക്കാര്യങ്ങൾ ഏകോപിപ്പിക്കുന്നത് നമ്മുടെ രൂപതയുടെ പ്രൊക്യുറേറ്റർ ബഹുമാനപ്പെട്ട ജിൽസൺ കോക്ക ണ്ടത്തിൽ അച്ചനാണ്. അച്ചനേയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു. എന്തെങ്കിലും സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം അദ്ദേഹത്തെ സമീപി ച്ചാൽ സംശയനിവാരണം വരുത്താവുന്നതാണ്.

കണക്കെഴുതുന്നതുമായി ബന്ധപ്പെട്ട ചില പ്രധാനപ്പെട്ട കാര്യ ങ്ങൾ ചുവടെ ചേർക്കുന്നു. പ്രത്യേകമായി അവ നിങ്ങൾ ശ്രദ്ധിക്കണം എന്നഭ്യർത്ഥിക്കുന്നു.

**ഭൗതിക വസ്തുക്കളുടെ ഭരണത്തിനുള്ള നിയമങ്ങൾ**

1. മാനന്തവാടി രൂപതയിലെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും സാമ്പത്തിക ഇടപാടുകൾ നിയന്ത്രിക്കപ്പെടുന്നത് രൂപതാ നിയമാവലിയുടെ 604 മുതൽ 656 വരെയുള്ള വകുപ്പുകളും കാലാകാലങ്ങളിൽ പ്രാബല്യത്തിൽ വരുന്ന സഭാനിയമങ്ങൾക്കും സീറോമലബാർ പ്രത്യേക നിയമങ്ങൾക്കും രൂപതാ കേന്ദ്രത്തിൽ നിന്ന് പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായിട്ടാണ്. ബന്ധപ്പെട്ടവർ എല്ലാവരും ഈ നിയമങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കേണ്ടതും അതനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്.

**ബാങ്ക് അക്കൗണ്ട്, പാൻ കാർഡ്**

2. എല്ലാ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും വൈദികർക്കും പാൻ കാർഡ് നിർബന്ധമാണ്. ഇടവകവികാരിമാരായി ശുശ്രൂഷ ചെയ്യുന്ന സമർപ്പിതസമൂഹങ്ങളിലെ ബഹുമാനപ്പെട്ട വൈദികർക്കും പാൻ കാർഡ് ഉണ്ടായിരിക്കണം. കാരണം ഇടവകയുടെ റിട്ടേൺ സമർപ്പിക്കുമ്പോൾ ഇടവകയുടേയും വികാരിയുടേയും പാൻ കാർഡ് നമ്പറുകൾ ചേർക്കേണ്ടതുണ്ട്.
3. ഇടവകയുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളും ഇടവകയുടെ പാൻ കാർഡും വികാരിയുടെ മൊബൈൽ നമ്പറുമായി ബന്ധിപ്പിച്ചിരിക്കണം. വികാരി മാറുമ്പോൾ അല്ലെങ്കിൽ മൊബൈൽ നമ്പർ മാറുമ്പോൾ അക്കാര്യം ഉടൻ തന്നെ ബന്ധപ്പെട്ട ബാങ്കുകളുടെ ശ്രദ്ധയിൽ പെടുത്തി അപ്രകാരം ചെയ്യേണ്ടതാണ്.
4. പാൻ കാർഡ് ഇല്ലാത്ത സംഘടനകൾക്കും മറ്റും ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കാൻ സാധിക്കുകയില്ല. മിഷൻലീഗ്, കെ.സി.വൈ.എം., മാതൃവേദി തുടങ്ങിയ സംഘടനകളുടെ കണക്കുകൾ ബന്ധപ്പെട്ടവർ പ്രത്യേകം എഴുതുകയും മാസാമാസം ഇടവകയുടെ കണക്കിൽ ചേർക്കുകയും ചെയ്യേണ്ടതാണ്. അവർക്കായി പ്രത്യേക ലെഡ്ജർ ഹെഡ്ഡുകൾ ഇടവകയുടെ പൊതുകണക്കിൽ ഉണ്ടാകാം.
5. പാൻ കാർഡും മൊബൈൽ നമ്പറുമായി ബന്ധപ്പെടുത്താത്ത ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നതും പണം കൈമാറ്റം ചെയ്യുന്നതും നിയമവിരുദ്ധമാണ്. അതുപോലെ തന്നെ ഒരിടവകയ്ക്ക് അല്ലെങ്കിൽ സ്ഥാപനത്തിന് രണ്ട് പാൻ കാർഡുകൾ ഉണ്ടാകുന്നതും നിയമവിരുദ്ധമാണ്. അങ്ങനെ ഉണ്ടെങ്കിൽ അത് ഏത് സ്ഥാപനത്തിന്റേതാണോ അതിന്റെ കണക്കുകളുടെ റിട്ടേൺ വേറെ എഴുതുകയും പ്രത്യേകം റിട്ടേൺ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

6. ഇടവകയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന സ്വതന്ത്ര സ്ഥാപനങ്ങൾക്ക്, ഉദാ: സ്കൂൾ, നിർബന്ധമായും പാൻ കാർഡും സ്വന്തമായ ബാങ്ക് അക്കൗണ്ടും ഉണ്ടായിരിക്കണം. അവയുടെ വാർഷിക റിട്ടേണും സർക്കാരിലേക്ക് യഥാസമയം സമർപ്പിക്കേണ്ടതാണ്.
7. സ്വതന്ത്ര കുരിശുപള്ളികൾ എന്ന നിലയിൽ രൂപതാകേന്ദ്രത്തിൽ നിന്ന് അംഗീകാരം നേടി സ്വതന്ത്ര ചുമതലയുള്ള വൈദികനും കൈക്കാരന്മാരും ഭരണസമിതികളും ഇല്ലാത്ത എല്ലാ കുരിശുപള്ളികളുടേയും കണക്കുകൾ മാതൃഇടവകയുടെ കണക്കിലാണ് ഉൾപ്പെടുത്തേണ്ടത്. അതാത് കുരിശുപള്ളികൾ കൃത്യമായ കണക്കുകൾ സൂക്ഷിക്കുകയും മാസംതോറും അവ മാതൃഇടവകയുടെ കണക്കിൽ ചേർത്ത് ഭരണസമിതിയിൽ അവതരിപ്പിച്ച് പാസാക്കുകയും വേണം. സ്വതന്ത്രമല്ലാത്ത കുരിശുപള്ളികൾക്ക് പാൻ കാർഡ് ഇല്ലാത്തതിനാൽ അവരുടെ കണക്കുകൾ ഒരു പ്രത്യേക ഹെഡ്ഡിൽ മാതൃ ഇടവകയുടെ കണക്കിൽ ചേർക്കേണ്ടതാണ്.
8. ഇടവകകളുടെ ബാങ്ക് അക്കൗണ്ടുകൾ ബഹുമാനപ്പെട്ട വികാരിയുടേയും ഒരു കൈക്കാരന്റേയും പേരിലുള്ള ജോയിന്റ് അക്കൗണ്ടായിരിക്കണം. ബാങ്കിൽ നിക്ഷേപിക്കുമ്പോഴും ബാങ്കിൽ നിന്ന് പണം പിൻവലിക്കുമ്പോഴും രണ്ട് പേരും അറിഞ്ഞിരിക്കണം.

**ആദായനികുതി റിട്ടേൺ**

9. ഓരോ വർഷവും സെപ്റ്റംബർ 30-നകം തലേ സാമ്പത്തിക വർഷത്തെ ആദായനികുതി റിട്ടേൺ സമർപ്പിക്കേണ്ടതാണ്. ഫൈനോടുകൂടി നടപ്പ് വർഷം മാർച്ച് 31 വരെ സമർപ്പിക്കാവുന്നതാണ്. ആ സമയത്തിനുള്ളിലും സമർപ്പിച്ചില്ലെങ്കിൽ ശിക്ഷാനടപടികൾക്ക് വിധേയമാക്കാൻ സാദ്ധ്യതയുണ്ട്.
10. അതിനാൽ ഇടവകയുടേയും സ്ഥാപനങ്ങളുടേയും കണക്കുകൾ രൂപതാകേന്ദ്രത്തിൽ നിന്ന് അറിയിക്കുന്ന ക്രമത്തിൽ തന്നെ അറിയിക്കുന്ന സ്ഥലത്ത് കൊണ്ടുവന്ന് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്.
11. ഓഡിറ്റിന് വരുമ്പോൾ നാൾവഴി, തെരട്ട്ബുക്ക്, പെറ്റി ക്യാഷ്ബുക്ക്, ചെക്ക് രജിസ്റ്റർ, ഫിക്സഡ് ഡിപ്പോസിറ്റ് രജിസ്റ്റർ, ബാങ്ക് പാസ്സ്ബുക്കുകൾ, ചെക്ക് ബുക്കുകൾ എന്നിവ കരുതേണ്ടതാണ്.

**പ്രത്യേക ബുക്കുകൾ**

12. വരവും ചെലവും രേഖപ്പെടുത്താൻ ഒരു പെറ്റി ക്യാഷ്ബുക്ക് നിർബന്ധമായും ഉണ്ടായിരിക്കണം കാരണം എല്ലാ ദിവസവും അന്നന്നത്തെ കണക്കുകൾ എഴുതാൻ പറ്റിയെന്ന് വരില്ല. പിന്നീട് എഴുതുമ്പോൾ പലതും വിട്ടു പോയെന്ന് വരാം.

13. ചെക്കുകൾ കൊടുക്കുമ്പോൾ അത് രേഖപ്പെടുത്താനായി ഒരു ബുക്ക് ഉണ്ടായിരിക്കണം. ചെക്കുകൾ കൊടുക്കുമ്പോഴും ഓൺലൈൻ ആയി പണം നൽകുമ്പോഴും ഈ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.
14. ഫിക്സഡ് ഡിപ്പോസിറ്റ് രജിസ്റ്റർ, ഈ രജിസ്റ്ററിൽ ഫിക്സഡ് ഡിപ്പോസിറ്റ് നടത്തുമ്പോഴും പിൻവലിക്കുമ്പോഴും രേഖപ്പെടുത്തിയിരിക്കണം.
15. മസ്റ്റർ റോൾ: ഇടവകയോ സ്ഥാപനമോ സ്വന്തമായി പണിക്കാരെ വിളിച്ച് കൂലിപ്പണിയെടുപ്പിച്ചാൽ അവർക്കായി ഒരു മസ്റ്റർ റോൾ സൂക്ഷിക്കണം. ഓരോ ദിവസവും എത്രപേർ എന്തുജോലി എത്ര രൂപയ്ക്ക് എന്ന് അതിൽ രേഖപ്പെടുത്തണം. പണിക്കൂലി കൊടുത്ത ശേഷം അവരിൽ നിന്ന് വൗച്ചർ എഴുതി ഒപ്പിട്ട് വാങ്ങുകയും വേണം.

**അനുബന്ധരേഖകൾ**

16. ക്യാഷ്ബിൽ, ക്രഡിറ്റ് ബിൽ, വൗച്ചർ, രസീത്, ഇൻവോയിസ്, ഈ വേ ബിൽ, എസ്റ്റിമേറ്റ് നോട്ട്, പ്രോമിസ്സറി നോട്ട്, കരാർ രേഖകൾ തുടങ്ങിയവയാണ് അനുബന്ധരേഖകൾ എന്ന് അറിയപ്പെടുന്നത്.
17. കൈയ്യിൽ നിന്നും മറ്റും സാധനങ്ങൾ കടമായി വാങ്ങുമ്പോൾ ക്രഡിറ്റ് ബിൽ വാങ്ങിയിരിക്കണം. പണം കൊടുക്കുമ്പോൾ കിട്ടുന്ന ക്യാഷ് ബില്ലും രസീതും അതിനോടൊപ്പം ചേർത്ത് സൂക്ഷിക്കുകയും പണം കൊടുത്ത തീയതി വച്ച് ചെലവ് കണക്കിൽ ചേർക്കുകയും ചെയ്യണം.
18. എത്ര ചെറിയ തുകയായാലും വരവിനും ചെലവിനും രേഖകൾ ഉണ്ടായിരിക്കണം. ചെലവഴിക്കുന്ന തുക വലുതാണെങ്കിൽ, അതിനനുസരിച്ചുള്ള രേഖകൾ തന്നെ വേണം. അതായത് വൗച്ചറിൽ റവന്യൂ സ്റ്റാമ്പ് ഒട്ടിച്ച് അതിന്റെ മുകളിൽ വേണം ഒപ്പിടുവിക്കാൻ. സാധനങ്ങൾ വാങ്ങുമ്പോൾ കിട്ടുന്ന ബിൽ, കോണ്ട്രാക്ട് പണി ഏറ്റെടുക്കുമ്പോൾ കോണ്ട്രാക്ടർമാർ നൽകുന്ന ബിൽ, ദിവസക്കൂലിയും മറ്റും നോട്ടായി കൊടുക്കുമ്പോൾ പണം വാങ്ങുന്നയാൾ എഴുതിത്തരുന്ന വൗച്ചർ, വലിയ തുകകൾ കൊടുക്കുമ്പോൾ കടയിൽ നിന്നും മറ്റും കിട്ടുന്ന രസീത് തുടങ്ങിയവയെല്ലാം ഉണ്ടായിരിക്കണം.

**വിദേശസഹായം കിട്ടുന്നവർ ശ്രദ്ധിക്കാൻ**

19. വിദേശസംഭാവനകളെ നിയന്ത്രിക്കുന്ന നിയമനുസരിച്ച് രജിസ്റ്റർ ചെയ്യാത്ത ഇടവകകളും സ്ഥാപനങ്ങളും അവർക്ക് കിട്ടുന്ന എല്ലാ വിദേശസംഭാവനകളും രൂപതയുടെ പൊതു അക്കൗണ്ടിലൂടെ മാത്രമേ സ്വീകരിക്കാൻ പാടുള്ളു.

20. രൂപതയുടെ പൊതു അക്കൗണ്ടിലൂടെ വരുന്ന തുകകളുടെ വിശദ വിവരങ്ങൾ ഓരോ മാസവും ഇന്റലിജെൻസ് ഓഫീസർമാർക്ക് കൊടുക്കുകയും സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. അതിൽ പറഞ്ഞിരിക്കുന്ന ഉദ്ദേശ്യങ്ങൾക്കല്ലാതെ ആ പണം ചെലവഴിക്കാൻ പാടുള്ളതല്ല.
21. വിദേശസംഭാവനയായി കിട്ടുന്ന തുകകൾ മറ്റാർക്കെങ്കിലും കൊടുക്കാനോ കടം കൊടുക്കാനോ നിയമം അനുവദിക്കുന്നില്ല. വക മാറ്റി ചെലവഴിച്ചാൽ വലിയ ശിക്ഷകൾ കിട്ടാനും രജിസ്ട്രേഷൻ റദ്ദാക്കാനും സാധ്യതയുണ്ട്.
22. വ്യക്തികൾക്ക് കിട്ടുന്ന സംഭാവനകൾ അവരുടെ അക്കൗണ്ടിൽ രൂപയാക്കി മാറ്റിയശേഷം ഇടവകയ്ക്കോ സ്ഥാപനത്തിനോ കൊടുക്കുന്നതിൽ തടസ്സമില്ല. സംഭാവന സ്വീകരിക്കുന്നവർ ദാതാവിന്റെ പാൻ നമ്പർ അടക്കമുള്ള വിവരങ്ങൾ ചേർത്ത് കണക്കെഴുതുകയും ചെയ്യണം. പക്ഷേ അപ്പോൾ വ്യക്തികൾ തുകയുടെ വലിപ്പമനുസരിച്ച് സർക്കാരിലേക്ക് കണക്ക് കൊടുക്കേണ്ടി വരും.
23. രൂപതയുടെ പൊതു അക്കൗണ്ട് വഴി കിട്ടുന്ന തുക ഇടവകകളും സ്ഥാപനങ്ങളും അവരുടെ അക്കൗണ്ടിൽ ഒരു വർഷത്തിലധികം സൂക്ഷിക്കാൻ പാടില്ല. ആ തുക ഉപയോഗിച്ചുള്ള ഫിക്സഡ് ഡിപ്പോസിറ്റിനും ഇത് ബാധകമാണ്. ഒരു വർഷത്തിനുള്ളിൽ സ്വീകർത്താക്കൾക്ക് ചെലവഴിക്കാൻ പറ്റാതെ വന്നാൽ രൂപതാ കേന്ദ്രത്തിൽ നിന്നുള്ള ഉപദേശം തേടുകയും ലഭിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി ചെയ്യുകയും വേണം.
24. വലിയ തുകകൾ വിദേശസംഭാവന കിട്ടുന്നവർ എന്തു പണിക്കാണോ ആ പണം ഉപയോഗിക്കുന്നത് അതിനെ ഒരു പ്രത്യേക പദ്ധതിയായി കണക്കാക്കി പ്ലാൻ, എസ്റ്റിമേറ്റ്, ചെലവിന്റെ വിശദ വിവരങ്ങൾ എന്നിവ അനുബന്ധരേഖകളോടൊപ്പം പ്രത്യേകം കണക്കാക്കി സൂക്ഷിച്ചിരിക്കണം. പൊതുകണക്കിൽ കയറ്റി എല്ലാ മാസവും ബന്ധപ്പെട്ട സമിതികളിൽ അവതരിപ്പിച്ച് പാസാക്കുകയും വേണം. തെരട്ടിൽ ഈ വിവരങ്ങളും ഉണ്ടായിരിക്കണം.
25. വിദേശസംഭാവനയുടെ കണക്കുകൾ പ്രത്യേകമാണ് ഓഡിറ്റ് ചെയ്യുന്നത്. അതുകൊണ്ട് അതിനായി നിശ്ചയിച്ചിട്ടുള്ള സമയത്ത് തന്നെ ബിഷപ്പ്സ് ഹൗസിൽ കൊണ്ടുവന്ന് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്.

**പൊതുപ്പിരിവുകൾ**

26. രൂപതാ കേന്ദ്രത്തിലേക്ക് അടയ്ക്കേണ്ടതായ വിവിധ പിരിവുകൾ അവ പിരിച്ചെടുത്താൽ തുടർന്നുള്ള ആഴ്ചയിൽ തന്നെ രൂപതാ

കേന്ദ്രത്തിൽ അടയ്ക്കാനായി പരിശ്രമിക്കുക. കാരണം പലതും അതേ മാസത്തിൽ തന്നെ അതിനുള്ള സ്ഥലങ്ങളിലേക്ക് അയച്ചു കൊടുക്കേണ്ടതായിട്ടുണ്ട്. എല്ലാം കിട്ടാൻ കാത്തു നിൽക്കാതെ കിട്ടുന്ന ക്രമത്തിൽ അടക്കാവുന്നതാണ്. ദുരിതാശ്വാസ സംഭാവന കൾ പോലെയുള്ളവ പെട്ടെന്ന് കിട്ടിയില്ലെങ്കിൽ അവകൊണ്ട് ഉദ്ദേ ശിച്ച ഫലം ചെയ്യുകയില്ല. മാത്രമല്ല പിന്നീട് സർക്കാരിൽ നിന്ന് അന്വേഷണവും ഉണ്ടാകാം.

27. തുക ചെക്കായോ ഓൺലൈനായോ അടക്കുന്നതാണ് കൂടുതൽ സ്വീകാര്യം. ഓൺലൈനായിട്ടാണ് അടക്കുന്നതെങ്കിൽ എവിടെ നിന്നാ ണെന്നും എന്തിന് വേണ്ടിയാണെന്നും ബഹുമാനപ്പെട്ട പ്രൊക്യുറേ റ്ററച്ചനെയൊ ഓഫീസിലുള്ള സിസ്റ്ററിനെയോ വിളിച്ചറിയിക്കേണ്ട താണ്. എസ്.എം.എസ്. ചെയ്താലും മതി. അല്ലെങ്കിൽ കണക്കെഴു താൻ ബുദ്ധിമുട്ടാകും.

28. കിട്ടുന്ന തുകകൾ പൂർണ്ണമായും ഇടവകയുടെ അല്ലെങ്കിൽ സ്ഥാപ നത്തിന്റെ കണക്കിൽ ചേർക്കുകയും മുഴുവൻ തുകയും രൂപതാ കേന്ദ്രത്തിൽ അടക്കുകയും ചെയ്യണം എന്ന് പ്രത്യേകം ഓർമ്മപ്പെ ടുത്തുന്നു.

**ഇടവകയിൽ നിന്നുള്ള 10% വിഹിതം**

29. ഇടവകയിൽ നിന്ന് കൊടുക്കേണ്ടതായ 10% വിഹിതം ഓരോ മാസവും അടക്കുന്നത് ഉചിതമായിരിക്കും.

30. 10% കൊടുക്കാതിരിക്കാൻ വേണ്ടി വരവിന്റെ പേരു മാറ്റി ചേർക്കു ന്നത് ഉചിതമല്ല എന്ന് ഓർക്കുമല്ലോ.

31. വളരെ ബുദ്ധിമുട്ടുള്ള ഇടവകകൾ ചിലപ്പോൾ 10% കൊടുക്കുന്ന തിൽ നിന്ന് ഇളവ് ചോദിക്കാറുണ്ട്. അവർക്ക് കൊടുക്കാറുമുണ്ട്. എന്നാൽ അവർ കൃത്യമായി അടയ്ക്കേണ്ട തുക ആദ്യം അടയ്ക്കേ ണ്ടതാണ്. പിന്നീട് അവരുടെ ആവശ്യം സൂചിപ്പിച്ചുകൊണ്ട് പൊതു യോഗത്തിന്റെ അല്ലെങ്കിൽ പ്രതിനിധി യോഗത്തിന്റെ തീരുമാനം എന്ന രൂപത്തിൽ സഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. പല പ്പോഴും അടച്ച തുകയിലും കൂടുതൽ കൊടുക്കാൻ കഴിയും. രൂപതാ കേന്ദ്രത്തിന്റെ കണക്കുകളിൽ ഇടവകകളിൽ നിന്ന് കിട്ടുന്നതും അവർക്ക് കൊടുക്കുന്നതുമായ കണക്കുകൾ കൃത്യമായിരിക്കാൻ വേണ്ടിയാണ് ഇപ്രകാരം ചെയ്യാൻ ആവശ്യപ്പെടുന്നത്.

**പ്രത്യേക നിർമ്മാണപ്രവർത്തനങ്ങളുടെ കണക്കുകൾ**

32. ഇടവകയിൽ നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങളുടെയും കണക്കു കൾ എല്ലാ മാസവും പൊതുകണക്കിൽ ഉൾപ്പെടുത്തി തെരട്ട് അയ

ക്കേണ്ടതാണ്. അത്തരം ഇടവകകളിലെ പൊതുകണക്കുകൾ കൃത്യമായി കിട്ടാറുണ്ടെങ്കിലും നിർമ്മാണത്തിന്റെ കണക്കുകൾ തരാറില്ല. പലപ്പോഴും നിർമ്മാണം പൂർത്തിയായി കുറേക്കാലം കഴിഞ്ഞിട്ടായിരിക്കും അവ ലഭ്യമാക്കുന്നത്. ഇങ്ങനെ ചെയ്യുന്നത് പലതരം ബുദ്ധിമുട്ടുകൾക്കും അനാവശ്യമായ വഴക്കുകൾക്കും ഇടയാകുന്നുണ്ട്. ഓഡിറ്റ് കൃത്യസമയത്ത് നടത്താൻ പറ്റുന്നില്ല എന്നതാണ് ഒരു കാര്യം. രണ്ടാമതായി ഇടവകജനങ്ങളിൽ കുറേപ്പേരെങ്കിലും ഇടവക വികാരിയുടെ വിശ്വാസ്യതയെ ചോദ്യം ചെയ്തെന്ന് വരാം. അത് പിന്നീട് വലിയ വഴക്കിലേക്കും പിളർപ്പിലേക്കും ഇടവകയെ തള്ളിവിടും. രൂപതാ കേന്ദ്രത്തിന് അനാവശ്യമായ ബുദ്ധിമുട്ടുകളും ഉണ്ടാക്കും. ആയതിനാൽ എല്ലാ മാസവും പൊതുകണക്കിനോട് ചേർത്ത് രൂപതാ കേന്ദ്രത്തിലേക്ക് നൽകേണ്ടതാണ്.

**തുകകൾ കൊടുക്കുമ്പോഴും വാങ്ങുമ്പോഴും ശ്രദ്ധിക്കാൻ**

33. 10000 (പതിനായിരം) രൂപയിൽ കൂടിയ തുക ഒരു ദിവസം ഒരു വ്യക്തിക്കോ സ്ഥാപനത്തിനോ പണമായി കൊടുക്കുന്നത് നിയമവിരുദ്ധമാണ്. അതിന് മുകളിലുള്ള തുകകൾ ചെക്ക് രൂപത്തിൽ അല്ലെങ്കിൽ ഓൺലൈനായി മാത്രമേ കൊടുക്കാവൂ.
34. ഇപ്രകാരമുള്ള തുകകൾ സ്വീകരിക്കാൻ ഒരു മതസ്ഥാപനമെന്ന നിലയിൽ ഇടവകകൾക്ക് അനുവാദമുണ്ടെങ്കിലും അത് തന്നയാളിന്റെ (Donor) പൂർണ്ണമായ പേരും പാൻ കാർഡ് നമ്പർ, മൊബൈൽ നമ്പർ എന്നിവ അടക്കമുള്ള വിവരങ്ങളും കണക്കുബുക്കിൽ ഉണ്ടായിരിക്കണം.
35. പള്ളിയിലേക്ക് തിരുസ്വരൂപങ്ങളും മറ്റും സ്പോൺസർ ചെയ്യുന്നവരുടെ പൂർണ്ണ മേൽവിലാസവും പാൻ കാർഡ് നമ്പർ, മൊബൈൽ നമ്പർ, ചെലവായ തുക, അത് വാങ്ങിയ സ്ഥലം അഥവാ കട അല്ലെങ്കിൽ കമ്പനി എന്നിവ അടക്കമുള്ള വിവരങ്ങളും ഇടവകയിലെ ഫയലിൽ സൂക്ഷിച്ചിരിക്കണം. അതിനായി ഒരു രജിസ്റ്റർ ഉള്ളത് നല്ലതാണ്. അപ്രകാരം ചെയ്യാത്ത പക്ഷം പള്ളിയിൽ നിന്ന് വാങ്ങിയതായും അവയ്ക്ക് കൊടുത്ത തുക കണക്കിൽ പെടുത്താത്തതായും ആദായ നികുതി ഉദ്യോഗസ്ഥർ വ്യാഖ്യാനിച്ചെന്ന് വരാം.
36. എന്തെങ്കിലും സാധനങ്ങൾ ഓർഡർ ചെയ്യുമ്പോൾ അതിന് കൊടുക്കുന്ന തുക ഇന്ന വസ്തുവിന് അഡ്വാൻസ് എന്നെഴുതി സാധനം ഉൾപ്പെടേണ്ടതായ ഹെഡ്ഡിൽ ഉൾപ്പെടുത്തി രസീത് വാങ്ങി സൂക്ഷിക്കേണ്ടതാണ്. പിന്നീട് സാധനം ലഭിക്കുമ്പോൾ ബാക്കി തുകയും കൊടുത്ത് അതിനും രസീത് വാങ്ങണം. പൂർണ്ണമായ തുകക്കുള്ള ബില്ലും വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

**സ്ഥാപനങ്ങൾ തമ്മിലുള്ള പണം കൈമാറ്റം**

37. രണ്ട് ട്രസ്റ്റുകൾ തമ്മിൽ ഒരു വർഷത്തിലേറെയുള്ള കാലാവധിക്ക് പണം കടം കൊടുക്കുന്നത് നിയമവിരുദ്ധമാണ്. കൊടുത്താൽ അതാത് വർഷം തന്നെ അവ തിരികെ കൊടുക്കുകയും കണക്കിൽ ചേർക്കുകയും വേണം.
38. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വരവിൽ നിന്ന് യാതൊരു കാരണ വശാലും മറ്റൊരു വിദ്യാഭ്യാസ സ്ഥാപനത്തിലേക്കല്ലാതെ പണം മാറ്റാൻ പാടുള്ളതല്ല. അപ്രകാരം ചെയ്യുന്നത് നിയമവിരുദ്ധമാണ്. കടമായോ സംഭാവനയായോ ഒന്നും ഇപ്രകാരം ചെയ്യാൻ നിയമം അനുവദിക്കുന്നില്ല.
39. പണം അഡ്വാൻസായി ആർക്കെങ്കിലും കൊടുത്താൽ അതിന്റെ വിശദവിവരങ്ങൾ കണക്കിൽ ചേർക്കേണ്ടതാണ്. പണം വാങ്ങിയ ആളിൽ നിന്ന് പ്രോമിസറി നോട്ട് പോലെയുള്ള രേഖകളും ഒപ്പിടുവിച്ച് വാങ്ങി സൂക്ഷിക്കണം. പണം തിരികെ തന്നു കഴിയുമ്പോൾ അക്കാര്യം വികാരി രേഖപ്പെടുത്തി ആ രേഖ തിരികെ കൊടുക്കുകയും ഒരു പകർപ്പ് ഇടവകയുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യണം.

**കണക്കെഴുതാൻ ഓൺലൈൻ രീതി**

40. പല ഇടവകകളിലും ഇപ്പോൾ തന്നെ ഉപയോഗത്തിലിരിക്കുന്ന സോഫ്റ്റ് വെയറിന്റെ ഓൺലൈൻ പതിപ്പാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. അതുകൊണ്ട് ആ സോഫ്റ്റ് വെയർ ഉപയോഗിച്ചിരുന്നവർക്ക് പഴയ കണക്കുകൾ പുതിയ സിസ്റ്റത്തിലേക്ക് മാറ്റാൻ പ്രയാസമില്ല.
41. കണക്കുകൾ ഓൺ ലൈൻ ആയി ചെയ്യാൻ ഓരോ ഇടവകയിലും ആവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, ഇന്റർനെറ്റ് കണക്ഷൻ ഇവയെല്ലാം ഉണ്ടായിരിക്കണം. അവ ഉപയോഗിക്കാൻ പരിചയമുള്ള സെക്രട്ടറി അഥവാ കണക്കനും ഉണ്ടായിരിക്കണം. ഏതെങ്കിലും ഇടവകക്ക് അപ്രകാരം സാധിക്കുന്നില്ലെങ്കിൽ മറ്റേതെങ്കിലും ഇടവകയുമായി സഹകരിച്ച് ചെയ്യാവുന്നതാണ്. അങ്ങനെ ചെയ്യാൻ പറ്റുന്ന രീതിയിലാണ് സോഫ്റ്റ് വെയർ സംവിധാനം ചെയ്തിരിക്കുന്നത്.
42. യൂസർ നെയിം, പാസ്സ്വേർഡ് എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് ഇപ്പോഴത്തെ പതിപ്പ് പ്രവർത്തിക്കുന്നത്. നമ്മുടെ ഈ മെയിൽ യൂസർ നെയിം, പാസ്സ് വേർഡ് എന്നിവ മറ്റാരുമായും നമ്മൾ പങ്കുവയ്ക്കാറില്ലല്ലൊ. കാരണം അവ നമ്മൾ അറിയാതെ ആരെങ്കിലും

മാറ്റിയെന്ന് വരാം. പിന്നെ നമുക്ക് നമ്മുടെ ഈമെയിൽ തുറക്കാൻ കഴിയില്ല. ഇതുപോലെതന്നെയാണ് പുതിയ സോഫ്റ്റ് വെയറിന്റെ രീതിയും. വികാരിയച്ചനും കണക്കനുമല്ലാതെ മറ്റാരും പാസ്സ് വേർഡ് അറിയാൻ പാടില്ല.

43. ഇടക്കിടെ പാസ്സ് വേർഡ് മാറ്റേണ്ടതാണ്. ഹാക്കർമാരിൽ നിന്ന് നമ്മുടെ സിസ്റ്റത്തെ സുരക്ഷിതമാക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. അതുപോലെതന്നെ എളുപ്പത്തിൽ മനസ്സിലാക്കാൻ പറ്റാത്ത അത്ര സങ്കീർണ്ണവും ശക്തവുമായ പാസ്സ് വേർഡ് ഉപയോഗിക്കാൻ ശ്രദ്ധിക്കണം.
44. യൂസർ നെയിം, പാസ്സ് വേർഡ് തുടങ്ങിയവ ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി ബഹുമാനപ്പെട്ട വികാരിയച്ചന്റെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ നേതൃത്വത്തിലുള്ളയാളുടെ പക്കൽ സൂക്ഷിക്കേണ്ടതാണ്. കാരണം അവ മറന്നു പോകാനുള്ള സാദ്ധ്യത ഏറെയാണ്. അങ്ങനെ വന്നാൽ പിന്നെ സൈറ്റ് തുറക്കുക ദുഷ്കരമാകും.
45. അനധികൃതമായി ആരെങ്കിലും സൈറ്റ് തുറന്നിട്ടുണ്ടോ എന്ന് ബന്ധപ്പെട്ടവർ ഇടക്കിടെ പരിശോധിച്ചുകൊണ്ടിരിക്കണം.

**കണക്കെഴുതുമ്പോൾ ശ്രദ്ധിക്കാൻ**

46. വരവിൽ കൂടുതൽ ചെലവ് ഒരിക്കലും വരാൻ പാടുള്ളതല്ല. അങ്ങനെ വരുന്നെങ്കിൽ ചെലവാക്കിയ പണം ആരിൽ നിന്നെങ്കിലും കടമായി വാങ്ങിയതാകണമല്ലോ. അപ്പോൾ കടം തന്നയാളിന് അതിനായി പ്രോമിസറി നോട്ട് പോലെയുള്ള രേഖകൾ കൊടുക്കുകയും തിരികെ കൊടുത്ത് കഴിയുമ്പോൾ അപ്രകാരം രേഖപ്പെടുത്തി ആ രേഖകൾ തിരികെ വാങ്ങി ഫയലിൽ സൂക്ഷിക്കുകയും ചെയ്യണം. ഒരു പകർപ്പ് കടം തന്നയാളിനും കൊടുക്കണം. ഇത് വികാരിയിൽ നിന്ന് വാങ്ങുമ്പോഴും ചെയ്യണം.
47. കടം വാങ്ങുന്ന തുക നിയമത്തിന്റെ പരിധിയിൽ അനുവദിക്കുന്നത്ര മാത്രമേ നോട്ടായി വാങ്ങാൻ പാടുള്ളു. ഒരു സാമ്പത്തിക വർഷം ഒരു വ്യക്തിയിൽ നിന്ന് 20000 (ഇരുപതിനായിരം) രൂപയിൽ കൂടുതൽ പണമായോ കടമായോ അഡ്വാൻസ് ആയോ വാങ്ങാൻ പാടുള്ളതല്ല. ബാക്കി ബങ്കിലൂടെ തന്നെ വേണം വാങ്ങാൻ, കൈവായ്പയായി വാങ്ങിയാലും ഇപ്രകാരം തന്നെ ചെയ്യണം.
48. എന്നാണോ കടം വാങ്ങിയത് ആ തീയതി തന്നെയായിരിക്കണം കണക്കിലും കാണേണ്ടത്.
49. കടം വാങ്ങുന്ന തീയതിക്ക് മുമ്പായി ചെലവ് എഴുതാനും പാടുള്ളതല്ല.

50. കടം വാങ്ങുന്ന തുകകൊണ്ട് സാധനങ്ങൾ വാങ്ങുകയും പണിക്കൂലി കൊടുക്കുകയും മറ്റും ചെയ്യുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുകയും ബില്ലുകളും വൗച്ചറുകളും അതിനനുസരിച്ച് വാങ്ങുകയും ചെയ്യേണ്ടതാണ്.

**ടി.ടി.എസ്. (Tax Deducted at Source)**

51. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന പള്ളികൾക്ക് നിർബന്ധമായും TAN number (Tax Deduction and Collection Account Number (TAN) is a 10 digit number issued to persons who are required to deduct or collect tax on payments made by them under the Indian Income Tax Act, 1961) ഉണ്ടായിരിക്കേണ്ടതാണ്.
52. TDS on professional charges: പ്ലാൻ തയ്യാറാക്കുകയും മറ്റും ചെയ്യുമ്പോൾ എഞ്ചിനീയർക്ക് നൽകുന്ന തുക മുപ്പതിനായിരം രൂപയിൽ കൂടിയാൽ കൊടുക്കുന്ന തുകയുടെ 10% ടി.ഡി.എസ്. പിടിക്കേണ്ടതാണ്. ബാക്കിയുള്ളതേ എഞ്ചിനീയർക്ക് കൊടുക്കാൻ പാടുള്ളൂ.
53. PAN ഇല്ലാത്തവർക്ക് professional charge കൊടുക്കുമ്പോൾ 20% ടി.ഡി.എസ്. പിടിക്കേണ്ടതാണ്.
54. പള്ളികളുടെ ടി.ഡി.എസ്. ഏതെങ്കിലും കാരണവശാൽ പിടിച്ചിട്ടുണ്ടെങ്കിൽ (ഉദാഹരണം- 10000 (പതിനായിരം) രൂപയിൽ കൂടുതൽ കിട്ടുന്ന ബാങ്ക് പലിശയിന്മേൽ ബാങ്ക്കാർ പിടിച്ച് സർക്കാരിലേക്ക് അടക്കുന്നത്, വാടകക്കാരിൽ നിന്ന് പിടിച്ച് അടക്കുന്നത് തുടങ്ങിയവ) പള്ളികളുടെ ഇൻകം ടാക്സ് റിട്ടേൺ സമർപ്പിക്കുമ്പോൾ അത് തിരിച്ചു ലഭിക്കുന്നതാണ്. ഇടവകയുടെ അക്കൗണ്ടിലേക്കാണ് അത് എത്തുന്നത്.
55. ഇടവകകൾ ടി.ഡി.എസ്. പിടിച്ചിട്ടുണ്ടെങ്കിൽ ആ തുക തുടർന്ന് വരുന്നമാസം ഏഴാം തീയതിക്കുള്ളിൽ ഇൻകം ടാക്സ് ഓഫീസിൽ അടക്കേണ്ടതും QUARTERLY TDS റിട്ടേൺ ഫയൽ ചെയ്യേണ്ടതുമാണ്. ഫയൽ ചെയ്യാത്തപക്ഷം 200 രൂപ ഒരു ദിവസം എന്ന രീതിയിൽ ഫൈൻ അടക്കേണ്ടിവരും.
56. TDS ON LAND PUCHASE: അമ്പതുലക്ഷം രൂപയ്ക്ക് മുകളിൽ ഭൂമി വാങ്ങിയാൽ ഉടമയ്ക്ക് കൊടുക്കുന്ന തുകയ്ക്ക് 1% TDS പിടിച്ച് സർക്കാരിലേക്ക് അടക്കേണ്ടതാണ്.
57. കോൺട്രാക്ട് പണികൾ വ്യക്തികൾക്ക് കൊടുക്കുമ്പോൾ കൊടുക്കുന്ന തുക ഒരു വർഷം ഒരു ലക്ഷം രൂപയിൽ അധികമാണെങ്കിൽ ഒരു ശതമാനവും കമ്പനികൾക്ക് കൊടുക്കുമ്പോൾ രണ്ട് ശതമാനവും ടി.ഡി.എസ്. പിടിച്ച് സർക്കാരിലേക്ക് അതാത് മാസം തന്നെ

അടക്കേണ്ടതാണ്. അറ്റകുറ്റപ്പണികൾ നടത്താൻ കരാർ കൊടുത്താലും ഇപ്രകാരം ചെയ്തിരിക്കണം.

58. കോൺട്രാക്ട് കൊടുക്കുന്ന പണികൾക്ക് കോൺട്രാക്ടർ വാങ്ങുന്ന സാധനങ്ങളുടെ ബിൽ തരുന്നില്ലെങ്കിൽ അതും കോൺട്രാക്ട് തുകയിൽ പെടുത്തി ടി.ഡി.എസ് പിടിച്ച് സർക്കാരിലേക്ക് അടക്കേണ്ടതാണ്.

59. ഇപ്പോൾ പുതുതായി ഉപയോഗിക്കാൻ തുടങ്ങുന്ന ഓൺലൈൻ സോഫ്റ്റ് വെയർ സർവ്വീസ് ഇനത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ അതിനായി കൊടുക്കുന്ന തുകകൾക്ക് ഓരോ പ്രാവശ്യവും കൊടുക്കുമ്പോൾ ടി.ഡി.എസ് പിടിച്ച ശേഷമുള്ള തുക മാത്രമേ കൊടുക്കാവൂ. അങ്ങനെ പിടിച്ച തുക അതാത് മാസം തന്നെ സർക്കാരിലേക്ക് അടക്കുകയും ചെയ്യണം.

60. പണിക്കാർ കോൺട്രാക്ടർ വഴിയാണ് വരുന്നതെങ്കിൽ അക്കാര്യം രേഖപ്പെടുത്തുകയും കോൺട്രാക്ടറുടെ പേരിൽ ടി.ഡി.എസ് പിടിച്ച് സർക്കാരിലേക്ക് ഓരോ മാസവും അടക്കുകയും ചെയ്യണം. ടി.ഡി.എസ് പിടിക്കാത്തപക്ഷം ചെലവായതിന്റെ 30% കുറച്ചുള്ള തുക മാത്രമേ കൊടുത്തതായി ആദായനികുതി വകുപ്പ് പരിഗണിക്കുകയുള്ളു. ടി.ഡി.എസ് പിടിച്ച് അടക്കാത്തതിനുള്ള ശിക്ഷയാണത്. ഫൈനടക്കം കോൺട്രാക്ട് കൊടുത്തയാളിൽ നിന്ന് ഈടാക്കുകയും ചെയ്യും.

61. ടി.ഡി.എസ് അടക്കുന്നത് ഓൺ ലൈനായിട്ടാണ്. അതിനായി അദ്ദേഹത്തിന്റെ പാൻകാർഡ്, ടാൻ വിവരങ്ങൾ മറ്റും നേരത്തെ തന്നെ വാങ്ങി വച്ചിരിക്കണം.

62. ടി.ഡി.എസ് തുക ടി.ഡി.എസ്. എന്ന ഹെഡ്ഡിൽ തന്നെ കണക്കിൽ ചേർക്കണം. അത് കുറച്ച് മാത്രമേ കോൺട്രാക്ടർക്ക് കൊടുക്കാവൂ. കണക്കെഴുതുമ്പോൾ കൊടുത്ത തുക എഴുതിയാൽ മതി. ബാക്കി ടി.ഡി.എസ് എന്ന ഹെഡ്ഡിൽ ഉണ്ടാകുമല്ലോ.

**കണക്കുകൾ രൂപതാ കേന്ദ്രത്തിലേക്ക് അയക്കുമ്പോൾ ശ്രദ്ധിക്കാൻ**

63. ഓരോ മാസവും 15-ന് മുമ്പായി തലേ മാസത്തെ കണക്കുകൾ പൊതുയോഗത്തിലോ പ്രതിനിധി യോഗത്തിലോ അവതരിപ്പിച്ച് പാസാക്കി ബഹുമാനപ്പെട്ട വികാരിമാരോ സ്ഥാപനത്തിന്റെ ഉത്തരവാദിത്വപ്പെട്ടവരോ പരിശോധിച്ച് ശരിയെന്ന് ഉറപ്പു വരുത്തിയ ശേഷം രൂപതാ കേന്ദ്രത്തിലേക്ക് ഓൺലൈനായി അയക്കേണ്ടതാണ്. അയച്ചു കഴിഞ്ഞാൽ പിന്നെ തുകകൾ കൂടുതലായി ആ മാസത്തെ കണക്കിൽ ചേർക്കാനോ കണക്കിൽ നിന്ന് മാറ്റാനോ കഴിയുന്നതല്ല.

അങ്ങനെ വേണമെന്നുണ്ടെങ്കിൽ അതിന് രൂപതാ കേന്ദ്രത്തിൽ നിന്ന് പ്രത്യേക അനുവാദം വാങ്ങുകയും വീണ്ടും കണക്ക് പാസാക്കി അയക്കുകയും ചെയ്യണം.

64. തിരട്ട് രൂപതാ കേന്ദ്രത്തിലേക്ക് അയക്കുന്നതോടൊപ്പം അതിന്റെ ഒരു പകർപ്പ് പ്രിന്റ് ചെയ്ത് ഫയലിൽ വയ്ക്കുകയും വർഷാവസാനം ബുക്ക് രൂപത്തിൽ ബയിന്റ് ചെയ്ത് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഓരോ ദിവസത്തേയും കണക്കും (Day Book) ഇപ്രകാരം തന്നെ പ്രിന്റ് ചെയ്ത് സൂക്ഷിക്കണം. ആദായ നികുതി വകുപ്പുകാർ പരിശോധനക്കായി ആവശ്യപ്പെട്ടാൽ പ്രിന്റ് ചെയ്തവയാണ് ഹാജരാക്കേണ്ടത്.

65. കണക്കുബുക്കുകളും അനുബന്ധ രേഖകളും ഒരിക്കലും നശിപ്പിക്കാൻ പാടുള്ളതല്ല. നിശ്ചിത വർഷത്തേക്ക് മാത്രം സൂക്ഷിച്ചാൽ മതി എന്ന് പറയുന്നുണ്ടെങ്കിലും എന്തെങ്കിലും തരത്തിലുള്ള കേസുകൾ ഉണ്ടായാൽ നമ്മുടെ ഭാഗം തെളിയിക്കാൻ മേൽപ്പറഞ്ഞവ ആവശ്യമായി വരും.

66. 2018 ഏപ്രിൽ മാസം മുതൽ കടലാസ് തിരട്ടുകൾ ഉണ്ടായിരിക്കുന്നതല്ല.

നമ്മുടെ രൂപതയുടെ പൊതുവായിട്ടുള്ളതും ഇടവകകളുടേയും സ്ഥാപനങ്ങളുടേതുമായ എല്ലാ സാമ്പത്തിക ഇടപാടുകളും ഏവർക്കും മാതൃകയാകട്ടെ എന്ന് ആഗ്രഹിക്കുകയും ആശംസിക്കുകയും അതിനായി ഏവരേയും ഈശോ പ്രചോദിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2018 മാർച്ച് മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലറിന്റെ ഉള്ളടക്കം സമയം അനുവദിക്കുന്ന ക്രമത്തിൽ വിശ്വാസിസമൂഹത്തിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 05/2018***
***Prot. No. 21239/2018***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടരേ,

പേമാരിയും വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉരുൾപൊട്ടലും എല്ലാം ചേർന്ന് ദുരിതമയമാക്കിയ കേരള ജനതയുടെ ജീവിതം സാവധാനം സാധാരണ നിലയിലേക്ക് മടങ്ങി വന്നുകൊണ്ടിരിക്കുകയാണ്. കാലാവസ്ഥയും ഏകദേശം സാധാരണ നിലയിലായിക്കഴിഞ്ഞിരിക്കുന്നു. എങ്കിലും ഇനിയും പലസ്ഥലത്തും വെള്ളം ഇറങ്ങാനുണ്ട്. പലരും ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ തന്നെയാണ്. അവർക്കും താമസംവിനാ തങ്ങളുടെ സ്വന്തം വീടുകളിലേക്ക് മടങ്ങാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇത്തരുണത്തിൽ നമ്മുടെ പ്രാർത്ഥനകൾ ശ്രവിച്ച നല്ല ദൈവത്തിന് കൃതജ്ഞതയർപ്പിക്കാം.

മനുഷ്യൻ ഒറ്റക്ക് ഒന്നുമല്ലെന്നും എന്നാൽ പരസ്പര സ്നേഹത്തോടെ ഒന്നിച്ചു നിന്നാൽ എല്ലാമാണെന്നും നമ്മൾ മനസിലാക്കിയ ദിവസങ്ങളാണ് കടന്നു പോയത്. ദൈവത്തിന്റെ സ്വന്തം നാട് എന്ന് നമ്മൾ പേരിട്ട് വിളിക്കുന്ന നമ്മുടെ കേരളത്തിൽ ഇപ്പോഴുള്ള ഈ സ്നേഹാന്തരീക്ഷം എന്നുമെന്നും നിലനിൽക്കട്ടെ. ജാതിയും മതവും ഭാഷയും രാഷ്ട്രീയവും സമ്പത്തും ദാരിദ്ര്യവും ഒന്നും നമ്മളെ ഭിന്നിപ്പിക്കാതിരിക്കട്ടെ. നമുക്ക് പരസ്പരം നന്ദിയുള്ളവരായിരിക്കാം. എന്നും എല്ലാവർക്കും പരസ്പരം ആവശ്യമുണ്ടാകും എന്ന സത്യത്തെ എന്നും നമ്മുടെ ഓർമ്മയിൽ നിലനിർത്താം.

മാനന്തവാടി രൂപതയുടെ ഭൂരിഭാഗവും ഉൾകൊള്ളുന്ന വയനാട് ജില്ലയിലും മലപ്പുറം ജില്ലയിലെ മൂലേപ്പാടം പ്രദേശവും കണ്ണൂർ ജില്ലയിലെ അമ്പായത്തോട് കൊട്ടിയൂർ പ്രദേശങ്ങളും ഈ ദുരിതത്തിന്റെ ഇരകളായിരുന്നു. എല്ലായിടത്തും തന്നെ നമ്മുടെ സഹോദരങ്ങൾ രൂപതയ്ക്കകത്തുനിന്നും പുറത്തു നിന്നും സഹായഹസ്തവുമായി ഓടിയെത്തി. പലയിടങ്ങളിലും ദുരിതാശ്വാസക്യാമ്പുകൾ നമ്മുടെ രൂപതയിലെ സ്കൂളുകളിലും കോളേജുകളിലും പാരീഷ് ഹാളുകളിലും പള്ളി

കളിൽ പോലുമാണ് പ്രവർത്തിച്ചത്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നേതൃത്വം വഹിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്ത രൂപതാകേന്ദ്രവും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. രൂപതയിലെ ബഹു. വൈദികരും സമർപ്പിതരും അത്മായ സഹോദരങ്ങളും എല്ലാം തോളോടുതോൾ ചേർന്ന് പ്രവർത്തിച്ചു. രൂപതയുടെ വിവിധ ഡിപ്പാർട്ട്മെന്റുകളും രൂപതയിലെ സന്യാസസമൂഹങ്ങളും സംഘടനകളും സ്ഥാപനങ്ങളും ഇടവകകളും വൈദിക വിദ്യാർത്ഥികളും വ്യക്തികളും എല്ലാം ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഒറ്റക്കെട്ടായും ഏകോപനത്തോടെയും പ്രവർത്തിച്ചു എന്നത് ഏറെ ചാരിതാർത്ഥ്യം നൽകുന്ന ഒന്നാണ്. പ്രതികൂല കാലാവസ്ഥയെ അവഗണിച്ച് വിവിധസ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്താൻ രൂപതയുടെ ആതുരശുശ്രൂഷാ സംഘത്തോട് ഒത്തുചേർന്ന കമില്യൻ ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമായിരുന്നു. എല്ലാവരെയും നന്ദിപൂർവ്വം ഓർക്കുകയും ഏവർക്കും ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു.

നമ്മുടെ ആവശ്യനേരത്ത് അവശ്യവസ്തുക്കളുമായി ആദ്യം തന്നെ ഓടിയെത്തിയ തൃശൂർ അതിരൂപതാംഗങ്ങളേയും നമ്മുടെ മാതൃരൂപതയായ തലശ്ശേരി അതിരൂപതയേയും അതിരൂപതയിലെ വിവിധ സംഘടനകളേയും സന്യാസസമൂഹങ്ങളേയും ഇടവകകളേയും സ്ഥാപനങ്ങളെയും വ്യക്തികളേയും നന്ദിപൂർവ്വം ഓർക്കുന്നു. നമ്മുടെ സഹോദര രൂപതകളായ ബെൽത്തങ്ങാടി, ഭദ്രാവതി, മണ്ഡ്യ, ഷംഷാബാദ്, തിരുവനന്തപുരം (ലത്തീൻ) അതിരൂപത എന്നിവിടങ്ങളിൽ നിന്ന് നമുക്ക് വലിയ രീതിയിലുള്ള സഹായങ്ങൾ ലഭിച്ചു. ഈ രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാരുടെയും ബാക്കി എല്ലാവരുടേയും നിർലോഭമായ പ്രാർത്ഥനയും നമുക്കുണ്ടായിരുന്നു. സാധനങ്ങൾക്ക് പകരം സാമ്പത്തികമായി സംഭാവന ചെയ്തവരും വെള്ളം കയറി ചെളിനിറഞ്ഞ വീടുകൾ വൃത്തിയാക്കാൻ എല്ലാ സന്നാഹങ്ങളുമായി വന്ന് സഹായിച്ചവരും ഒട്ടും കുറവല്ല. ഇടവകകളും സന്യാസ സമൂഹങ്ങളും സ്ഥാപനങ്ങളും എല്ലാം അക്കൂട്ടത്തിലുണ്ട്. നമ്മുടെ പല വൈദികരും തങ്ങളുടെ ഒരു മാസത്തെ അലവൻസ് ഈ ഉദ്ദേശ്യത്തിലേയ്ക്ക് തന്നു. എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു. ഏവരേയും ദൈവം അനുഗ്രഹിക്കട്ടെ. നമുക്ക് സഹായസഹകരണങ്ങൾ ചെയ്ത് തന്ന പ്രാദേശിക ഭരണകൂടങ്ങളെയും, കാരിത്താസ് ഇന്ത്യ, കാത്തലിക് റീലീഫ് സർവ്വീസസ്, ഇൻഡ്യൻ റെഡ് ക്രോസ് പോലെയുള്ള സംഘടനകളെയും മറ്റ് സംസ്ഥാനങ്ങ

ളിൽ നിന്നുപോലുമുള്ള കൂട്ടായ്മകളെയും നന്ദിപൂർവ്വം ഓർക്കാം.

പലതരം സഹായങ്ങളുമായി ഇനിയും ധാരാളം ഉപകാരികൾ വരാൻ തയ്യാറാണ് എന്നറിയിച്ചിട്ടുണ്ട്. എങ്കിലും ജനജീവിതം ഏതാണ്ട് സാധാരണ നിലയിൽ ആയതുകൊണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി നമ്മൾ നടത്തികൊണ്ടിരുന്ന ഭക്ഷണവസ്തുക്കളുടേയും മറ്റ് അവശ്യസാധനങ്ങളുടേയും വിതരണം തൽക്കാലത്തേയ്ക്ക് അവസാനിപ്പിക്കുകയാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ രണ്ടാംഘട്ടമായ പുനരധിവാസ പ്രവർത്തനങ്ങളിൽ ആ പ്രിയപ്പെട്ടവരുടെ സഹായം ആവശ്യം വരും. പ്രിയപ്പെട്ടവരേ, നിങ്ങളുടെ സന്മനസ്സിന് മുൻകൂട്ടി നന്ദി പറയുന്നു. നമ്മൾ ഔദ്യോഗികമായി വിതരണം നിർത്തിയെങ്കിലും ഇടവകകളും മറ്റുമായി നേരിട്ട് സഹകരിച്ച് താൽപര്യമുള്ളവർക്ക് പ്രവർത്തനം തുടരാവുന്നതാണ്. കാരണം ഓരോ പ്രദേശത്തെയും സ്ഥിതി വളരെ വ്യത്യസ്തമാണല്ലൊ. മാത്രമല്ല വീട്ടിലെത്തി ഏതാനും ദിവസങ്ങൾക്കുള്ളിൽ ഇപ്പോൾ കിട്ടിയിരിക്കുന്നത് തീരുമെന്നും പിന്നീട് വാങ്ങാൻ പലരുടെയും കൈയ്യിൽ പണം ഉണ്ടാവുകയില്ല എന്നതും നമ്മൾ ഓർക്കേണ്ടതുണ്ട്. അതാത് സ്ഥലങ്ങളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുമായി ധാരണയിലെത്തി തുടർന്നുള്ള ഭക്ഷണ വിതരണവും മറ്റും നടത്തുന്നത് ഏറെ ഉചിതവും സ്വീകാര്യവുമായിരിക്കും.

ദുരിതാശ്വാസ പ്രവർത്തനത്തിന്റെ രണ്ടാം ഘട്ടമാണ് ഏറെ പ്രയാസകരം. വളരെയേറെപ്പേർക്ക് വീട് ഭാഗികമായോ മുഴുവനായോ നഷ്ടപ്പെട്ടു. അവർക്ക് താമസയോഗ്യമായ വീട് ലഭ്യമാക്കേണ്ടതുണ്ട്. അതിനും എല്ലാവരുടെയും ഉദാരമായ സഹായസഹകരണങ്ങൾ ഉണ്ടാകണം എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. വീട് വയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലം കൊടുക്കാൻ സന്മനസ്സുള്ളവർ നമ്മുടെ ഇടവകകളിൽ ഉണ്ടാകും എന്ന് ഞാൻ പ്രത്യാശിക്കുന്നു. ആവശ്യത്തിലധികം സ്ഥലം കൈവശമുള്ള ഇടവകകളും ഇപ്രകാരം സ്ഥലം സംഭാവന ചെയ്യാൻ തയ്യാറാകുന്നത് ശ്ലാഘനീയമാണ്. സന്യസ്തസമൂഹങ്ങളുടെ സഹകരണം ഇക്കാര്യത്തിലേക്ക് പ്രത്യേകം ഞാൻ ക്ഷണിക്കുന്നു. അവരും ബാക്കി എല്ലാവരും അപ്രകാരം ചെയ്യുന്നത് നമ്മുടെ ക്രൈസ്തവ വിശ്വാസത്തിന്റെ വലിയ സാക്ഷ്യമായിരിക്കും.

നമ്മുടെ കുടുംബ കൂട്ടായ്മകൾ ഇക്കാര്യത്തിൽ സവിശേഷ ശ്രദ്ധ പതിപ്പിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. കുടുംബ കൂട്ടായ്മകൾ ആരം

ഭിച്ചപ്പോൾ നമ്മൾ തുടങ്ങിവച്ച ഒരു പദ്ധതിയാണല്ലോ ഭവനരഹിതർക്കുള്ള ഭവനനിർമ്മാണ പദ്ധതി. ആരും വീടില്ലാതെ നമ്മുടെ ഇടവകകളിൽ കഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടത് നമ്മുടെ കടമയാണ്.

ആദ്യം തന്നെ ചെയ്യേണ്ടത് വീട് നഷ്ടപ്പെട്ടവരുടെ ഒരു കണക്കെടുപ്പ് നടത്തുകയാണ്. ഓരോ കൂട്ടായ്മയിലും ഉൾപ്പെട്ടവർക്ക് തങ്ങളുടെ പ്രദേശത്തുള്ളവരുടെ കണക്കെടുക്കാൻ അധികം സമയമൊന്നും വേണ്ടി വരുകയില്ല. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നേതൃത്വമെടുത്ത് കുടുംബകൂട്ടായ്മകളുടെ സഹകരണത്തോടെ എത്രയും വേഗം ആവശ്യമുള്ള വീടുകളുടെ കണക്ക് രൂപതാ കേന്ദ്രത്തിൽ അറിയിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. വീടുകൾ വച്ച് കൊടുക്കാൻ താത്പര്യമുള്ളവരും രൂപതയ്ക്ക് പുറത്ത് നിന്നുള്ളവരും ആയ സംഘടനകളും വ്യക്തികളും മറ്റും ഉണ്ടാകും. കൃത്യമായ കണക്ക് കിട്ടിയാലേ അവരെ സഹായത്തിനായി സമീപിക്കാൻ പറ്റുകയുള്ളു. അത് എത്രയും വേഗം വേണം താനും. താമസിക്കുന്നതനുസരിച്ച് ഇക്കാര്യത്തിലുള്ള താത്പര്യം കുറഞ്ഞു വരും എന്ന് നമുക്കറിയാമല്ലൊ.

വീടിന് സഹായം ആവശ്യമുള്ള കുടുംബങ്ങളിലെ കുടുംബനാഥന്റെ പേര്, വീട്ടുപേര്, പിൻകോഡ് അടക്കമുള്ള മേൽവിലാസം, ഫോൺ നമ്പർ മൊബൈലിന്റേത് ഉൾപ്പെടെ, ആധാർ നമ്പർ, കുടുംബത്തിന്റെ സാമ്പത്തികസ്ഥിതി, അംഗങ്ങളുടെ എണ്ണം, ഇപ്പോഴുള്ള വീടിന്റെ അവസ്ഥ (ഭാഗികമായി തകർന്നത്, പൂർണ്ണമായി തകർന്നത്, വീടിന് കേടുപാടുകൾ സംഭവിച്ചില്ലെങ്കിലും മണ്ണിടിച്ചിൽ മൂലം താമസയോഗ്യമല്ലാതായത്), വീട് വയ്ക്കാൻ സ്വന്തമായി സ്ഥലമുണ്ടോ, ആകെ എത്രമാത്രം സ്ഥലമുണ്ട്, ഏകദേശം എത്ര രൂപ കിട്ടിയാൽ പണി പൂർത്തിയാക്കാൻ കഴിയും, അതിൽ സ്വന്തമായി എത്ര തുക കണ്ടെത്താം, ഇടവകയിൽ നിന്ന് എത്രമാത്രം സംഭരിക്കാം എന്നീ വിവരങ്ങളെങ്കിലും കിട്ടിയാലേ സഹായാഭ്യർത്ഥനയുമായി മുമ്പോട്ട് പോകാൻ കഴിയുകയുള്ളു

വീടുകളുടെ കാര്യം എന്നതുപോലെതന്നെ നമ്മുടെ ശ്രദ്ധ അർഹിക്കുന്ന കാര്യമാണ് മറ്റ് അനുബന്ധ നഷ്ടങ്ങളും. വീട്ടുപകരണങ്ങൾ, വളർത്തുമൃഗങ്ങൾ, പഠനോപകരണങ്ങൾ എന്നിവയുടെ നഷ്ടം ഭീമമാണ്. അവയും പരിഹരിക്കപ്പെടേണ്ടതുണ്ട്. പലരുടെയും അടിസ്ഥാന ജീവിതമാർഗ്ഗമായ കൃഷിയുടെ നാശം മൂലമുണ്ടായ നഷ്ടം എല്ലാ കണക്കുകൾക്കും അതീതമാണ്. വീടുകളെ സംബന്ധിച്ചുള്ള

വിവരങ്ങൾ നൽകുന്നതുപോലെ തന്നെ മറ്റു നഷ്ടങ്ങളുടെ വിവരവും ഈ കൂട്ടത്തിൽ അറിയിക്കേണ്ടതാണ്. അതിനായി താഴെ പറയുന്ന വിധം ഒരു സർവ്വേ നടത്തി വിവരങ്ങൾ അറിയിക്കുമല്ലോ.

**ഇടവകയിലെ കുടുംബങ്ങളിൽ നഷ്ടം സംഭവിച്ചവയുടെ ആകെ എണ്ണമാണ് താഴെ ആവശ്യപ്പെട്ടിരിക്കുന്നത്:-**

1. വീട് പൂർണ്ണമായി നഷ്ടപ്പെട്ടകുടുംബങ്ങൾ......... എണ്ണം   ഏകദേശനഷ്ടം രൂപ......
2. വീട് ഭാഗികമായി നഷ്ടപ്പെട്ടകുടുംബങ്ങൾ...........എണ്ണം   ഏകദേശനഷ്ടം രൂപ......
3. വീടും സ്ഥലവും നഷ്ടപ്പെട്ടകുടുംബങ്ങൾ...........എണ്ണം   ഏകദേശനഷ്ടം രൂപ......
4. വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടകുടുംബങ്ങൾ.......എണ്ണം   ഏകദേശനഷ്ടം രൂപ......
5. വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടകുടുംബങ്ങൾ........എണ്ണം   ഏകദേശനഷ്ടം രൂപ......
6. പഠനോപകരണങ്ങൾ നഷ്ടപ്പെട്ടകുടുംബങ്ങൾ....എണ്ണം   ഏകദേശനഷ്ടം രൂപ......
7. കൃഷികൾ നഷ്ടപ്പെട്ടകുടുംബങ്ങൾ.....................എണ്ണം   ഏകദേശനഷ്ടം രൂപ......
8. വാഹനങ്ങക്ക് കേടുപാട് വന്ന കുടുംബങ്ങൾ.......എണ്ണം   ഏകദേശനഷ്ടം രൂപ......

ഇടവകയിലെ എല്ലാ കുടുംബങ്ങളിലെയും കൂടി ആകെ നഷ്ടം രൂപ .....................

സെപ്റ്റംബർ മാസം 10-ാം തീയതിക്ക് മുമ്പായി മേൽപ്പറഞ്ഞ വിവരങ്ങൾ രൂപതാ സോഷ്യൽ സർവ്വീസ് ഡിപ്പാർട്ടുമെന്റിന്റെയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ഡയറക്ടർ ആയ ബഹു. പോൾ കൂട്ടാല അച്ചന്റെ പേർക്കാണ് വിവരങ്ങൾ അയയ്ക്കേണ്ടത്. അച്ചന്റെ ഫോൺ നമ്പർ: 8281220070, വാട്ട്സ് ആപ്പ് നമ്പർ: 9497809310, ഈ മെയിൽ: frpaulkoottala@gmail.com

കഴിവിന്റെ പരമാവധി സഹായങ്ങൾ ചെയ്യാൻ രൂപതയുടെ നേതൃത്വം എപ്പോഴും തയ്യാറാണെങ്കിലും നമുക്ക് ഒരുപാട് പരിമിധികൾ ഉണ്ട് എന്നുകൂടി ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. സന്മനസ്സുള്ള നമ്മുടെ മറ്റ് സഹോദരങ്ങളെ കണ്ടെത്തി അവരിൽ നിന്ന് സഹായങ്ങൾ സ്വീകരിച്ചാണ് രൂപതയുടെ ഭാഗത്ത് നിന്നുള്ള പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നത്. അതിനാൽതന്നെ അതിന് പരിമിതികളും അനിശ്ചിതത്വവുമുണ്ട്. ആവശ്യമുള്ള തുകയ്ക്ക് ആനുപാതികമായി സംഭാവനകൾ കിട്ടിക്കൊള്ളണമെന്നില്ല. അതുകൊണ്ട് ഉദ്ദേശിച്ചത്ര രീതിയിൽ എല്ലാവരേയും സഹായിക്കാൻ പറ്റി എന്നും വരില്ല. എന്നാൽ സർക്കാർ ചെയ്യുന്ന പുനരധിവാസ പ്രവർത്തനങ്ങൾ അമയബന്ധിതവും തീർച്ചയുള്ളതുമാണ്. സർക്കാരിന്റെ ഭാഗത്തുനിന്ന് എല്ലാതരത്തിലുള്ള നഷ്ടങ്ങൾക്കും പുനർ നിർമ്മാണത്തിനും സഹായങ്ങൾ ചെയ്യുന്നുണ്ട്. അവ ലഭ്യമാകണമെങ്കിൽ ആവശ്യമായ രേഖകളോടെ നഷ്ടത്തിന്റെ യഥാർത്ഥ കണക്കുകൾ ബന്ധപ്പെട്ട ഓഫീസുകളിൽ സമയബന്ധിത

മായി ഹാജരാക്കി പേര് രജിസ്റ്റർ ചെയ്യണം. ഇക്കാര്യത്തിൽ ബഹു.വികാരിയച്ചന്മാർക്കും സമർപ്പിതർക്കും കുടുംബകൂട്ടായ്മകൾ, സംഘടനകൾ എന്നിവയുടെ ഭാരവാഹികൾക്കും വളരെയധികം ചെയ്യാൻ കഴിയും. പുനരധിവാസസഹായങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ സർക്കാർ ഓഫീസുകളിൽ നിന്നും സർക്കാർ ഡിപ്പാർട്ടുമെന്റുകളുടെ വെബ്സൈറ്റുകളിൽ നിന്നും കണ്ടെടുത്ത് ആവശ്യക്കാരെ യഥാസമയം വിവരം അറിയിക്കുകയും രേഖകളും കണക്കുകളും തയ്യാറാക്കി കൊടുക്കാൻ സഹായിക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. മാധ്യമങ്ങളിലൂടെ നിരന്തരമായി ഇവ സംബന്ധമായുള്ള അറിയിപ്പുകൾ ബന്ധപ്പെട്ട ഓഫീസുകൾ നൽകിവരുന്നുണ്ട്.

ഈ ഭൂമിയിൽ എല്ലാവരും ഈശോമിശിഹായെ രക്ഷകനായി സ്വീകരിച്ച് ദൈവത്തെ ആബാ, പിതാവേ എന്ന് വിളിക്കുന്നില്ലെങ്കിലും നമ്മളെല്ലാം സഹോദരീ സഹോദരന്മാരാണ്. കാരണം പിതാവേ എന്ന് വിളിച്ചില്ലെങ്കിലും അവിടുന്ന് പിതാവ് അല്ലാതാകുന്നില്ല. അതുകൊണ്ടുതന്നെ നമ്മളെല്ലാവരും സഹോദരങ്ങളാണ്. സഹോദരങ്ങളിൽ ഏതാനും പേർ സാമാന്യം ഭേദമായി ജീവിക്കുമ്പോൾ മറ്റുള്ളവർ ഒരു നല്ല വീടും ജീവനമാർഗ്ഗവും ഇല്ലാതെ അലയേണ്ടി വരുന്നത് ആ പിതാവ് ഇഷ്ടപ്പെടുകയില്ല എന്നത് തീർച്ചയാണ്. മറ്റ മക്കൾക്ക് അത് ഭൂഷണവുമല്ല. നമ്മുടെ ഇടവകകളും സന്യസ്ത സമൂഹങ്ങളും സ്ഥാപനങ്ങളും സംഘടനകളും കുടുംബകൂട്ടായ്മകളും വ്യക്തികളും സഹോദര സ്നേഹത്തിന്റെ മൂർത്തീഭാവങ്ങളാകട്ടെ. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്ന് 2018 ഓഗസ്റ്റ് 22 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2018 ഓഗസ്റ്റ് 26 ന് ഞായറാഴ്ച എല്ലാ ഇടവക പള്ളികളിലും വിശ്വാസി സമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വിശുദ്ധ കുർബാന അർപ്പിക്കുന്ന മറ്റെല്ലായിടത്തും വി.കുർബാന മദ്ധ്യേ വായിച്ചിട്ടുണ്ടാകുമല്ലോ.**



# സർക്കുലർ

***Circular Letter No. 06/2018***
***Prot. No. 21273/2018***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടരേ,

2018 ഓഗസ്റ്റ് മാസത്തിൽ കേരളം അനുഭവിച്ച പ്രളയദുരിതം അടുത്തെങ്ങും ഉണ്ടാകാത്ത തരത്തിലുള്ളതായിരുന്നല്ലോ. അതിന്റെ ഞെട്ടലിൽ നിന്ന് ഇതുവരെ നമ്മൾ പുറത്തുകടന്നിട്ടില്ല. ഇപ്പോഴും പലരും ഇനിയെന്ത് എന്ന ചോദ്യത്തിനു മുമ്പിൽ ഉത്തരം കിട്ടാതെ പകച്ച് നിൽക്കുകയാണ്. ജീവിതത്തിൽ സമ്പാദിച്ചതെല്ലാം ഒറ്റ നിമിഷംകൊണ്ട് നഷ്ടപ്പെട്ടവർ ധാരാളമുണ്ട്.

മാനന്തവാടി രൂപതാതിർത്തിയിൽപ്പെട്ട പ്രദേശങ്ങളിലും ദുരിതം ഒട്ടും കുറവായിരുന്നില്ല. എങ്കിലും നമ്മുടെ ആവശ്യനേരത്ത് സഹായ ഹസ്തവുമായി ഓടിയെത്തിയവർ നിരവധിയായിരുന്നു. അക്കൂട്ടത്തിൽ സ്വദേശത്തും വിദേശത്തും ഉള്ളവർ ഉണ്ടായിരുന്നു. എവിടെയൊക്കെ മലയാളി ഉണ്ടോ അവിടെ നിന്നെല്ലാം ആരും ആവശ്യപ്പെടാതെതന്നെ ടൺ കണക്കിന് അവശ്യവസ്തുക്കളുമായി നമ്മുടെ സഹോദരങ്ങൾ ഓടിയെത്തി. അവരോടെല്ലാം നമുക്ക് നന്ദിയുള്ളവരായിരിക്കാം. അവർക്ക് വേണ്ടി പ്രാർത്ഥിക്കാം. ഇനിയും ഇത്തരം പ്രതിഭാസങ്ങളിൽ നിന്ന് നമ്മളെയും അവരേയും രക്ഷിക്കണമേയെന്ന് പരമകാരുണികനായ ദൈവത്തോട് പ്രാർത്ഥിക്കാം.

ജാതിയ്ക്കും മതത്തിനും ദേശത്തിനും എല്ലാം അതീതമായി നമ്മൾ ഒന്നിച്ച സമയമായിരുന്നു പ്രളയത്തിന്റേത്. മതിലുകളെല്ലാം വെള്ളപ്പൊക്കത്തിൽ തകർന്നുവീണു. പണ്ഡിതനും പാമരനും സമ്പന്നനും ദരിദ്രനും എല്ലാം ഒരുപോലെ ജീവൻ രക്ഷിക്കാനുള്ള തത്രപ്പാടിലായിരുന്നു. ഒരിക്കലും നമുക്ക് ഉപകാരപ്പെടില്ല എന്ന് കരുത പ്പെട്ടവർ ദൈവദൂതന്മാരെപ്പോലെയായ കാഴ്ചയും നമ്മൾ കണ്ടു. ഈ ഒരുമയും കൂട്ടായ്മയും പരസ്പര സഹായസന്നദ്ധതയും എന്നുമുണ്ടാ കട്ടെയെന്ന് നമുക്ക് ആശംസിക്കാം. വിവാദങ്ങൾക്കും വിഭാഗീയത കൾക്കും വിടകൊടുത്ത് എല്ലാ കാര്യത്തിന്റെയും നല്ലവശം കാണാൻ

കഴിയുമ്പോൾ നന്മ കവിഞ്ഞൊഴുകും എന്ന് അനുഭവം നമ്മെ പഠിപ്പിച്ചു. ആ പാഠം നമുക്കൊരു ശീലമാക്കാം.

മഴ നിന്നെങ്കിലും ദുരിതത്തിലൂടെ കടന്നുപോയവരുടെ അത്യാവശ്യങ്ങൾപോലും ഇതുവരെ പൂർണ്ണമായി നിർവ്വഹിക്കപ്പെട്ടിട്ടില്ല എന്ന് നമുക്കറിയാം. പലർക്കും കയറിക്കിടക്കാൻ ഉറപ്പുള്ള വീടില്ല. ഉള്ള വീട് വാസയോഗ്യവുമല്ല. ചിലർക്കാകട്ടെ വീട് പോയില്ലെങ്കിലും മണ്ണ് നിരങ്ങി നീങ്ങിയതുകൊണ്ട് ഉള്ള വീട്ടിലേക്ക് തിരികെ ചെല്ലാൻ ഭയമാണ്, അല്ലെങ്കിൽ അത് അപകടമാണ്. പലരുടെയും കൃഷിയും കൃഷിസ്ഥലം തന്നെയും നഷ്ടമായി. അവർക്കൊരു ജീവനമാർഗ്ഗം കണ്ടെത്തണമെങ്കിൽ വളരെ സമയമെടുക്കും. അങ്ങനെയുള്ളവർക്ക് ഇനിയും നമ്മുടെ സഹായം അത്യാവശ്യമാണ്.

അത്യാവശ്യങ്ങൾ വരുമ്പോൾ ആഡംബരങ്ങളും ചിലപ്പോൾ ആവശ്യങ്ങൾ തന്നെയും മാറ്റി വയ്ക്കപ്പെടും എന്നത് ഒരു സാമാന്യ തത്വം മാത്രമാണ്. അത് അതിജീവനത്തിന്റെ ബാലപാഠവുമാണ്. ഈ പ്രളയകാലത്ത് അത് നാം കണ്ടുകഴിഞ്ഞു. നമുക്ക് അത്യാവശ്യമല്ലാത്ത കാര്യങ്ങൾ ധാരാളമുണ്ട് എന്ന് ഞാൻ പറയേണ്ട കാര്യമില്ലല്ലോ. നമ്മുടെ തിരുനാളുകളോട് അനുബന്ധിച്ചുള്ള പണം മുടക്കുള്ള ആഘോഷങ്ങൾ അത്തരത്തിലുള്ളവയാണ് എന്ന് പറയാം. അങ്ങനെയെങ്കിൽ അക്കാര്യത്തിൽ ഒരു ചിലവ് ചുരുക്കൽ ചിന്തിക്കാവുന്നതാണ് എന്ന് തോന്നുന്നു. നിങ്ങൾ സഹകരിക്കും എന്നെനിക്ക് ഉത്തമ ബോധ്യമുണ്ട്. ഇക്കാര്യം പൊതുവായി എല്ലാവരേയും അറിയിക്കുന്നത് നന്നായിരിക്കും എന്ന് പലരും എന്നോട് പറയുകയുണ്ടായി. അതനുസരിച്ചാണ് ഈ കത്ത് ഞാനെഴുതുന്നത്.

തിരുനാളിനോടനുബന്ധിച്ചുള്ള വാർഷികങ്ങളും കലാപരിപാടികളും വർണ്ണശബളമായ പ്രദക്ഷിണങ്ങളും ഒഴിവാക്കുന്നത് നല്ലതായിരിക്കും. വളരെയേറെ സാമ്പത്തിക ചിലവുവരുന്നതും അന്തരീക്ഷം മലിനമാക്കുന്നതുമായ വെടിക്കെട്ടുകളുടെ കാര്യവും അങ്ങനെതന്നെ. ഇപ്രകാരം ഈ വർഷത്തെ തിരുനാളുകളോടനുബന്ധിച്ചുള്ള പണച്ചെലവുകൾ നിയന്ത്രിച്ച് മിച്ചം വരുന്ന തുക നമ്മുടെ രൂപതയിലെ ഭവനരഹിതർക്കും ജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്കും കൊടുക്കാൻ സാധിച്ചാൽ അത് വലിയൊരു സാക്ഷ്യമായിരിക്കും എന്നത് സുനിശ്ചിതമാണ്. തിരുനാളുകൾ മാത്രമല്ല സന്യസ്ത ഭവനങ്ങളിലും, കുടുംബങ്ങളിലും, വ്യക്തിജീവിതങ്ങളിലും മറ്റും ഉണ്ടാകാവുന്ന ആഘോഷങ്ങളുടെ

കാര്യത്തിലും ഇതേ ആശയം പ്രാവർത്തികമാക്കുന്നത് നല്ലതായിരിക്കും എന്ന്ഞാൻ കരുതുന്നു. അതിനായി ഏവരേയും ക്ഷണിക്കുന്നു. നിന്നെ പ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന കർത്താവിന്റെ പ്രബോധനം നമ്മൾ ജീവിച്ച് കാണിച്ച് കൊടുക്കു ന്നതിലും വലിയ വിശ്വാസ ജീവിതമില്ലല്ലോ.

ഇതുവരെ നിങ്ങൾ നല്കിയ എല്ലാ സഹകരണത്തിനും ഹൃദയ പൂർവ്വം നന്ദി പറയുകയും തുടർന്നും അപ്രകാരം പ്രതീക്ഷിക്കുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടി ഉണ്ടായിരി ക്കുകയും ചെയ്യട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്നും 2018 സെപ്റ്റംബർ മാസം 6 –ന് നല്കപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2018 സെപ്റ്റംബർ 9 ന് ഞായറാഴ്ച എല്ലാ ഇടവക പള്ളികളിലും വിശ്വാസി സമൂഹത്തെ പങ്കെടുപ്പിച്ചു കൊണ്ട് വിശുദ്ധ കുർബാന അർപ്പിക്കുന്ന മറ്റെല്ലായിടത്തും വി.കുർബാന മദ്ധ്യേ വായിച്ചിട്ടുണ്ടാകുമല്ലോ.**

# സർക്കുലർ

***Circular Letter No. 07/2018***
***Prot. No. 21411/2018***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

2017 ഡിസംബർ 8 ന് നമ്മുടെ രൂപതയിൽ ആരംഭിച്ച യുവജന വർഷം ഈ വരുന്ന ഡിസംബർ 8 ന് അവസാനിക്കുകയാണല്ലോ. അതേപ്പറ്റി ഏതാനും കാര്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ. കത്തോലിക്കാസഭയുടെ ആസ്ഥാനം നിലകൊള്ളുന്ന വത്തിക്കാനിൽ ഈ വർഷം നടന്ന ആഗോളസിനഡിന്റെ പരിചിന്തനവിഷയം സഭയിലെ യുവജനങ്ങളായിരുന്നു. സമൂഹത്തിലെ മാറ്റങ്ങൾ ആദ്യം സ്വാധീനിക്കുന്നത് യുവജനങ്ങളെ ആയതിനാൽ സഭയിൽ അവർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അനുവർത്തിക്കേണ്ട നയങ്ങളും പദ്ധതികളുമാണ് അവിടെ ചർച്ചാവിഷയമായത്. യുവജനങ്ങളെയും യുവജന പ്രേഷിതത്വത്തെയും അവഗണിക്കുന്ന സഭാശുശ്രൂഷശൈലി സഭയുടെ ഭാവിയെ നിർണ്ണായകമായി ബാധിക്കും എന്ന ആശയം സിനഡിൽ സംബന്ധിച്ച ബഹുഭൂരിപക്ഷം പേരും പങ്കുവച്ചു. സഭയ്ക്ക് ആഗോളമാനമുണ്ടെന്നതിനാൽ ഒരു പ്രത്യേക ചട്ടക്കൂടിൽ ഈ ശൈലിയെ നിർവ്വചിക്കാനോ ഒതുക്കിനിർത്താനോ കഴിയില്ല എന്നതും സത്യമാണ്. കാരണം കാലത്തിനും ദേശത്തിനും സംസ്കാരത്തിനും എല്ലാം അനുസരിച്ചുള്ള ഒരു ശൈലിയേ ഫലവത്താകുകയുള്ളു. അതിന് വളരെയധികം ഭാവനയും ആശയങ്ങളും പ്രവർത്തിക്കാനുള്ള സന്മനസ്സും ഉള്ളവർ നേതൃത്വത്തിലേക്ക് കടന്നു വരുകയും ചെയ്യണം.

യുവജനവർഷം പ്രമാണിച്ച് നമ്മുടെ ഇടവകകളിൽ വളരെയധികം കാര്യങ്ങൾ നടത്തുകയുണ്ടായി. അവയിൽ ക്രിയാത്മകമായി സഹകരിച്ച എല്ലാവരേയും പ്രത്യേകം അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു. നിങ്ങളെ ഓർത്ത് ഞാൻ അഭിമാനിക്കുന്നു. ഇക്കാര്യത്തിൽ നമ്മുടെ രൂപതയിലെ യൂത്ത് ഡിപ്പാർട്ട്മെന്റും സീറോ മലബാർ യുവജനസംഘടനയും (സീറോ മലബാർ യൂത്ത്മൂവ്മെന്റ് എസ്.എം.വൈ.എം. – മുമ്പ് കേരള കാത്തലിക് യൂത്ത് മൂവ്മെന്റ് കെ.സി.വൈ.എം.) വഹിച്ച പങ്ക് നിസ്സീമമാണ്. യൂത്ത് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ ബഹുമാനപ്പെട്ട ലാൽ പെനുങ്കൽ അച്ചനും എസ്.എം.വൈ.എം ഡയറക്ടർ ബഹുമാനപ്പെട്ട റോ

ബിൻ പടിഞ്ഞാറയിൽ അച്ചനും ജീസസ് യൂത്ത് ഡയറക്ടർ ബഹുമാനപ്പെട്ട ജോസഫ് കളമ്പുകാട്ട് അച്ചനും ഫൊറോനാ ഇടവക തലത്തിൽ സഹകരിച്ച മറ്റ് ബഹുമാനപ്പെട്ട വൈദികർക്കും ആനിമേറ്റർമാരായി സ്തുത്യർഹമാംവിധം ശുശ്രൂഷ ചെയ്ത സമർപ്പിത സഹോദരിമാർക്കും യൂത്ത് മിനിസ്ട്രി അംഗങ്ങൾക്കും എസ്.എം. വൈ.എം നേതൃത്വത്തിൽ ഉള്ള യുവജന സുഹൃത്തുക്കൾക്കും ജീസസ്‌യൂത്ത് അംഗങ്ങൾക്കും വിവിധ ടീമുകളിൽ പ്രവർത്തിച്ചു കൊണ്ട് യുവജനവർഷത്തിൽ പങ്കാളികളായ മറ്റ് എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി പറയുന്നു. ഒരു പുതിയ യുവജന മുന്നേറ്റത്തിന് നിങ്ങളുടെ ഈ പ്രവർത്തനങ്ങൾ കാരണമാകട്ടെ.

ഒക്ടോബർ 18-21 തിയതികളിൽ നടത്തപ്പെട്ട യുവജനകൺവെൻഷൻ വലിയ വിജയമായിരുന്നുവെന്നത് എന്റെ മാത്രം അഭിപ്രായമല്ല; അതിൽ പങ്കെടുത്ത എല്ലാവരുടേതുമായിരുന്നു. ആരംഭ ദിവസത്തിലെ ഹർത്താലും തുടർന്നുള്ള ദിവസങ്ങളിലെ മഴയും ഒന്നും യുവജനങ്ങളുടെ ആവേശം തണുപ്പിച്ചില്ല. ഇക്കാര്യത്തിൽ നമ്മുടെ രൂപതയിലെ യുവജനങ്ങൾ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. ആരംഭദിവസം ഹർത്താൽ ആയിരുന്നതുകൊണ്ട് തലേദിവസം തന്നെ കൺവെൻഷൻ ആരംഭിക്കേണ്ടി വന്നു. ഏതാനും മണിക്കൂർ മാത്രമാണ് അതിനുള്ള അറിയിപ്പ് കൊടുക്കാൻ സംഘാടകർക്ക് കിട്ടിയത്. എങ്കിലും എസ്.എം.എസ്. ആയും വാട്സ് ആപ്പ് സന്ദേശമായും എല്ലാം അറിയിപ്പുകൾ പോയി. രജിസ്റ്റർ ചെയ്തിരുന്നവരിൽ ആയിരത്തിഎണ്ണൂറിലധികം പേർ അന്നു തന്നെ എത്തി എന്നുള്ള വസ്തുത എല്ലാവരേയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. ആധുനിക മാധ്യമങ്ങളുടെ ശക്തി എന്താന്നെണും അവ എങ്ങനെ നല്ല രീതിയിൽ ഉപയോഗിക്കാം എന്നും യുവജനങ്ങൾ ഈ മാധ്യമങ്ങൾ എന്തുമാത്രം ഉപയോഗിക്കുന്നു എന്നും നമ്മളെ പഠിപ്പിച്ച ഒരു സംഭവമായിരുന്നു അത്. 2500 ൽ അധികം യുവജനങ്ങളാണ് കൺവെൻഷനിൽ പങ്കെടുത്തത്. യാതൊരു പരാതിയും കൂടാതെ അസൗകര്യങ്ങളെല്ലാം അതീവക്ഷമയോടെ സഹിച്ച് കൺവെൻഷൻ വൻ വിജയമാക്കിയ യുവജനങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു.

ഇരുന്നൂറിലധികം യുവജന സന്നദ്ധപ്രവർത്തകരാണ് കൺവെൻഷന്റെ ചുക്കാൻ പിടിച്ചത്. ഊണും ഉറക്കവും ഉപേക്ഷിച്ച് അവരത് നിർവ്വഹിച്ചു. പശ്ചാത്തലത്തിൽ ആരും അറിയാതെ അഖണ്ഡ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിയവർ അനേകരാണ്. കനത്ത മഴയെപ്പോലും അവഗണിച്ച് അവർ പ്രാർത്ഥിച്ചു. അവരുടെ പ്രാർത്ഥന ദൈവം

കൈക്കൊണ്ടു. അതാണ് കൺവെൻഷന്റെ ഒരു പ്രധാന വിജയരഹസ്യം എന്ന് ഞാൻ വിശ്വസിക്കുന്നു.

കൺവെൻഷനിൽ പ്രസംഗിച്ചവരും പങ്കെടുത്തവരെ ഒരു പുതിയ ആദ്ധ്യാത്മിക ഉണർവ്വിലേക്ക് നയിച്ചതും ക്രൈസ്റ്റ് കൾച്ചർ എന്ന പേരിൽ യുവജനശുശ്രൂഷ ചെയ്യുന്ന ഒരു സംഘമാണ്. സംഘാംഗങ്ങൾ എല്ലാവരും തന്നെ ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കുന്നവരും ഈ ശുശ്രുഷ യിൽ പരിപൂർണ്ണ ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്നവരുമാണ്. അവരുടെ ജോലിയിൽ നിന്നും മറ്റും ഏതാനും ദിവസങ്ങൾ അവധിയെടുത്തിട്ടാണ് അവർ ഈ ശുശ്രൂഷ ചെയ്യുന്നത്. ഇതിനായി അവർക്ക് വരുന്ന ചെലവുകളല്ലാതെ യാതൊരുവിധ പ്രതിഫലവും അവർ പറ്റുന്നുമില്ല. സംഘാംഗങ്ങൾ എല്ലാവരും തന്നെ യുവതീ യുവാക്കളാണ് എന്നത് എടുത്തു പറയത്തക്കതാണ്. ലൗകായ തികത്വത്തിന്റെ നടുവിലും ദൈവികമായി ജീവിക്കാൻ കഴിയും എന്ന വർ കാണിച്ചുകൊടുക്കുന്നു. അത് നമ്മുടെ യുവജനങ്ങൾക്ക് ഏറെ പ്രചോദനകരമായിരുന്നു എന്ന് ഞാൻ വിചാരിക്കുന്നു. അവരുടെ പ്രാർത്ഥനാനുഭവം പ്രത്യേകം എടുത്തു പറയത്തക്കതായിരുന്നു. അവരേയും നന്ദിപൂർവ്വം ഓർക്കുകയും അവരുടെ ശുശ്രൂഷകൾ ഫലവത്താകാൻ പ്രാർത്ഥിക്കുകയും ചെയ്യാം.

കൺവെൻഷൻ നടന്നത് നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന സെന്റ് പാട്രിക്സ് ബ്രദേഴ്സിന്റെ സ്ക്കൂളിലായിരുന്നു. അവിടെയുള്ള എല്ലാ സൗകര്യങ്ങളും അവർ യുവജനങ്ങളുടെ ഉപയോഗത്തിനായി യാതൊരു പ്രതിഫലവും വാങ്ങാതെ പൂർണ്ണമായും വിട്ടുതന്നു എന്ന കാര്യം പ്രത്യേകം എടുത്തു പറയത്തക്കതാണ്. അതും കൺവെൻഷന്റെ വിജയത്തിന് കാരണമായി. സെന്റ് പാട്രിക്സ് ആശ്രമത്തിന്റെ സുപ്പീരിയർ ബഹുമാനപ്പെട്ട ബ്രദർ ജോസിനെയും സെന്റ് പാട്രിക്സ് സ്കൂൾ പ്രിൻസിപാൾ ബഹുമാനപ്പെട്ട ബ്രദർ ജോർജ്ജിനെയും മറ്റ് സഹോദരന്മാരെയും നന്ദിപൂർവ്വം ഓർക്കുന്നു.

ഏതൊരു പ്രവർത്തനത്തിനും പണം അത്യന്താപേക്ഷിതമാ ണല്ലൊ. കൺവെൻഷന്റെ നടത്തിപ്പിലേക്ക് മുപ്പത്തഞ്ച് ലക്ഷത്തിലേറെ രൂപ നമുക്ക് ചെലവായി. ആ തുക മുഴുവൻ കണ്ടെത്താൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. ഏതാണ്ട് 10 ലക്ഷം രൂപ കൂടി കിട്ടിയാലേ കൊടുക്കാനുള്ളതെല്ലാം കൊടുത്ത് തീർക്കാൻ പറ്റുകയുള്ളു. ഇക്കാര്യ ത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും, ആശ്രമങ്ങൾ കോൺവെന്റുകൾ എന്നിവയുടെ സുപ്പീരിയർമാരുടെയും അതുപോലെ സന്മനസ്സുള്ള എല്ലാവരുടെയും സഹായം ഞാൻ അഭ്യർത്ഥിക്കുക യാണ്. നിങ്ങളുടെ സഹായങ്ങൾ ഒന്നുകിൽ അതാത് ഇടവക വികാരി

മാർ വഴി അല്ലെങ്കിൽ യൂത്ത് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ വഴി എത്രയും വേഗം കൊടുത്താൽ വലിയ ഉപകാരമായിരിക്കും. ഇതിനായി ഡിസംബർ 16 ന് ഇടവകകളിൽ സ്തോത്രക്കാഴ്ച എടുക്കുന്നത് ഏറ്റവും ഉചിതമായിരിക്കും. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം ഇടവകയിൽ അറിയിച്ച് സംഭാവനകൾ പറ്റുന്നത്ര ലഭ്യമാക്കാൻ ശ്രമിക്കണേ. നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ.

2018 ഡിസംബർ 8 ന് യുവജനവർഷത്തിന്റെ രൂപതാതല സമാപനമാണ്. ക്രിസ്തുമസിനോടനുബന്ധിച്ച് യുവജനങ്ങളെ ഒന്നിച്ചു ചേർക്കാവുന്ന ഏതെങ്കിലുമൊരു ദിവസം അവരുടെ പ്രത്യേക സാന്നിദ്ധ്യത്തിലും സഹകരണത്തിലും എന്തെങ്കിലും ചെറിയ പരിപാടിയോടെ ഇടവകകളിൽ യുവജനവർഷത്തിന് സമാപനം കുറിക്കുന്നത് നല്ലതായിരിക്കും. അതിനായി ബഹുമാനപ്പെട്ട വികാരിയച്ചന്മാർ യുവജനങ്ങളുമായി ആലോചിച്ച് വേണ്ടതുപോലെ ചെയ്യുമല്ലോ.

നമ്മുടെ എല്ലാ ശുശ്രൂഷകളും ദൈവോന്മുഖമായി നടത്തുമ്പോഴേ അത് വിജയിക്കുകയുള്ളു എന്ന് നമുക്കറിയാം. നമ്മുടെ യുവജനവർഷ പ്രവർത്തനങ്ങളും യുവജന കൺവെൻഷനും എല്ലാം വിജയകരമായത് അതുകൊണ്ടാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. നല്ലവനായ ദൈവത്തിന്റെ മുമ്പിൽ നമുക്ക് എളിമയോടും നന്ദിയോടും കൂടി തലകുനിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2018 നവംബർ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2018 ഡിസംബർ 02 ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസസമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വി. കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.**





# ഇടയലേഖനം

***Pastoral Letter No. 02/2018***

*Prot. No. 21426/2018*

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും,
സമർപ്പിതർക്കും, അത്മായ സഹോദരങ്ങൾക്കും തനിക്ക്
ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

നമ്മുടെ കർത്താവിന്റെ ജനനത്തിരുനാൾ ആചരിക്കാനായി നാം നമ്മെത്തന്നെ ഒരുക്കുന്ന കാലഘട്ടമാണല്ലോ ഇരുപത്തഞ്ചു നോമ്പ്. ആ കാലഘട്ടത്തിലാണ് നാമിപ്പോൾ. ആരാധനാക്രമ വർഷത്തിൽ ഇത് മംഗളവാർത്തകാലം എന്ന് അറിയപ്പെടുന്നു. കാരണം ദൈവം വാഗ്ദാനം ചെയ്ത രക്ഷകൻ വരാൻ പോകുന്നു എന്ന നല്ല വാർത്തയുടെ ഓർമ്മയാണ് ഇവിടെ ആചരിക്കപ്പെടുന്നത്. നോമ്പാചരണത്തിന്റെ അവസാനം നമ്മൾ ഈശോയുടെ ജനനത്തിരുനാൾ ക്രിസ്തുമസ്സ് എന്ന പേരിൽ ആഘോഷിക്കും. നസ്രത്തിലെ യൗസേപ്പിന്റെയും മറിയത്തിന്റെയും മകനായി അറിയപ്പെട്ട ഈശോ എന്ന യുവാവാണ് ഉല്പത്തി പുസ്തകത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകൻ എന്ന വിശ്വാസത്തിന്റെ ഏറ്റുപറച്ചിലാണത്. അതുകൊണ്ട് അവിടുത്തെ ജീവിതശൈലിയെപ്പറ്റിയുള്ള ഗൗരവതരമായ പരിചിന്തനവും അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ജീവിതങ്ങളെ ക്രമപ്പെടുത്താനുള്ള ആത്മാർത്ഥമായ പരിശ്രമവും ഇരുപത്തഞ്ച് നോമ്പിന്റെ അവിഭാജ്യ ഘടകമാകണം.

ഈ കാലഘട്ടത്തിൽത്തന്നെ നമ്മൾ 2018 നോട് വിട പറഞ്ഞ് 2019 നെ വരവേൽക്കാൻ ഒരുങ്ങുകയും ചെയ്യുന്നു. കഴിഞ്ഞ വർഷം നമ്മൾ എങ്ങനെ ജീവിച്ചു എന്ന് ആത്മശോധന ചെയ്ത് തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ നിരാശപ്പെടാതെ കർത്താവിന്റെ കാരുണ്യത്തിൽ ആശ്രയിച്ച് അവയെ തിരുത്തി പുതിയൊരു ഉണർവ്വോടെ പുതിയ വർഷ

ത്തിൽ ജീവിക്കാനുള്ള തീരുമാനവും ഉണ്ടാകണം. അതുപോലെ പരാജയങ്ങളെ വിജയങ്ങളാക്കി മാറ്റും എന്ന ദൃഢപ്രതിജ്ഞയും എടുക്കണം. കർത്താവിന്റെ കൃപയോടൊപ്പം നമ്മുടെ സഹകരണവും വിജയത്തിന് അനിവാര്യമാണ്.

സീറോമലബാർ സഭയുടെ ആരാധനക്രമവർഷം ക്രമപ്പെടുത്തിയിരിക്കുന്നത് നമ്മുടെ കർത്താവിന്റെ ജീവിതത്തിലെയും കർത്താവിന്റെ മൗതികശരീരമായ സഭാശരീരത്തിന്റെയും ജീവിതത്തിലെ വിവിധഘട്ടങ്ങളെ അടിസ്ഥാനപ്പെടുത്തി ഒമ്പത് കാലങ്ങളായിട്ടാണ്. മംഗളവാർത്തക്കാലത്തിൽ തുടങ്ങി പള്ളിക്കൂദാശ ക്കാലത്താണ് അത് അവസാനിക്കുന്നത്. സഭാംഗങ്ങൾ മുഴുവനായും വിശുദ്ധീകരിക്കപ്പെട്ട്, ജീവിക്കുന്ന ദേവാലയങ്ങളായി മാറി, കർത്താവിനോടൊപ്പം പിതാവായ ദൈവത്തിന്റെ സന്നിധിയിൽ എത്തിച്ചേരുന്ന തിന്റെ ഓർമ്മയാണത് (1 കോറി 3,16-17). ക്രൈസ്തവ ജീവിതത്തിന്റെ ലക്ഷ്യം അതുതന്നെയാണ്.

പിതാവിന്റെ സന്നിധിയിൽ അഥവാ സ്വർഗ്ഗത്തിൽ എത്തുക എന്നതുകൊണ്ട് വിവക്ഷിക്കുന്നത് സ്വർഗ്ഗീയമായ അനുഭവത്തിലേക്ക് ഈ ലോകത്തിൽ ആയിരിക്കുമ്പോൾ തന്നെ എത്തുകയും മരണശേഷം അതിന്റെ നിത്യതയിലേക്ക് കടക്കുകയും ചെയ്യുക എന്നതാണ്. അതിനായി നിരന്തരം നമ്മൾ കർത്താവിന്റെ കൈപിടിച്ച് നടക്കുകയും അവിടുന്ന് കടന്നു പോയ വഴികളിലൂടെ തന്നെ പോകുകയും ചെയ്യണം. അതായത് അവിടുന്ന് കാണിച്ചു തന്ന മാർഗ്ഗം മാത്രമേ സ്വർഗ്ഗ സന്തോഷം അനുഭവിക്കാൻ നമ്മെ പ്രാപ്തരാക്കുകയുള്ളു. അതാകട്ടെ സ്നേഹത്തിന്റെ മാർഗ്ഗമാണ്. *ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ* (മത്താ. 5,44) എന്ന് നമ്മെ പഠിപ്പിച്ച അവിടുത്തെ മാർഗ്ഗം മാത്രമേ സ്വർഗ്ഗസൗഭാഗ്യ ത്തിലേക്ക് നമ്മെ കൊണ്ടെത്തിക്കുകയുള്ളു. അങ്ങനെ ഒരു മാർഗ്ഗം അവിടുന്ന് മാത്രമേ പഠിപ്പിച്ചിട്ടുള്ളു. അവിടുന്ന് സ്വന്തം ജീവിത ത്തിലൂടെയാണ് അത് നമ്മെ പഠിപ്പിച്ചത്. മരണശേഷം ഉത്ഥാനം ചെയ്ത് അവിടുത്തെ പിൻചെല്ലുന്നവർക്കും അതു തന്നെ സാധ്യമാകും എന്ന് ഉറപ്പ് നല്കുകയും ചെയ്തു.

ദൈവത്തിന്റെ ഇഷ്ടം മാനിക്കാതെ തെറ്റും ശരിയും തീരുമാനിക്കാനുള്ള അവിടുത്തെ അധികാരം കവർന്നെടുത്ത ആദവും ഹവ്വായും ചെയ്ത പാപത്തിന്റെ തലതകർക്കാൻ ഒരുവൻ വരും എന്ന് ഉല്പ്പത്തി പുസ്തകത്തിൽ നാം വായിക്കുന്നു. അത് ഇപ്രകാരമാണ്: *ദൈവമായ കർത്താവ് സർപ്പത്തോട് പറഞ്ഞു: ഇതു ചെയ്തതുകൊണ്ട്*

*നീ എല്ലാ കന്നുകാലികളുടെയും വന്യമൃഗങ്ങളുടെയും ഇടയിൽ ശപിക്കപ്പെട്ടതായിരിക്കും. നീ മണ്ണിൽ ഇഴഞ്ഞു നടക്കും. ജീവിതകാലം മുഴുവൻ നീ പൊടി തിന്നും. നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാലിൽ പരിക്കേൽപ്പിക്കും* (3,14-15). ഈ പുത്രന് ജനിക്കാൻ ഒരു ജനതയെ, ഇസ്രായേലിനെ ദൈവം ഒരുക്കികൊണ്ട് വന്നു. തന്റെ പരിശീലന പ്രക്രിയയോട് സഹകരിക്കാതെ സ്വന്തം ഇഷ്ടപ്രകാരം ജീവിച്ച ആ ജനതയോട് കാലാകാലങ്ങളിൽ തന്റെ പ്രവാചകന്മാരെയും അവസാനം സ്വന്തം പുത്രനെത്തയെും അയച്ച് അവരുടെ അനുസരണക്കേടിന്റെ പ്രത്യാഘാതത്തെപ്പറ്റി മുന്നറിയിപ്പ് നല്കി. പക്ഷേ അവരിൽ വളരെ കുറച്ചുപേർ മാത്രമേ സഹകരിച്ചുള്ളു. അവരെക്കുറിച്ച് വചനം പറയുന്നു: *അവൻ സ്വജനത്തിന്റെ അടുക്കലേക്ക് വന്നു; എന്നാൽ അവർ അവനെ സ്വീകരിച്ചില്ല. തന്നെ സ്വീകരിച്ചവർക്കെല്ലാം തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നൽകി* (യോഹ. 1, 11-12).

അവർ സ്വീകരിച്ചില്ലെങ്കിലും ഇസ്രായേലിൽപ്പെടാത്ത കോടാനുകോടി ജനങ്ങൾ അവന്റെ ക്ഷണം സ്വീകരിച്ചു. എന്നാൽ അത് അവന്റെ പീഢാസഹനത്തിനും കുരിശുമരണത്തിനും ഉയിർപ്പിനും ശേഷമാണെന്ന് മാത്രം. അവിടുന്ന് തന്നെ അത് മുൻകൂട്ടി പറഞ്ഞിട്ടുണ്ടായിരുന്നു. അത് ഇപ്രകാരമാണ്: *ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരേയും എന്നിലേക്കാകർഷിക്കും* (യോഹ. 12, 32). സ്വന്തം ഇഷ്ടത്താലാണ് അവരെല്ലാം അവനിലേക്ക് ആകർഷിക്കപ്പെട്ടത്. അവന്റെ ജനനം കണ്ടിട്ടല്ല, പ്രത്യുത, അവൻ സ്വീകരിച്ച മാർഗ്ഗവും അതിന്റെ അനന്തരഫലവും കണ്ടിട്ടാണ് അവരങ്ങനെ ആകർഷിക്കപ്പെട്ടത്. അതായത് ക്രിസ്തുമസ്സ് സന്തോഷകരമായ അവസരമാണെങ്കിലും അതല്ല നമ്മെ ക്രിസ്തുവിലേക്ക് ആകർഷിക്കുന്ന ഘടകം. പ്രത്യുത അന്ന് ജനിച്ചവന്റെ ജീവിതശൈലിയാണ്.

അവിടുത്തെ ജനനം ആഘോഷിക്കാൻ തയ്യാറെടുക്കുന്ന നമ്മൾ അവിടുത്തെ മൗതിക ശരീരമാണ്. വി. പൗലോസ് പറയുന്നു: *ശരീരം ഒന്നാണെങ്കിലും അതിൽ പല അവയവങ്ങൾ ഉണ്ട്. അവയവങ്ങൾ പലതെങ്കിലും അവയെല്ലാം ചേർന്ന് ഏകശരീരമായിരിക്കുന്നു. അതുപോലെയാണ് ക്രിസ്തുവും* (1 കോറി. 12,12). *നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവ*

*ങ്ങളുമാണ്* (1 കോറി. 12, 27). ഈ ശരീരത്തിന്റെ ശിരസ്സ് ക്രിസ്തുവാണ്. *അവൻ സഭയാകുന്ന ശരീരത്തിന്റെ ശിരസ്സാണ്* (കൊളോ. 1,18). അതായത് ഈ ശരീരത്തിലെ അവയവങ്ങൾ പ്രവർത്തിക്കേണ്ടത് ശിരസ്സായ ക്രിസ്തുവിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രമാണ്. അപ്പോഴെ ഈ ശരീരത്തിന്റെ ദൗത്യം നിർവ്വഹിക്കപ്പെടുന്നുള്ളു.

അവിടുത്തെ നിർദ്ദേശങ്ങളുടെ കാതൽ വളരെ ചുരുക്കി വി.യോഹന്നാൻ നമുക്ക് പറഞ്ഞു തരുന്നത് ഇപ്രകാരമാണ്: *ഞാൻ എന്റെ പിതാവിന്റെ കൽപനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ, നിങ്ങൾ എന്റെ കൽപനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനില്ക്കും* (യോഹ. 15, 10). കർത്താവ് തന്റെ പിതാവിന്റെ കൽപനകൾ പാലിച്ചത് എപ്രകാരം എന്ന് വി. പൗലോസ് ശ്ലീഹാ നമ്മോട് പറയുന്നുണ്ട്: *ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണം വരെ–അതെ കുരിശുമരണം വരെ–അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ, ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു* (ഫിലി. 2, 6-9). *ഈശോ തന്നെ പറഞ്ഞു: സ്നേഹിതർക്ക് വേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ല* (യോഹ. 15, 13).

ഇതൊക്കെ പറയുമ്പോഴും അവിടുത്തേക്കും അനുസരണക്കേട് കാണിക്കാൻ പ്രലോഭനമുണ്ടായി എന്ന് നമുക്കറിയാം. എങ്കിലും ദൈവിക പദ്ധതിയ്ക്ക് പൂർണ്ണമായി കീഴടങ്ങുക എന്നതായിരുന്നു അവിടുത്തെ മാർഗ്ഗം. ഗത്സേമനിയിൽ വച്ച് അവിടുന്ന് ആത്മഗതം ചെയ്യുന്നുണ്ട്. *എന്റെ പിതാവേ, സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകന്നു പോകട്ടെ. എങ്കിലും എന്റെ ഹിതം പോലെയല്ല; അവിടുത്തെ ഹിതം പോലെയാകട്ടെ* (മത്താ. 26, 39). പിതാവിന്റെ ഹിതം നിറവേറ്റുന്നതിന്റെ ആദ്യപടിയാണ് ക്രിസ്തുമസ്സ്. അതായത് ദൈവത്വംപോലും വേണ്ടെന്ന് വച്ച് മനുഷ്യനാകുക. അവിടുത്തെ ശരീരത്തിലെ അവയവങ്ങളായ നമുക്കും ചെയ്യാനുള്ളത് ഇതു തന്നെയാണ്. അന്ത്യത്താഴവേളയിലെ കാലുകഴുകലിലൂടെ അവിടുന്ന് തരുന്ന മാതൃക മറ്റൊന്നല്ല.

നോമ്പുകാലം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ഇത്തരം ഒരു മനോഭാവം നമ്മളിൽ രൂപപ്പെടാനുള്ള പരിശീലനം എന്ന നിലയ്ക്കാണ്.

കർത്താവിന്റെ നാൽപത് ദിവസത്തെ ഉപവാസം അവിടുത്തെ പ്രവർത്തനത്തിനുള്ള ഒരുക്കമായിരുന്നു. ഉണ്ണിയീശോയെ സ്വീകരിക്കുക എന്ന് പറയുന്നതുകൊണ്ട് വിവക്ഷിക്കുന്നതും മറ്റൊന്നല്ല. അവിടുത്തെ സ്വീകരിക്കുക എന്നാൽ അവിടുത്തെ മനോഭാവം സ്വീകരിക്കുക എന്നാണർത്ഥം. അതിന് നോമ്പിലൂടെയും ഉപവാസത്തിലൂടെയും ആത്മാർത്ഥമായ പ്രാർത്ഥനയിലൂടെയും എല്ലാം നമ്മുടെ മനസ്സിനെ ഒരുക്കിയേ മതിയാവൂ. ഒരു ശിശുമനസ്സ് നമുക്കുണ്ടാകണം. പിള്ള മനസ്സിൽ കള്ളമില്ല എന്ന് മുതിർന്നവർ പറയുന്നത് നമ്മൾ കേട്ടിട്ടുണ്ടാകുമല്ലോ. അതു തന്നെയാണ് ഇവിടുത്തെയും വിവക്ഷ.

പക്ഷേ അത് മാത്രമല്ല വി. പൗലോസ് പറയുന്നതുപോലെ അവിടുത്തെ മനോഭാവം നമുക്കുണ്ടാകണം. അതിൽ എന്തെല്ലാം ഘടകങ്ങൾ അടങ്ങിയിരിക്കുന്നു എന്ന് വി. പൗലോസ് വിവരിക്കുന്നത് ഇപ്രകാരമാണ്: *ആകയാൽ ക്രിസ്തുവിൽ എന്തെങ്കിലും ആശ്വാസമോ സ്നേഹത്തിൽ നിന്നുള്ള സാന്ത്വനമോ ആത്മാവിലുള്ള കൂട്ടായ്മയോ എന്തെങ്കിലും കാരുണ്യമോ അനുകമ്പയോ ഉണ്ടെങ്കിൽ നിങ്ങൾ ഒരേ കാര്യങ്ങൾ ചിന്തിച്ചുകൊണ്ട്, ഒരേ സ്നേഹത്തിൽ വർത്തിച്ച്, ഒരേ ആത്മാവും ഒരേ അഭിപ്രായവും ഉള്ളവരായി എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ. മാത്സര്യമോ വ്യർത്ഥാഭിമാനമോ മൂലം നിങ്ങൾ ഒന്നും ചെയ്യരുത്. മറിച്ച്, ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം. ഓരോരുത്തരും സ്വന്തം താത്പര്യം മാത്രം നോക്കിയാൽ പോരാ; മറിച്ച് മറ്റുള്ളവരുടെ താത്പര്യവും പരിഗണിക്കണം. യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങൾക്കും ഉണ്ടായിരിക്കട്ടെ* (ഫിലി. 2, 1-5).

ഇരുപത്തഞ്ച് നോമ്പിന്റെ അവസാനം നമ്മൾ ഉണ്ണിയേശുവിനെ സ്വീകരിക്കുമ്പോഴേക്കും അവിടുത്തെ മനോഭാവം നമുക്കും ഉണ്ടാകേണ്ടതാണ്. അതായിരിക്കും ഉണ്ണിയേശുവിന് കൊടുക്കാൻ പറ്റിയ ഏറ്റവും നല്ല സമ്മാനം. അതിലേക്ക് നയിക്കുന്നതാകണം ദിവസേനയുള്ള വിശുദ്ധ കുർബ്ബാനയിലുള്ള ഭാഗഭാഗിത്വവും, ഭക്ഷണത്തിലുള്ള നിയന്ത്രണവും, പാപരഹിതമായ ജീവിതം നയിക്കാനുള്ള നമ്മുടെ പരിശ്രമങ്ങളും എല്ലാം. നമ്മുടെ വാക്കുകളിലൂടെയും പ്രതികരണങ്ങളിലൂടെയും പ്രവർത്തികളിലൂടെയും പുറത്ത് വരുന്നത് നമ്മുടെ മനോഭാവങ്ങളാണ്. ഈശോ നമ്മെ ഓർമ്മപ്പെടുത്തുന്നു: *ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത്* (മത്താ. 12, 34). സംസാരിക്കാൻ പഠിക്കുന്ന ഒരു കുഞ്ഞിന്റെ വായിൽ നിന്ന് ഒരിക്കലും തിന്മ പുറപ്പെടുകയില്ല. എന്നാൽ

സാവധാനം ആ കുഞ്ഞും മുതിർന്നവരുടെ തിന്മ നിറഞ്ഞ സംസാരവും പ്രവൃത്തിയും കേട്ടും കണ്ടും തന്റെ ഹൃദയത്തിലും അവയെക്കൊണ്ട് നിറക്കുകയും അവയുടെ അടിസ്ഥാനത്തിൽ പറയാനും പ്രവർത്തിക്കാനും തുടങ്ങുകയും ചെയ്യുന്നു. ഈ ക്രിസ്തുമസ്സ് കാലത്തും തുടർന്നും മുതിർന്നവർ മറ്റുള്ളവർക്ക്, പ്രത്യേകിച്ച് കുട്ടികൾക്ക്, ഒരിക്കലും വാക്കാലോ പ്രവൃത്തിയാലോ പ്രതികരണത്താലോ മനോഭാവത്താലോ ദുർമാതൃക കൊടുക്കുകയില്ല എന്ന് പ്രതിജ്ഞയെടുക്കണം. അതായിരിക്കട്ടെ ഏറ്റവും വലിയ മാംസ വർജ്ജനവും പരിത്യാഗ പ്രവൃത്തിയും. അങ്ങനെ നമുക്ക് ക്രിസ്തുമസ്സ് അഘോഷിക്കാൻ ഒരുങ്ങാം.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ. ഏവർക്കും ഫലദായകമായ നോമ്പുകാലവും, സന്തോഷപ്രദമായ ക്രിസ്തുമസ്സും സമൃദ്ധിയും ദൈവാനുഗ്രഹവും നിറഞ്ഞ പുതുവത്സരവും ആശംസിക്കുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2018 നവംബർ മാസം 20 ന് നല്കപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- **ഈ ഇടയലേഖനം ഡിസംബർ മാസം 09 ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസസമൂഹത്തെ പങ്കെടുപ്പിച്ചു കൊണ്ട് വി. കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 08/2018***
***Prot. No. 21434/2018***

**മാനന്തവാടി രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികരുടെയും സമർപ്പിതരുടെയും ഇടവകകളിലെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാ സഹോദരങ്ങളുടെയും സവിശേഷ ശ്രദ്ധയ്ക്ക്**

കർത്താവിൽ ഏറ്റവും പ്രിയ ബഹുമാനപ്പെട്ട സഹോദരങ്ങളേ,

2017 ഫെബ്രുവരി മാസത്തിലും 2018 ഏപ്രിൽ മാസത്തിലുമായി രണ്ട് സർക്കുലറുകൾ നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സാമ്പത്തിക ഇടപാടുകൾ നിയമാനുസൃതം നടത്തേണ്ടതിന്റെ ആവശ്യകതയെയും അതിനായി അവലംബിക്കേണ്ട രീതികളെയും പരാമർശിച്ചുകൊണ്ട് ഞാൻ എഴുതിയത് നിങ്ങൾ ഓർമ്മിക്കുമല്ലോ. അതിനു ശേഷം 2018 ഏപ്രിൽ മുതൽ നമ്മുടെ രൂപതയിൽ നടപ്പാക്കിയിരിക്കുന്ന ഓൺലൈൻ അക്കൗണ്ടിംഗ് സിസ്റ്റത്തെപ്പറ്റിയും എഴുതിയിരുന്നു. പല വേദികളിൽ ഇക്കാര്യങ്ങൾ ഞാൻ വളരെ വിശദമായി തന്നെ പറഞ്ഞിട്ടുമുണ്ട്. അവയെപ്പറ്റി ഏതാനും കാര്യങ്ങൾകൂടി നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ അക്കാര്യങ്ങൾ വേണ്ടവിധം മനസ്സിലാക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുമല്ലോ.

സഭയുടെ ലക്ഷ്യം സുവിശേഷ പ്രഘോഷണമാണ് എന്ന് നിങ്ങൾക്കറിയാം. സുവിശേഷ പ്രഘോഷണം എന്നാൽ ദൈവത്തിന്റെ രാജ്യം അഥവാ അവിടുത്തെ ഇഷ്ടം ഭൂമിയിൽ സംസ്ഥാപിതമാക്കാനുള്ള മാർഗ്ഗം ജനങ്ങളെ പഠിപ്പിക്കുക എന്നതാണല്ലോ. അതിലൂടെ ഈ ഭൂമി തന്നെ സ്വർഗ്ഗത്തിന്റെ അനുഭവം തരുന്ന ഒരിടമായി മാറണം. കളളവും കൊള്ളയും കൈക്കൂലിയും കോഴയും അഴിമതിയും ചതിയും നിയമലംഘനവും അതുപോലെയുള്ള തിന്മകൾ ഒന്നും ഇല്ലാത്ത അവസ്ഥയാണ് അതെന്നും നമുക്കറിയാം. ദൈവരാജ്യം ഭൂമിയിൽ സംജാതമാക്കാൻ ക്രിസ്ത്യാനികൾക്ക് സവിശേഷ കടപ്പാടുണ്ട്. അത

ല്ലെങ്കിൽ അർത്ഥം ചോർന്ന വസ്തുവായി കുരിശും അപ്രസക്തമായ തത്വമായി കർത്താവിന്റെ സുവിശേഷവും മാറും. ക്രിസ്ത്യാനികൾ കേവലം സ്വന്തം കാര്യം നേടിയെടുക്കാനുള്ള ഒരു സമുദായ മതശക്തിയായോ സാമ്പത്തിക സമ്മർദ്ദ ഗ്രൂപ്പായോ പ്രവർത്തിക്കേണ്ട വരല്ല. നമ്മൾ ലോകത്തിന്റെ പുളിമാവും വെളിച്ചവും ഉപ്പും പ്രചോദനവും മാതൃകയും എല്ലാം ആകേണ്ടവരാണ്. ഈ അർത്ഥത്തിൽ ക്രിസ്ത്യാനികൾ മറ്റുള്ളവർക്ക് മാതൃക കൊടുക്കുന്ന ഏറ്റവും നല്ല പൗരന്മാർ ആയിരിക്കണം. രാജ്യത്തെ നിയമങ്ങൾ കൃത്യമായി അനുസരിക്കുന്നവരും രാജ്യനന്മക്കായി പ്രവർത്തിക്കുന്നവരും ആണല്ലോ നല്ല പൗരന്മാർ. അതോടൊപ്പം നമ്മുടെ ധാർമ്മിക നിലപാടു കളിൽ നമ്മൾ വെള്ളം ചേർക്കാതെ ജീവിക്കുകയും വേണം.

നല്ല പൗരന്മാർ രാജ്യനിയമങ്ങൾ കൃത്യമായി പാലിക്കുന്നവരാണ് എന്ന് സൂചിപ്പിച്ചല്ലോ. നിയമങ്ങളുടെ കാര്യത്തിൽ സാമ്പത്തികനിയമ ങ്ങൾക്ക് ഒട്ടും ചെറുതല്ലാത്ത പ്രാധാന്യമുണ്ട്. നമ്മുടെ രാജ്യം ഇന്നത്തെ നിലയിൽ ദരിദ്രമായി തുടരുന്നതിന് പൗരന്മാരുടെ ഈ മേഖലയിലുള്ള സ്വാർത്ഥതയും ആത്മാർത്ഥതയില്ലായ്മയും സത്യസന്ധതയില്ലാ യ്മയും വലിയൊരളവുവരെ കാരണമാകുന്നുണ്ട്. നമ്മുടെ ഇടയിൽ നിന്ന് തന്നെയാണല്ലോ നമ്മുടെ പ്രതിനിധികൾ തെരഞ്ഞെടുക്ക പ്പെടുന്നതും. അപ്പോൾ അവരുടെ ഇടയിലും അത്തരം തിന്മകൾ പിടിമുറുക്കുന്നത് സ്വാഭാവികം മാത്രം. അതിന്റെ ദുർഫലം രാജ്യത്തെ ജനങ്ങൾ മുഴുവൻ അനുഭവിക്കേണ്ടി വരുകയും ചെയ്യും. സാധാരണ ക്കാരന് ജീവിതം ദുർവ്വഹമായി തീരുന്ന തരത്തിൽ സാധനങ്ങളുടെ വില വർദ്ധിക്കുന്നതിന്റെയും കയറിക്കിടക്കാൻ വീട് നിർമ്മിക്കാനായി രണ്ടോ മൂന്നോ സെന്റ് ഭൂമി വാങ്ങാൻ പറ്റാത്തതിന്റെയും ഒരു പ്രധാന കാരണം കൈക്കൂലിയും കോഴയും നികുതിവെട്ടിപ്പും വഴിയായി ആളുകളുടെ കൈകളിൽ എത്തുന്ന കണക്കിൽപെടാത്ത പണമാണെന്ന് അധികമാർക്കും അറിയില്ല. മാത്രമല്ല ക്രിസ്ത്യാനികളും അങ്ങനെയെല്ലാം ചെയ്യുന്നതുവഴി സുവിശേഷത്തിന്റെ അർത്ഥം ചോർത്തിക്കളയുകയും ചെയ്യുന്നു. നമ്മുടെ വ്യക്തിജീവിതങ്ങളിലും ഇടവകകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങളിലും ഇത്തരം അനാശാസ്യപ്രവണതകൾ കടന്നു കൂടിയിട്ടുണ്ടെങ്കിൽ അവയെ നാം ഇല്ലായ്മ ചെയ്യേണ്ടത് സുവിശേഷത്തിന്റെ വിശ്വാസ്യത നിലനിർത്താൻ അത്യന്താ പേക്ഷിതമാണ്. നമ്മുടെ സാമ്പത്തിക ഇടപാടുകൾ എല്ലാം സർക്കാർ

നിയമങ്ങൾക്ക് വിധേയമായി മാത്രം നടത്തുകയും സുതാര്യമാക്കുകയും ചെയ്യണം.

നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സംഘടനകളിലും സാമ്പത്തിക ഇടപാടുകൾ നിയമാനുസൃതം നടത്തപ്പെടുന്നു എന്ന് ഉറപ്പാക്കാനായിട്ടാണ് കണക്കുകൾ ഓൺലൈൻ ആക്കണമെന്ന് നിർദ്ദേശിച്ചിരുന്നതും അതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കിയതും. ഇതുവരെ 80 ഇടവകകളിലും 16 സ്ഥാപനങ്ങളിലും സംഘടനകളിലും കണക്കുകൾ ഈ രീതിയിൽ തന്നെയാണ് സൂക്ഷിക്കുന്നത് എന്ന് നിങ്ങളെ അറിയിക്കാൻ എനിക്ക് ഏറെ സന്തോഷമുണ്ട്. ഇക്കാര്യത്തിൽ എന്നോട് സഹകരിച്ച എല്ലാവർക്കും, പ്രത്യേകിച്ച് ബഹുമാനപ്പെട്ട വൈദികസഹോദരന്മാർക്ക്, ഞാൻ ഹൃദയപൂർവം നന്ദി പറയുന്നു. നിങ്ങളുടെ മാതൃക ഇനിയും തുടങ്ങാത്തവർക്ക് മാർഗ്ഗദർശനവും പ്രചോദനവുമാകട്ടെ എന്ന് ആശംസിക്കുന്നു.

എന്തുചെയ്യണം, എങ്ങനെ ചെയ്യണം എന്നറിയാതെ വിഷമിക്കുന്നവർക്ക് ഇപ്പോൾ ഈ സിസ്റ്റത്തിൽ കണക്കുകൾ സൂക്ഷിക്കുന്നവർ ഒരു കൈ സഹായം കൊടുക്കണം എന്നും അഭ്യർത്ഥിക്കുന്നു. ഏതായാലും ഈ സാമ്പത്തികവർഷം അവസാനിക്കുമ്പോഴേയ്ക്കും എല്ലാവരും ഇതിലേക്ക് മാറണം എന്ന് ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നു. കാരണം കടലാസിൽ എഴുതിയ തെരട്ടുകൾ ഇനി സ്വീകരിക്കുന്നതല്ല. ഇക്കാര്യം നമ്മുടെ ഓഡിറ്റർമാരും വളരെ നിർബന്ധപൂർവ്വം പറഞ്ഞിട്ടുണ്ട്.

രൂപതയിൽ ഏതെങ്കിലും തസ്തികയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികർക്കും സമർപ്പിത സമൂഹങ്ങളിൽ നിന്നുള്ളവർ ഉൾപ്പെടെ പാൻ കാർഡ് നിർബന്ധമായും ഉണ്ടായിരിക്കണം. അതുപോലെ സ്വതന്ത്രമായി കണക്കുകൾ സൂക്ഷിക്കുന്നതും ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കുന്നതും ആദായനികുതി റിട്ടേൺ സമർപ്പിക്കാൻ ബാധ്യതയുള്ളതുമായ എല്ലാ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും പാൻ കാർഡ് ഉണ്ടായിരിക്കണം. കാരണം ആദായനികുതി റിട്ടേൺ സമർപ്പിക്കുമ്പോൾ സ്ഥാപനത്തിന്റെയും സ്ഥാപനമേധാവിയുടേയും പാൻ നമ്പറുകൾ കൊടുക്കേണ്ടതുണ്ട്.

നമ്മുടെ എല്ലാ ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും രജിസ്റ്റർ ചെയ്ത അല്ലെങ്കിൽ ചെയ്യാത്ത ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയ നയ്യാമിക വ്യക്തികളാണ്. അവ ജീവകാരുണ്യപ്രവൃത്തികൾക്ക് അല്ലെങ്കിൽ മതാവശ്യങ്ങൾക്കുള്ളവയുമാണ്. അതുകൊണ്ട്

അവയെ ആദായനികുതി കൊടുക്കുന്നതിൽ നിന്ന് ചില വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. ആ വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്:

ഒന്നാമത്തെ വ്യവസ്ഥ അതിനുള്ള അനുവാദം ആദായ നികുതി ഓഫീസിൽ നിന്ന് വാങ്ങിയിരിക്കണം എന്നതാണ്. ആദായനികുതി നിയമത്തിന്റെ 12 എ വകുപ്പുപ്രകാരമാണ് ഈ ഇളവ് അനുവദിക്കുന്നത്. അതുകൊണ്ട് ആദായനികുതി ഇളവ് നൽകിക്കൊണ്ടുള്ള അനുവാദത്തെ 12 എ സർട്ടിഫിക്കറ്റ് എന്ന് വിളിക്കുന്നു. ഈ സർട്ടിഫിക്കറ്റില്ലാത്ത ഒരു സ്ഥാപനത്തിനും ആദായനികുതി ഇളവ് ലഭിക്കുകയില്ല. അതിനർത്ഥം വർഷാവസാനം ആ സ്ഥാപനത്തിൽ ഉണ്ടായ വരവിന്റെ അടിസ്ഥാനത്തിൽ നികുതി കൊടുക്കേണ്ടിവരും എന്നതാണ്. നിർമ്മാണ പ്രവർത്തികളും മറ്റും നടത്തുന്ന ഇടവകകൾക്ക് 12 എ സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ കൊടുക്കേണ്ടി വരുന്ന നികുതി എത്രമാത്രം വലുതായിരിക്കും എന്ന് ഊഹിക്കാവുന്നതാണ്. ഇല്ലാത്ത സ്ഥാപനങ്ങൾ എത്രയും പെട്ടെന്ന് 12 എ സർട്ടിഫിക്കറ്റ് എടുക്കേണ്ട താണ്.

ചില ഇടവകകൾ അവയുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ, പ്രത്യേകിച്ച് 12 എ സർട്ടിഫിക്കറ്റ് ഇല്ലാത്ത വിദ്യാഭ്യാസ സ്ഥാപന ങ്ങളുടെ കണക്കുകൾ ഇടവകയുടെ കണക്കിൽപെടുത്തി രൂപതാകേന്ദ്ര ത്തിൽ തരാതിരിക്കുന്നുണ്ട്. അത് നിയമാനുസൃതമല്ല. ഒന്നുകിൽ അവയെ സ്വതന്ത്ര സ്ഥാപനങ്ങളാക്കി രജിസ്റ്റർ ചെയ്ത് ആവശ്യമായ രേഖകൾ സർക്കാരിൽ നിന്ന് വാങ്ങി കണക്കുകൾ ഓഡിറ്റ് ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയോ അല്ലെങ്കിൽ ഇടവകയുടെ കണക്കിൽ ചേർത്ത് അംഗീകാരത്തിനായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയോ ചെയ്യേണ്ടതാണ്. അതുപോലെ വർഷാവസാനം രണ്ടും കൂടി ഒരുമിച്ച് ഓഡിറ്റ് ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയും വേണം. മറിച്ച് ചെയ്യുന്നതിലൂടെ വരുന്ന കഷ്ടനഷ്ടങ്ങൾക്ക് രൂപതാകേന്ദ്രം ഉത്തരവാദിയാകുന്നതല്ല എന്ന് ഓർമ്മപ്പെടുത്തട്ടെ.

രണ്ടാമത്തെ വ്യവസ്ഥ ഓരോ സ്ഥാപനവും അതിന്റെ ഓരോ വർഷവും ഉള്ള വരവിന്റെ 85% തുക അതാത് വർഷം തന്നെ ചെലവാക്കിയിരിക്കണം എന്നതാണ്. അതായത് ആകെ വരവിന്റെ 15% ത്തിൽ അധികം തുക തുടർന്നുള്ള സാമ്പത്തികവർഷം തുടങ്ങുമ്പോൾ ഉണ്ടാകാൻ പാടില്ല. ഇത്തരം സ്ഥാപനങ്ങളുടെ വരവിൽ നിന്ന് വ്യക്തികൾക്കോ മറ്റ് സ്ഥാപനങ്ങൾക്കോ കടം കൊടുക്കാൻ

പാടുള്ളതല്ല. അങ്ങനെ കൊടുത്താൽ അതും മിച്ചം വയ്ക്കാവുന്ന 15% ത്തിൽപെടുത്തും. 15% ആണെങ്കിലും അതും വലിയ തുകകൾ ആകാൻ പാടില്ല. കാരണം അപ്പോൾ അത് ലാഭമായി കണക്കാക്കും. ആദായ നികുതി ഇളവുള്ള ട്രസ്റ്റുകളും സൊസൈറ്റികളും ഒന്നും ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ആകാൻപാടില്ല. ഇത്തരം സൊസൈറ്റികളിൽ നിന്നും ട്രസ്റ്റുകളിൽ നിന്നും സമാനമായവയ്ക്ക് ആസ്തി വികസനഫണ്ടിലേക്ക് സംഭാവന ചെയ്യാനും പാടുള്ളതല്ല. ആ തുകകളെല്ലാം കാഷ് ബാലൻസായി കണക്കാക്കി 15% ത്തിൽപെടുത്തും. അതായത് അതെല്ലാം ഉൾപ്പെടുത്തിയായിരിക്കും 85% വരുമാനം ചെലവാക്കിയ ശേഷമുള്ള സംഖ്യ തീരുമാനിക്കപ്പെടുക.

ഏതെങ്കിലും പ്രത്യേക ആവശ്യത്തിനായി 15% ത്തിൽ അധികം തുക നീക്കി വയ്ക്കണമെങ്കിൽ അക്കാര്യത്തിന് ആദായ നികുതി ഓഫീസിൽ പ്രത്യേകം ഫോറത്തിൽ അപേക്ഷ കൊടുത്ത് മുൻകൂർ അനുവാദം വാങ്ങിയിരിക്കണം. അപ്രകാരം കൂടുതൽ വയ്ക്കുന്ന തുക ഏതു കാര്യത്തിനാണോ മിച്ചം വച്ചിരിക്കുന്നത് ആ കാര്യത്തിന് മാത്രമേ ഉപയോഗിക്കാവൂ. തുടർന്ന് വരുന്ന അഞ്ച് കൊല്ലത്തിനുള്ളിൽ അത് ആ ആവശ്യത്തിന് ചെലവഴിച്ചിരിക്കുകയും വേണം. ചെലവഴിക്കാത്ത പക്ഷം ആദായനികുതി കൊടുക്കേണ്ടി വരും.

നമ്മുടെ സ്ഥാപനങ്ങളിൽ ലഭിക്കുന്നതും ചെലവാക്കുന്നതുമായ എല്ലാ തുകകളും കണക്കിൽ ചേർക്കേണ്ടതാണ്. അതായത് കണക്കിൽ പെടാത്ത പണം ഉണ്ടാകുന്നതും ചെലവാകുന്നതും ഒഴിവാക്കണം. എല്ലാ വരവുകൾക്കും ചെലവുകൾക്കും അനുബന്ധ രേഖകളും ഉണ്ടായിരിക്കണം. വിശ്വാസ്യത നിലനിർത്താൻ അതെല്ലാം ആവശ്യമാണ്. നിയമം പാലിക്കുന്നുണ്ട് എന്ന് ഉറപ്പാകാനും ഇടവകയിൽ സമാധാനം നിലനിർത്താനും സംശയങ്ങൾ ഒഴിവാക്കാനും അങ്ങനെ ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. അല്ലാത്ത പക്ഷം അനാവശ്യമായ വിവാദങ്ങളിലേക്കും ആരോപണ പ്രത്യാരോപണങ്ങളിലേക്കും കാര്യങ്ങൾ എത്താനുള്ള സാധ്യത ഏറെയാണ്. മാത്രമല്ല, കണക്കിൽപെടാതെ പണം വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നത് വലിയ അധാർമ്മിക പ്രവൃത്തിയുമാണ്. നന്മ ചെയ്യാനാണെങ്കിലും അധാർമ്മിക വഴികൾ തേടുന്നത് ന്യായീകരിക്കത്തക്കതല്ല. ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നു എന്ന തത്വം നമുക്ക് സ്വീകാര്യമല്ല.

സാധിക്കുന്നിടത്തോളം എല്ലാ വരവും ചെലവും, പ്രത്യേകിച്ച് വലിയ തുകകളുടെ കൈമാറ്റം, ബാങ്കിലൂടെ ആകുന്നതാണ് അഭികാമ്യം.

നിർമ്മാണ പ്രവൃത്തികൾ നടത്തുമ്പോൾ കോൺട്രാക്ടർമാർ സ്വന്തം നിലയിൽ പണം ചെലവാക്കി പണികൾ മുമ്പോട്ട് കൊണ്ടുപോകാറുണ്ട്. പിന്നീട് ഉണ്ടാകുമ്പോഴായിരിക്കും അവർക്ക് പണം കൊടുക്കുന്നത്. അങ്ങനെ വരുന്ന സന്ദർഭങ്ങളിലും ഓരോ മാസവും അവർ ചെയ്ത പണികളുടെ ബില്ല് വാങ്ങുകയും അവർ അതിലുള്ള തുക കടം തന്നതായും അവർക്ക് ബില്ലനുസരിച്ച് കൊടുക്കേണ്ട തുക കൊടുത്തതായും കണക്കിൽ ചേർക്കേണ്ടതാണ്. ഓൺലൈനിൽ ചെയ്യുമ്പോൾ ജേർണൽ (Journal) എന്നൊരു കോളം അത്തരം തുകകളുടെ വിവരം എഴുതാൻ ലഭ്യമാണ്. ഓരോ മാസവും കണക്കുകൾ പ്രതിനിധിയോഗത്തിൽ വായിച്ച് പാസാക്കുമ്പോൾ എത്ര തുക കോൺട്രാക്ടർക്ക് കൊടുത്തു തീർക്കാനുണ്ട് എന്ന കാര്യം കമ്പ്യൂട്ടർ തന്നെ കണക്കു കൂട്ടി ചേർത്ത് കൊള്ളും. അതുപോലെ വർഷാവസാനം ആകെ കൊടുത്തു തീർക്കാനുള്ള തുക എത്രയെന്ന് പെട്ടെന്ന് കണ്ടെത്താനുമാകും. മാസാമാസം എല്ലാ വരവ് ചെലവ് കണക്കുകളും ക്രമപ്രകാരം എഴുതി ബന്ധപ്പെട്ട സമിതികളിൽ പാസാക്കി രൂപതാ കേന്ദ്രത്തിലേക്ക് തെരട്ട് അയയ്ക്കാത്തതുമൂലം വാർഷിക ഓഡിറ്റ് പോലും യഥാസമയം സർക്കാരിലേക്ക് സമർപ്പിക്കാൻ പറ്റാത്ത സംഭവങ്ങളുണ്ട്. അവ ഇനിയും ആവർത്തിക്കപ്പെടാതിരിക്കട്ടെ. മാത്രമല്ല ഇടവകയിൽ ഗൗരവതരമായ ഇടർച്ചയ്ക്കും ഒരിക്കലും തീർക്കാൻ പറ്റാത്ത വിഭാഗീയതക്കും കാരണമാകുകയും ചെയ്യുന്നു.

ഇപ്പോൾ നിലവിലുള്ള സാമ്പത്തിക നിയമങ്ങളനുസരിച്ച് ക്യാഷായി വാങ്ങാവുന്ന തുകയ്ക്ക് പരിധിയുണ്ട്. പലതരം വ്യാഖ്യാനങ്ങൾ ഇക്കാര്യത്തിൽ ലഭ്യമാണങ്കിലും സാധ്യമാകുന്നിടത്തോളം 2000 രൂപയിൽ കൂടുതലുള്ള എല്ലാ തുകകളും ബാങ്കിലൂടെ അല്ലെങ്കിൽ ചെക്കായി കൈമാറ്റം ചെയ്യുന്നതാണ് സുരക്ഷിതം.

ചില നിശ്ചിത വരവുകളുടെ ഒഴികെ ഇടവകകളുടെ വരവിന്റെ 10% വിഹിതം രൂപതാ കേന്ദ്രത്തിലേക്ക് കൊടുക്കണം എന്നത് നമ്മുടെ രൂപതയിലെ നിയമമാണ്. അപ്രകാരം കൃത്യമായി യാതൊരു കുറവും വീഴ്ചയും വരുത്താതെ തരുന്ന ഇടവകകൾ ഉണ്ട് എന്നത് വലിയ ആശ്വാസമാണ്. അവരെ നന്ദിയോടെ ഓർക്കുന്നു. എന്നാൽ പല ഇടവകകളിൽ നിന്നും തരുന്നില്ല എന്നത് ഒരു ദുഃഖസത്യമാണ്. അത് ശരിയായ ഒരു നിലപാടല്ല എന്ന് അറിയാമല്ലൊ. പലരും രൂപതയ്ക്ക് എന്തിനാണ്

പണം എന്നാണ് ചോദിക്കുന്നത്. രൂപതാ കേന്ദ്രത്തിന്റെ നടത്തിപ്പിന് വലിയ തുകകൾ ആവശ്യമാണെങ്കിലും ഇടവകകളിൽ നിന്ന് ലഭിക്കുന്ന 10% വിഹിതം നിർദ്ധനരായ ഇടവകകൾക്ക് കൊടുക്കാൻ മാത്രമാണ് ഉപയോഗിക്കുന്നത്. ചിലരെങ്കിലും 10% തരാതിരിക്കാൻ വരവുകൾ ഇനം മാറ്റി എഴുതുകയോ കുറച്ച് എഴുതുകയോ ഒക്കെ ചെയ്യുന്നതായി മനസ്സിലാക്കുന്നു. അതെല്ലാം വളരെ അധാർമ്മികമായ പ്രവൃത്തികളാണ് എന്ന് പറയേണ്ടതില്ലല്ലൊ. മറ്റുള്ളവർക്ക് അർഹതപ്പെട്ട പണമാണല്ലൊ അത്. ധാർമ്മികത പഠിപ്പിക്കേണ്ട നമ്മൾ തന്നെ അധാർമ്മികമായി ചെയ്യുമ്പോൾ ഭാവി തലമുറയിൽ അതിന്റെ പ്രത്യാഘാതം എന്തായിരിക്കും എന്ന് നമുക്ക് ഊഹിക്കാവുന്നതിലും അപ്പുറമാണ്. രൂപതയ്ക്ക് കൊടുക്കുന്ന കാര്യത്തിൽ കള്ളത്തരം കാണിക്കാമെങ്കിൽ തങ്ങളുടെ സ്വകാര്യജീവിതത്തിൽ തങ്ങൾക്കും അത് തന്നെ ചെയ്യാൻ പാടില്ലേ എന്ന് അവർ ചിന്തിച്ചാൽ അവരെ കുറ്റം പറയാനാകുകയില്ല.

ഇടവകയിൽ എടുക്കുന്ന മറ്റ് പിരിവുകളുടെ കാര്യത്തിലും ഇത് തന്നെ പ്രസക്തമാണ്. ഒരു കാര്യത്തിന് എന്ന് പറഞ്ഞ് എടുത്തിട്ട് മറ്റൊരു കാര്യത്തിന് അത് വിനിയോഗിക്കുന്നത് അധാർമ്മികപ്രവൃത്തി എന്നതിന് പുറമെ സംഭാവന തരുന്നവരോട് ചെയ്യുന്ന അവിശ്വസ്തത യുമാണല്ലോ. ആണ്ടുവട്ടത്തിൽ പലതരത്തിലുള്ള സംഭാവനകൾ ഇടവകകളിൽ നിന്ന് സ്വീകരിക്കാറുണ്ട്. അതെല്ലാം അവ എന്തിനായി ലക്ഷ്യം വച്ചിരിക്കുന്നുവോ അതിനായി അയച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. അതൊന്നും രൂപതാ കേന്ദ്രത്തിന്റേയോ മറ്റേതെങ്കിലും സ്ഥാപനത്തിന്റേയോ ചെലവിന് എടുക്കുന്നില്ല. അത്തരം തുകകൾ ഒട്ടും കുറയാതെ തന്നെ രൂപതാ കേന്ദ്രത്തിലേക്ക് അയച്ചു തരേണ്ടതാണ്. ആണ്ടവസാനം എല്ലാ ഇനത്തിലേക്കും കുറേശ്ശെ കൊണ്ടുവന്ന് അടക്കുന്നതും ആശാസ്യമല്ല. ബാങ്ക് ട്രാൻസ്ഫർ വഴി അയക്കുന്നവർ ട്രാൻസ്ഫർ ചെയ്താൽ ഉടൻതന്നെ ബഹുമാനപ്പെട്ട പ്രൊക്യുറേറ്ററച്ചനെ അല്ലെങ്കിൽ ഓഫീസിൽ സാമ്പത്തിക കണക്കുകൾ കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട സിസ്റ്ററിനെ ഫോൺ മുഖാന്തിരമോ മറ്റേതെങ്കിലും വിധത്തിലോ അക്കാര്യം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക എവിടെ നിന്ന് വന്നു എന്ന് അറിയാൻ കഴിയുകയില്ല, തത്ഫലമായി കണക്കിൽ ചേർക്കാൻ പറ്റാതെ വരുകയും ചെയ്യും.

നമ്മുടെ സ്ഥാപനങ്ങൾ വളരെ സൂക്ഷ്മമായ നിരീക്ഷണത്തിന് വിധേയമാകുന്നുണ്ട് എന്ന വസ്തുത നമ്മൾ മറക്കാതിരിക്കേണ്ടത്

ആവശ്യമാണ്. അവയിൽ സാമ്പത്തിക കാര്യങ്ങളിൽ വരുന്ന ഓരോ വീഴ്ചയും നമ്മുടെ സഭയുടെയും സമൂഹത്തിന്റെയും വീഴ്ചക്കും ആക്കം കൂട്ടും എന്നതും വസ്തുതയാണ്. അതിനാൽ ഇക്കാര്യങ്ങളിൽ നമ്മൾ വളരെ ശ്രദ്ധാപൂർവ്വവും നിയമാനുസൃതവുമായി മന്നോട്ട് നീങ്ങണം എന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുകയും നിങ്ങളുടെ അകമഴിഞ്ഞ സഹകരണം പ്രതീക്ഷിക്കുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2018 നവംബർ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2018 ഡിസംബർ 16 ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസ സമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വി.കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.**